ഉണ്ണിത്തുഞ്ചൻ

സാഹിത്യപഞ്ചാനനൻ

പി. കെ. നാരായണപിള്ള

3303
3303

തുഞ്ചത്തെഴുത്തച്ഛൻ

3303

പ്രസാധകർ :

സാഹിത്യപരിഷത്സഹകരണസംഘം ലിമിറ്റഡ്

THUNCHATHEZHUTHACHAN

BY

P. K. NARAYANA PILLAI

Second Impression January 1958.

RIGHTS RESERVED

PUBLISHERS

Sahithya Parishath C. S. Ltd.


PARISHATH BOOK STALL

Hospital Road, Ernakulam.

Re. 1 · 00

3303

തുഞ്ചത്തെഴുത്തച്ഛൻ



സാഹിത്യപഞ്ചാനനൻ
പി. കെ. നാരായണപിള്ള

പരിഷത് ബുക്കു് സ്റ്റാൾ
ഹോസ്പിറ്റൽ റോഡ്, എറണാകുളം.

വില 1ക.

PREFACE

These lectures were delivered by me originally at the instance of the University of Madras, in the Madras Christian College Hall, towards the close of Kumbhom 1105. The convenience commanded by one addressing an audience, to elucidate what proves too terse to those who listen, being out of one's reach in print, a few elucidative modifications were made here and there in the lectures in their original shape before the manuscript was made ready for the press. While so, I received a kind invitation from Mr. S. K. Subramonia Aiyer, Principal of the Ernakulam College, supported by a recommendation by my friend Mr. T. K. Krishna Menon, to deliver the Chathu Panickkar Memorial Lectures for this year in the Ernakulam College. Accordingly these lectures were redelivered at Ernakulam in Kanni this year, with the slight modifications referred to above. They are now published as they were delivered at Ernakulam.

It is said that we are so much cumbered about with the ever-growing pile of contemporary literature that we seldom find time to make or renew acquaintance with old masters of the pen. The reason of the likely neglect of the old masters, according to one view, is that unless we are introduced to them by men of our own time, we may not recognize them. Every age requires the past to be interpreted to it in terms of its own ideas. In

the interests of the continuity of letters no great author of the past should sink into a mere *magni nominis umbra* (the shadow of a great name). No effort should therefore be spared to furbish the reputation of our old authors and to make their influence available as a source of inspiration for the present and future generations. I think, I was at least semi-conscious of a train of ideas like that, when I accepted the offer of the University to deliver these lectures. But the requirement of the University in the direction of research and scholarship deserved prominent consideration. In the case of Ezhuthachan, no ordinary reader would fail to be struck by the diverse phases of his eminence, in language, art, poetry, religion and philosophy, as they turn to view. How far is he original and how far derivative? These and a number of other aspects presented themselves for consideration and had to be dealt with in the course of three lectures, each lasting for an hour and a half at most. Apart from all this, there is much in Ezhuthachan's works, which you feel, but which at the same time defies your powers of expression. Your ear is awake even to his silence. There is nothing like striving after effect which being the characteristic of lesser minds, would have afforded something to bite upon. There is no arrogance or obtrusiveness to antagonize you.

Such being the nature of the subject dealt with and the aims kept in view, I am far from pretending that complete and all-round justice has

been done to it within the limited scope of these lectures. The attempt has been to lay bare the main veins to work the mine, but the veins themselves are far from being worked out But in that attempt, with the utmost reverence to the great master, I have not hesitated to disentangle the lustrous from the opaque ingredients of the ore. I fear I have run counter to accepted notions in this respect, but the demands of critical honesty were too strong to be resisted It is not safe to rest the reputations of an author like Ezhuthachan on false foundations. It is risky and posterity will call us to account for false estimates. There is no dearth of firm foundations for his fame, and in view of such, I fail to see why it should indiscriminately be rested upon insecure bases as well.

In the course of the lectures I have differed from and agreed with other writers on the same subject and had to surrender and defend my previous views on some of the questions discussed. The reasons for all that have been set out in the respective contexts and nothing remains to be added by way of justification. The two outstanding works of Ezhuthachan are undoubtedly Adhyatma Ramayanam and Bharatam. I have placed the latter above the former in literary excellence, not in ignorance of the difference of opinion among literary astronomers as to their relative radiance.

In conclusion my thanks are due to the University and the Chathu Panicker Memorial Com-

mittee for the encouragement given by them and to the Committee particularly for attending to my comfort and convenience during my stay at Ernakulam. I beg also to place on record my loyal and humble gratitude to Her Gracious Highness the Maharani Regent of Travancore for the kind permission accorded for the dedication of this work to Her Highness.

Trivandrum,
20-4-1106 (5-12-1930)

P. K. Narayana Pillai

തുഞ്ചത്തെഴുത്തച്ഛൻ

പ്രഥമഖണ്ഡം

ഭാഷാസാഹിത്യകുലപതിയും സുഗൃഹീതനാമാവും ആയ തുഞ്ചത്തെഴുത്തച്ഛനെപ്പററി ഭാഗികമായും * കപാചിൽകമായും പല നിരൂപണങ്ങളും ചെയ്തിട്ടുണ്ടെങ്കിലും സമഗ്രമായ ഒരു നിരൂപണത്തിനു് എനിക്കു് ഇതേവരെ സംഗതിയായില്ല. മധുരരസപ്രിയനായ ചെറുശ്ശേരിയേയും കടുരസപ്രിയനായ കുഞ്ചൻനമ്പിയാരേയും വൈദുഷ്യകഷായരസികനായ ഉണ്ണായിവാര്യരേയും അധികരിച്ചു ചില ലഘുപ്രബന്ധങ്ങളും രചിച്ചിട്ടുള്ളതുപോലെ എഴുത്തച്ഛനെപ്പററി ഒരു നിരൂപണത്തിനുള്ള കൌതുകം, വ്യാപിയായ വിഷയവൈഷമ്യം വിചാരിച്ചുനോക്കിയതിൽ ഏകകപാലപചുമല്ലെന്നുകണ്ടു് വിദൂരസിദ്ധിയായി കഴിഞ്ഞുവരികയായിരുന്നു. അങ്ങനെയിരിക്കെയാണു് ആത്മമാതാവായ സവ്വകലാശാലയിൽനിന്നു് ഭാഷാവിഷയകമായ ചില പ്രസംഗങ്ങളും ചെയ്യുന്നതിനെ സംബന്ധിച്ചുള്ള അഭ്യുദ്യമം ഉണ്ടായതു്. ഉർല്ലഭമായ ആ കരുണാകടാക്ഷം അംഗീകരിച്ചപ്പോൾ കേരളീയരുടെ ഭാഷയ്ക്കും സാഹിത്യത്തിനും പരമോപകർത്താവായ എഴുത്തച്ഛനല്ലാതെ മറെറാരു പ്രസംഗവിഷയം ദൃഷ്ടിയിൽ സ്ഫുരിച്ചില്ല. പക്ഷേ ഉദ്ദിഷ്ടമായ പ്രസംഗത്തിനു് അവശ്യം ഉണ്ടായിരിക്കേണ്ട

---

* ചില ഭിക്ഷുകളെ സംബന്ധിക്കുന്നതു്. കപാചിൽ എന്നതിൽനിന്നു്.

സാധനസാമഗ്രികളും സമൃദ്ധിയായി സ്വാധീനതയിലില്ലെന്നു വേണ്ടതുപോലെ അറിയാതെയല്ല ഈ സമാരംഭം കൈക്കൊള്ളുന്നതു്. അടുത്ത കാലത്തു് ശ്രീമാൻ ആർ. നാരായണപ്പണിക്കർ, വിദ്വാൻ കരുവാൻതൊടിയിൽ ശങ്കരനെഴുത്തച്ഛൻ മുതൽപേർ എഴുത്തച്ഛനെപ്പറ്റി ഉപചയിച്ചിട്ടുള്ള പ്രകാശസമ്പത്തു് യാവൽ സമ്മതം അവലംബ്യമായിട്ടുണ്ടെന്നുള്ള സംഗതി പ്രസ്താവയോഗ്യമാകുന്നു. ഏതായാലും പ്രസ്തുത കവീശ്വരനെപ്പറ്റിയുള്ള വിചാരപദ്ധതി എത്രയ്ക്കും നൂതനമായിത്തുറക്കപ്പെട്ടിട്ടുണ്ടെന്നുള്ളതു് പരീക്ഷിക്കുന്നതിൽ അപാകമൊന്നുമില്ലല്ലോ.

എഴുത്തച്ഛനെപ്പറ്റി നമുക്കുള്ള അറിവു തുലോം അപൂർണ്ണവും മിക്കവാറും അവതമസമ്പാദിതവും ആണെന്നു് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ നാമധേയംതന്നെ വിവാദവിഷയമാകുന്നു. എഴുത്തച്ഛന്റെ പേർ രാമാനുജൻ എന്നായിരുന്നു എന്നു നാം സാധാരണമായി ഇപ്പോഴും പറഞ്ഞുവരുന്നു. പക്ഷേ പരേതനായ സ്വർഗ്ഗീകായ്ക്കാർ പി. ഗോവിന്ദപ്പിള്ള അവർകളും ഭാഷാചരിത്രം എഴുതിയ ഇടയ്ക്കു് എഴുത്തച്ഛനു് ഒരു നാമധേയം നിർദ്ദേശിക്കുവാൻ വിഷമിച്ചതായും അപ്പോൾ അദ്ദേഹത്തിന്റെ സഹകാരികളായിരുന്ന പണ്ഡിതന്മാർ "രാമാനുജൻ" എന്ന പേർ നിർമ്മിച്ചതായും ചിലർ പറയുന്നു. പ്രസ്തുത നാമനിർമ്മിതിക്കു് ആധാരമായി സ്വീകരിച്ചതു്,

> "അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ
> മൽഗുരുനാഥനനേകാന്തേവാസികളൊട്ടും
> ഉൾക്കരുന്നിങ്കൽ വാഴ്ക രാമനാമാചാര്യനും
> മുഖ്യന്മാരായ ഗുരുഭൂതന്മാർ മറുള്ളോരും"

എന്നു് അദ്ധ്യാത്മരാമായണത്തിൽ കാണുന്നതുകൊണ്ടു് അദ്ദേഹത്തിനു രാമൻ എന്ന പേരായി ഒരു ജ്യേഷ്ഠൻ ഉണ്ടായിരുന്നു എന്നുള്ള വസ്തുതയാകുന്നു. പക്ഷേ പ്രസ്തുത ഭാഗത്തെ അങ്ങനെ വ്യാഖ്യാനിക്കുന്നതിൽ നാരായണപ്പണിക്കർ അവർകളും വിപ്രവ

ടിക്കുന്നു. "രാമനാമാചാര്യൻ" എന്നു മേൽ പറഞ്ഞഭാഗത്തു് പരാമർശിക്കപ്പെട്ടിരിക്കുന്നതു് എഴുത്തച്ഛന്റെ ജ്യേഷ്ഠന്റെ പേരല്ലെന്നും ഏതോ ഒരു ഗുരുവിന്റെ പേരാണെന്നുമാണു് ശ്രീമാൻ പണിക്കരുടെ മതം. എഴുത്തച്ഛന്റെ പേർ രാമനെന്നായിരുന്നു എന്നദ്ദേഹം ഊഹിക്കുന്നു. അതിനു് അദ്ദേഹം ആശ്രയിക്കുന്നതു്,

"രാമഭക്താഢ്യനാകും രാമശിഷ്യനാലിടം
സോമനാം കുണ്ഡപുരാധീശൻ തന്നനുഗ്രഹാൽ"

എന്നു ബ്രഹ്മാണ്ഡപുരാണത്തിന്റെ അവസാനത്തുകൽ കാണുന്ന പാദങ്ങളെയാണു്. ബ്രഹ്മാണ്ഡപുരാണം എഴുത്തച്ഛന്റെ ശിഷ്യനായ കരുണാകരൻ എഴുത്തച്ഛന്റെ കൃതിയാണെന്നാണു് സാധാരണ ധാരണ. കരുണാകരനെഴുത്തച്ഛൻ സ്വയമേ രാമശിഷ്യൻ എന്നുപറയുന്ന സ്ഥിതിക്കു് എഴുത്തച്ഛന്റെ പേർ രാമനെന്നായിരിക്കണമല്ലൊ എന്നു പണിക്കർ അവർകൾ വിചാരിക്കുന്നു. ഈ വാദത്തിൽ പണിക്കർ അവർകളോടു യോജിക്കുവാൻ വഴി കാണുന്നില്ല. "അഗ്രജൻ മമേ"ത്യാദിഭാഗത്തു ദൂരാന്വയദോഷമുണ്ടാകുമെന്നു് മി: പണിക്കർ പറയുന്നതു ഗണ്യമല്ല. എഴുത്തച്ഛന്റെ ജ്യേഷ്ഠൻ അദ്ദേഹത്തിന്റെ ഗുരുവായിരുന്നു എന്നുള്ളതു സ്പഷ്ടമാകുന്നു. ആ ജ്യേഷ്ഠനു വളരെ ശിഷ്യസമ്പത്തുമുണ്ടായിരുന്നു. അങ്ങനെയുള്ള ഒരു മഹാത്മാവിന്റെ നാമധേയം "രാമനാമാചാര്യൻ" എന്ന പ്രയോഗത്തിൽ കവി സ്മരിച്ചതായി വിചാരിക്കുന്നതു കുറേക്കൂടി സമീചീനമായി തോന്നുന്നു. അങ്ങനെയല്ലെങ്കിൽ, അതായതു് "രാമനാമാചാര്യൻ" വെറും അന്യനായിരുന്നെങ്കിൽ, അദ്ദേഹത്തിന്റെ പേർമാത്രം അനേകം ഗുരുഭൂതന്മാരുടെ കൂട്ടത്തിൽനിന്നു വേർതിരിച്ചു് സ്മരിക്കുന്നതിനു തക്കതായ വല്ല കാരണവും ഉണ്ടായിരിക്കേണ്ടിയിരുന്നു. അങ്ങനെ കാരണമൊന്നും കാണുന്നില്ല. ബ്രഹ്മാണ്ഡപുരാണമധികരിച്ചുള്ള വിചാരവും സാധുവാണെന്നു തോന്നുന്നില്ല. ഒന്നാമതായി എഴുത്തച്ഛന്റെ ജ്യേഷ്ഠനായ രാമനെഴുത്തച്ഛനു് അനേകം ശിഷ്യന്മാരുണ്ടായിരുന്നു എന്നു് അദ്ധ്യാത്മരാമായണം വിശദീകരിക്കുന്നു. ബ്രഹ്മാണ്ഡപുരാണം

കരുണാകരൻ എഴുത്തച്ഛന്റെ കൃതിയാണെന്ന നിർവ്വിവാദമാണെങ്കിൽ കരുണാകരൻ എഴുത്തച്ഛൻ രാമനെഴുത്തച്ഛന്റെയും ശിഷ്യനായിരുന്നാൽ "രാമശിഷ്യൻ" എന്ന സ്വയം പറയുന്നതിൽ അനുപപത്തിയൊന്നുമില്ല. പക്ഷേ ബ്രഹ്മണ്ഡപുരാണം സാക്ഷാൽ എഴുത്തച്ഛന്റെ കൃതിതന്നെയല്ലയൊ എന്ന ബലമായി സംശയിക്കത്തക്കതാകുന്നു.

"ധാത്രീദേവേന്ദ്രശ്രേഷ്ഠനാകിയ തപോധനൻ.
നേത്രനാരായണൻതന്നാജ്ഞയാ വിരചിതം"

എന്ന ബ്രഹ്മാണ്ഡപുരാണത്തിൽ കാണുന്നതുകൊണ്ട് നേത്രനാരായണന്റെ, അതായതു ആഴ്വാഞ്ചേരിതമ്പ്രാക്കളുടെ, ആജ്ഞ അനുസരിച്ചാണ് ബ്രഹ്മാണ്ഡപുരാണം രചിക്കപ്പെട്ടതെന്നുള്ളതു സ്പഷ്ടമാകുന്നു. നേത്രനാരായണൻ എന്നുള്ളതു് ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ മാറാപ്പേരാണു്. എഴുത്തച്ഛന്റെ കാലത്തിനു സപ്തപ്പംമുമ്പു ജീവിച്ചിരുന്ന ഉദണ്ഡശാസ്ത്രികൾ,

"ഈശേ യേഷാം സ്തുതിഷു ന ഗുരുഃ കാ കഥാല്പീയസാം നോ
ഭ്രാതർഭ്രയഃ ശ്രുണ പരിമിതം പ്രസ്തുതാദ്യാവശേഷം
താമുത്തീർണ്ണഃ സരിതമമൃതസ്യന്ദിമാകന്ദവൃന്ദാൻ
ദേശാൻ പൂതാൻ പദഗ്രണഗണൈന്നേത്രനാരായണീയൈഃ"

എന്നു വർണ്ണിച്ചുകാണുന്നതുകൊണ്ടു് അക്കാലത്തു് ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ മഹിമാതിശയം അനുമാനിക്കാവുന്നതാണു്. അങ്ങനെ ഒരു മഹാത്മാവു് ബ്രഹ്മാണ്ഡപുരാണ നിർമ്മിതിക്കു് എഴുത്തച്ഛനെപ്പോലെ ഒരു മഹാനോടാവശ്യപ്പെട്ട എന്നു വിചാരിക്കുന്നതു യുക്തമായിരിക്കും. അദ്ധ്യാത്മരാമായണം കിളിപ്പാട്ടും അന്യപ്രേരണനിമിത്തം നിർമ്മിക്കപ്പെട്ടതെന്നാണു് ഐതിഹ്യം. അമ്പലപ്പുഴരാജാവിന്റെ ആവശ്യാനുസരണം അനുഷ്ഠാക്കപ്പെട്ടതായി കൂട്ടിയാട്ട ഗോവിന്ദപ്പണിക്കർ അവർകളും പ്രസാധനം ചെയ്തിട്ടുള്ള അദ്ധ്യാത്മരാമായണം മൂലത്തിന്റെ മുഖവുരയിൽ പറഞ്ഞിട്ടുള്ളതായിട്ടോർക്കുന്നു. അമ്പലപ്പുഴരാജാവു് എന്നുള്ളതു്

ആഴവാഞ്ചേരി തമ്പ്രാക്കൾ എന്ന വേണ്ടതല്ലയോ എന്ന സംശയിക്കുന്നു. നേത്രനാരായണനും ദേവനാരായണനുമുള്ള സംജ്ഞകളും തമ്മിൽ വല്ല കൂഴപ്പവും സംഭവിച്ചിരിക്കുമോ? ആഴവാഞ്ചേരി തമ്പ്രാക്കൾക്ക് അമ്പലപ്പുഴെ ഒരുകാലത്തു ചില സ്ഥാനമാനങ്ങളും ഉണ്ടായിരുന്നു എന്നും കേട്ടുകേൾവി ഉണ്ട്. തന്മൂലം എഴുത്തച്ഛൻ അമ്പലപ്പുഴ രാജാവിന്റെ പരിചയം സമ്പാദിച്ചതായിരിക്കുമോ? അദ്ധ്യാത്മരാമായണത്തിന്റെ ചുവട്ട്, ബ്രഹ്മാണ്ഡപുരാണമാണെന്നു മൂലഗ്രന്ഥത്തിൽനിന്നു സ്പഷ്ടമാകുന്നു. ഭാഷാബ്രഹ്മാണ്ഡപുരാണവും ഒരു കിളിപ്പാട്ടാണ്.

"എന്നെല്ലാം പറഞ്ഞിരുന്നീടിനാനാം കിളിപ്പൈണ്ണും
വന്നിതാനന്ദമതു കേട്ടിരുന്നവക്കെല്ലാം"

എന്ന പ്രഥമപാദാവസാനത്തിലും,

"എല്ലാരും കേൾപ്പിനെന്ന പൈങ്കിളി ചൊന്നാളല്ലോ"

എന്ന എൺപത്തെട്ടാമദ്ധ്യായത്തിന്റെ ഒടുവിലും പറഞ്ഞിരിക്കുന്നതു നോക്കുക.

"നിന്തിരുവടി തിരുവുള്ളത്തിലോരാതെക-
ണ്ടെന്തൊരു വസ്തു ലോകത്തിങ്കലുള്ളതു പോറ്റീ?"

എന്ന് അദ്ധ്യാത്മരാമായണത്തിൽ കാണുന്ന ഈരടി അതുപോലെ ബ്രഹ്മാണ്ഡപുരാണത്തിലും കാണുന്നു. അതുപോലെ താഴെ കാണിക്കുന്ന ഭാഗങ്ങളുടെ സാദൃശ്യം ഉദാഹരണത്തിനുദ്ധരിച്ചുകൊള്ളുന്നു.

1 "ഭഗവൽഭക്തൻ ഭഗീരഥനായ്വന്നു രാജ്യം
പകലില്ലവനുടെ ഗുണങ്ങളം ചൊല്ലാനേതും" ബ്രഹ്മാണ്ഡം
"നകുലോപാഖ്യാനാദി പലതും ചൊല്ലി മുനി
പകലില്ലിനിയിപ്പോളം പറവാനവയെല്ലാം" ഭാരതം

2 "ജയിപ്പൂതാക രാമൻ ജയിപ്പൂതാകയെന്നു
ഭയത്തോടുടനുടൻ ചൊല്ലിനാരെല്ലാവരും" ബ്രഹ്മാണ്ഡം

"ജയിപ്പൂതാക രാമൻ ജയിപ്പൂതാകയെന്നു
ഭയത്തോടമരരും താപസന്മാരും ചൊന്നാർ" അദ്ധ്യാത്മം

3 "ദാരുദാരണേച ഘൃണിവാമംഗാരകാരകൻതാൻ
ദാരുതൻകൊമ്പുകളെ ച്ഛേദിച്ചീടുന്നപോലെ" ബ്രഹ്മാണ്ഡം
"ദാരുമൂലാത്ഥിയാകുമംഗാരകാരകൻറെ
കാരിയം കാട്ടീടരുതേതുമേ നരപതി" ഭാരതം

4 "ആത്മദോഷത്തെക്കാൺകയില്ലല്ലോ ബുധന്മാരും
ആത്മനി പരദോമല്ലമെങ്കിലും കാണും" ബ്രഹ്മാണ്ഡം
"കടുകിൻമണിമാത്രമുള്ളോരു പരദോഷം
ഉടനേ കാണുന്ന നീ നിന്നുടെ ദോഷം പിന്നെ
കണ്ടാലും ഗജമാത്രം കാണുന്നിലേതുമതു
പണ്ഡിതന്മാക്കുപോലുമുള്ളോരു ശീലമത്രെ." ഭാരതം

ഇങ്ങനെ പല ഉദാഹരണങ്ങളും ഉദ്ധരിക്കാം. ഭാരതത്തിൽ മാണ്ഡവ്യോപാഖ്യാനത്തിൽ ഇങ്ങനെ കാണുന്നു:—

"തൊഴുതു നിൽക്കുന്നോരു താപസശ്രേഷ്ഠൻതന്നെ
തൊഴുതുചോദിച്ചിതു നൃപതിഭടന്മാരും
കള്ളന്മാരേതുവഴിപോയതെന്നതു ഞങ്ങളും—
ക്കുള്ളവണ്ണമേയരുൾചെയ്യണമെന്നു ചൊന്നാർ.
താപസൻ സമാധിയിലുറച്ചുനിൽക്കയാലെ
ഭൂപതിഭടന്മാർ ചോദിച്ചതു കേട്ടീലേതും.
ഒന്നുമേ മിണ്ടായ്കയാൽ പിന്നെയുമനേഷിച്ചു
ചെന്നു കള്ളന്മാരെയും പിടിച്ചുകെട്ടീടിനാർ.
അത്ഥവുമെല്ലാമെട്ടത്തവനീശ്വരൻമുമ്പിൽ
ഭൃത്യന്മാർ കൊണ്ടുവച്ചു വൃത്താന്തമൊക്കെച്ചൊന്നാർ."

ഇക്കഥതന്നെ ബ്രഹ്മാണ്ഡപുരാണത്തിൽ പ്രതിപാദിച്ചിരിക്കുന്നതു നോക്കുക.

"ചോരന്മാരിതുവഴിപോയവാറുണ്ടോ കണ്ടു
നേരോടു പറയണമെന്നവർ ചോദിച്ചപ്പോൾ

താപസന്മരിയാടീലേതുമെന്നതുയോർം
ഭൂപതിഭടന്മാരും തിരഞ്ഞുകണ്ടീടിനാർ.
അത്ഥവും കിട്ടീ കള്ളന്മാരെയും പിടികിട്ടി
പൃത്ഥീശൻമുമ്പിൽ കൊണ്ടുചെന്നിതു ഭടന്മാരും."

ഈദൃശങ്ങളായ സാദൃശ്യങ്ങൾകൊണ്ട് എന്റെ വിശ്വാസം ബ്രഹ്മാണ്ഡപുരാണം എഴുത്തച്ഛന്റെ കൃതി എന്നതന്നെയാകുന്നു. അതിലേയ്ക്ക് ഉപോൽബലകങ്ങളായ മറ്റു ന്യായങ്ങളും ഇവിടെ പ്രസ്താവിക്കുന്നില്ല. എന്റെ വിശ്വാസം ശരിയാണെങ്കിൽ.

"രാമഭക്താഢ്യനാകും രാമശിഷ്യനാലിദം
സോമനാം കുണ്ഡപുരാധീശൻതന്നനുഗ്രഹാൽ"

എന്നിടത്തു രാമശിഷ്യൻ എന്നു പറയുന്നതു ജ്യേഷ്ഠന്റെ ഗുരുത്വത്തെ പുരസ്കരിച്ചാണെന്നു നിഷ്പ്രയാസം വന്നുകൂടുന്നു. കുണ്ഡപുരം എന്നതു് തൃക്കണ്ടിയൂർ ആണു്. രാമഭക്താഢ്യൻ എന്നതു് ബഹുധാ യോജിക്കുന്നു. ഒന്നാമതു് ശ്രീരാമഭക്തി, രണ്ടാമതു് ബ്രഹ്മാണ്ഡപുരാണനായകനായ പരശുരാമനെപ്പറ്റിയുള്ള ഭക്തി, മൂന്നാമതു് ഗുരുവായ രാമനാമാചാര്യനെപ്പറ്റിയുള്ള ഭക്തി. ഇങ്ങനെ പലവിധത്തിൽ അതു ഘടിക്കുന്നു. അതുകൊണ്ടു് എഴുത്തച്ഛന്റെ ജ്യേഷ്ഠന്റെ പേർ രാമൻ എന്നായിരുന്നു എന്നു സ്ഥാപ്യമാകുന്നു. തന്നിമിത്തം എഴുത്തച്ഛന്റെ പേർ രാമനെന്നല്ലെന്നും വന്നുകൂടുന്നു.

രാമാനുജൻ എന്നാണു് എഴുത്തച്ഛന്റെ നാമധേയമെന്നു സിദ്ധേവൽകരിച്ചുകൊണ്ടു് അതിനു് ഉപപത്തിയുണ്ടാക്കുവാൻ വിദ്വാൻ ശങ്കരനെഴുത്തച്ഛനവർകൾ യതിച്ച ശേഖരത്തിൽ എഴുത്തച്ഛൻ വിശിഷ്ടാദ്വൈതമതസ്ഥാപകനായ രാമാനുജാചാര്യന്റെ ശിഷ്യനായിരുന്നു എന്നൊരഭിപ്രായം പുറപ്പെടുവിച്ചിരിക്കുന്നു. ഗുരുവിന്റെ നാമധേയം ആക്രമിക്കുവാൻ സുശീലന്മാരായ ശിഷ്യന്മാർ മുതിരുന്നതല്ലെന്നു പറഞ്ഞു് ശ്രീമാൻ പണിക്കർ ആ അഭിപ്രായത്തെ ഖണ്ഡിക്കുന്നു. നാമകരണം അവരവർക്കു സ്വായത്തവും ഭാവിയായ ഗുരുശിഷ്യബന്ധം അറിഞ്ഞുകൊണ്ടു

നടക്കുന്നതുമാണെങ്കിൽ ഖണ്ഡനത്തിൽ നല്ല യുക്തിയുണ്ടായിരിക്കുമായിരുന്നു. പക്ഷേ മികച്ചതായ ഒരു പ്രമാദം ശങ്കരനെഴുത്തച്ഛന്റെ അഭിപ്രായത്തിലുണ്ട്. രാമാനുജാചാര്യന്റെ ജീവിതകാലം ക്രിസ്താബ്ദം ആയിരത്തിനു സമീപമാണ്. 300 സംവത്സരങ്ങൾക്കുശേഷം ജീവിച്ചിരുന്ന എഴുത്തച്ഛൻ വൈഷ്ണവാചാര്യന്റെ ശിഷ്യനായിരുന്നു എന്നു വിചാരിക്കുക അസാദ്ധ്യമാകുന്നു. എഴുത്തച്ഛനു രാമാചാര്യൻ എന്നൊരു വൈഷ്ണവൻ ഗുരുവായിട്ടുണ്ടായിരുന്നിരിക്കാമെന്നും അദ്ദേഹം എഴുത്തച്ഛനു് ഒരുവേള രാമാനുജൻ എന്ന നാമകരണം ചെയ്തിരിക്കാമെന്നും ശ്രീമാൻ പണിക്കർ കേവലം കാല്പനികമായി മനോധർമ്മം പ്രയോഗിച്ചു കാണുന്നു. അതിനു വേണ്ട ആസ്പദം ഇനി ഉണ്ടാകേണ്ടിയിരിക്കുന്നു. ഒന്നാമതായി എഴുത്തച്ഛൻ ശുദ്ധവൈഷ്ണവനല്ല. ശിവഭക്തിയിൽ അദ്ദേഹം തീരെ പരാങ്മുഖനല്ല. കണ്ണപ്പച്ചരിതത്തിലും ബ്രഹ്മാണ്ഡപുരാണാവസാനത്തിലും മറ്റും അദ്ദേഹത്തിന്റെ ശിവഭക്തി സ്ഫുരണം നോക്കുക. അങ്ങനെയിരിക്കെ, അദ്ദേഹം വൈദേശികനായ ഒരു വൈഷ്ണവാചാര്യന്റെ ശിഷ്യനായിരുന്നു എന്നു ഹിക്കുന്നതിനു പന്ഥാവില്ല. എനിക്കു തോന്നുന്നതു് ജ്യേഷ്ഠന്റെ നാമധേയം രാമനാണെന്നുള്ളതുകൊണ്ടു് രാമാനുജൻ എന്നാരോപിൽക്കാലത്തു് ഒരു പേരു സൃഷ്ടിച്ചതായിരിക്കണമെന്നാകുന്നു. അക്കാലത്തു രാമാനുജൻ എന്ന കേരളീയരുടെ ഇടയിൽ പേരിട്ടിരുന്നിരിക്കാൻ ഇടകാണുന്നില്ല. അങ്ങനെ മറ്റൊരാൾക്കു് അക്കാലത്തു പേരുണ്ടായിരുന്നതായി ലക്ഷ്യമൊന്നുമില്ല. അതുകൊണ്ടു് എഴുത്തച്ഛന്റെ യഥാർത്ഥ നാമധേയം അജ്ഞാതമെന്നു തൽക്കാലം വിചാരിക്കേണ്ടിയിരിക്കുന്നു.

പൊന്നാനിത്താലൂക്കിൽ തൃക്കണ്ടിയൂർ അംശത്തിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു് അല്പം പടിഞ്ഞാറുമാറിയുള്ള തുഞ്ചൻപറമ്പാണു് എഴുത്തച്ഛന്റെ ജന്മസ്ഥലം എന്നു പരക്കെ വിശ്വസിക്കപ്പെട്ടുന്നു. അതു പൊന്നാനിപ്പുഴവക്കിലും തിരൂർ തീവണ്ടിസ്റ്റേഷനിൽനിന്നു് ഒരു നാഴിക തെക്കുപടിഞ്ഞാറുമാണു്.

ഇപ്പോഴും അവിടെ ഒരു ഗ്രാമമുള്ളതായി പറയുന്നു. അതു് ആധുനികന്മാരുടെ ദേശാഭിമാനസന്താനമാണു്. മുമ്പു് അവിടെ ഒരു പുരത്തറ മാത്രമേ ഉണ്ടായിരുന്നുള്ളുവത്രെ. പ്രാകൃതനമായുണ്ടായിരുന്ന ഗൃഹത്തിന്റെ അനുസാരികളായിരുന്ന കുളവും കിണറും ജീർണ്ണോദ്ധാരണശ്രമങ്ങളോടു പരിഭവിച്ചു പരിശോഭിക്കുന്നുണ്ടു്. അതുകൂടാതെ എഴുത്തച്ഛന്റെ ജപത്തിനു നിശ്ശബ്ദസാക്ഷി എന്നു വിശ്വസിച്ചു പോരുന്നതും തന്നിമിത്തം അധുനാതനഭക്തന്മാരുടെ ആക്രമണംകൊണ്ടു് ഇലകളും മിക്കവാറും ശൂന്യമായിത്തീർന്നിരിക്കുന്നതും * ജർജ്ജരവും ആയ ഒരു കാഞ്ഞിരമരവും പൂവ്വപുണ്യചിഹ്നമായിട്ടവശേഷിക്കുന്നുണ്ടത്രെ! മുന്നൂറു നാന്നൂറുസംവത്സരക്കാലം ഒരു കാഞ്ഞിരം നിലനില്ക്കുമോ എന്നു ഭക്തിപാരതന്ത്ര്യരന്ധ്രത്തിൽക്കൂടി ഉന്തിവരുന്ന ശങ്കയെ ഞാൻ നിയന്ത്രണംചെയ്കകൊള്ളുന്നു. കുട്ടികളെ എഴുത്തിനുവയ്ക്കുന്നതിനു തുഞ്ചൻപറമ്പിൽനിന്നും മണ്ണുവാരിക്കൊണ്ടു പോകാറുണ്ടെന്നും നവരാത്രിഘോഷം മുതലായവ അവിടെ നടത്താറുണ്ടെന്നും മറവുള്ള തദ്ദേശീയവിശേഷങ്ങളും ഭാഷാസാഹിത്യഗുരുവായ മഹാത്മാവിന്റെ ജന്മസ്ഥലസൂചികകളുതന്നെയാണു്. തുഞ്ചൻപറമ്പു കിടക്കുന്ന ദേശവിഭാഗത്തിനു വെട്ടത്തുനാടെന്നു പേർ പറയുന്നു. 600-ാമാണ്ടിടയ്ക്കു ജീവിച്ചിരുന്ന ഉദണ്ഡപണ്ഡിതൻ,

> "ബ്രഹ്മാഭ്യാസപ്രശമിതകുലാൻ പ്രാപ്യ ദീപ്രാൻ പ്രകാശാൻ
> ശ്രേതാരണ്യം വ്രജ ബഹുമതം ധാമ മൃത്യുഞ്ജയസ്യ
> ദൃഷ്ട്വാ ദൂരെ സകൃദപി ജനാ യന്ന പശ്യന്ത്യവശ്യം
> മൃത്യോർവക്ത്രം നിടിലഘടിതഭ്രൂകുടികം കദാചിൽ"

എന്നു വർണ്ണിക്കുന്നതിൽനിന്നു വെട്ടത്തുനാടിന്റെ പൂർവ്വകാലപ്രശസ്തി അവഗന്തവ്യമാകുന്നു. പ്രസ്തുത ശ്ലോകത്തിൽ "പ്രകാശാൻ" എന്നു പറയുന്നതു വെട്ടത്തുനാടിനേയും ശ്രേതാരണ്യം എന്നു പറയുന്നതു തൃപ്രങ്ങോടിനേയും ഉദ്ദേശിച്ചാണെന്നു് പി. എസ്.

---

* പഴക്കംകൊണ്ടു ജീർണ്ണമായതു്.

അനന്തനാരായണശാസ്ത്രികളും വ്യാഖ്യാനിക്കുന്നു. അതുകൊണ്ട് ജന്മദേശവിഷയത്തിൽ എഴുത്തച്ഛൻ ധന്യൻതന്നെ.

എഴുത്തച്ഛന്റെ ജനനത്തെപ്പറ്റി പ്രസിദ്ധമായ ഐതിഹ്യപ്രകാരം അദ്ദേഹത്തിന്റെ പിതാവു് ഒരു നമ്പൂതിരിയാണെന്നു ഭാഷാചരിത്രകാരനും അതിനു് അല്പം ഭേദഗതിയായി വെട്ടത്തുനാട്ടു പ്രചാരമുണ്ടെന്നു പറയുന്ന ഐതിഹ്യമനുസരിച്ചു ശങ്കരൻ എഴുത്തച്ഛനും അഭിപ്രായപ്പെടുന്നു. ഭാഷാചരിത്രകാരന്റെ അഭിപ്രായത്തിൽ എഴുത്തച്ഛന്റെ മാതൃഭവനത്തിൽവച്ചും ശങ്കരനെഴുത്തച്ഛന്റെ അഭിപ്രായത്തിൽ "തട്ടാരമ്പറമ്പുമൂസ്സതിന്റെ" ഭവനത്തുവെച്ചും സന്തത്യുല്പാദനം നടന്നു എന്നുള്ള വ്യത്യാസമുണ്ടു്. വിവിധമുഖമായ ഈ ഐതിഹ്യം പിൽക്കാലസൃഷ്ടിയാണെന്നും എഴുത്തച്ഛന്റെ യശസ്സമ്പത്തിയെ വ്യാഖ്യാനിക്കുവാൻ നിർമ്മിച്ചതാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. ഒന്നാമതു് വിദ്വാമഗ്രേസരൻ എന്നു ശ്ലാഘാപാത്രമായ ഒരു ജ്യേഷ്ഠന്റെ ജനനത്തിനു ബംഭ്രമമാണനായ യാതൊരു നമ്പൂരിയും ഇടപെട്ടന്നില്ല. അതുകൊണ്ടു് എഴുത്തച്ഛന്റെ ജനനകാലത്തു് അദ്ദേഹത്തിന്റെ മാതാവു് ഭാമ്പത്യനിലയിൽ കഴിഞ്ഞുവരികയായിരുന്നു എന്നു വ്യക്തമാകുന്നു. പാതിവ്രത്യവിഷയത്തിൽ ആ സ്ത്രീ ഉദാസീനയായിരുന്നു എന്നു സ്ഥാപിക്കാതെ പ്രസ്തുതമായ ഐതിഹ്യത്തിനു പ്രവേശമില്ല. വിശിഷ്ടസന്താനഭ്രമംകൊണ്ടു പതിവ്രതയായ ഒരു സ്ത്രീ പരപുരുഷവശംവദയാകുമെന്നുള്ള ശങ്കപോലും ഭയങ്കരമാകുന്നു. രണ്ടാമതു് ചക്കാലജാതി എന്നു വച്ചിരിക്കുന്ന പ്രസ്തുത സ്ത്രീയിൽ വിശിഷ്ടസന്താനലാഭമുണ്ടായാൽ നമ്പൂരിക്കു് അതുകൊണ്ടു് എന്തു പുണ്യമാണുണ്ടാകുവാനുള്ളതു്? പിണ്ഡോദകക്രിയകൾക്കു് അധികാരിയല്ലാത്ത പാരസ്യൈനേയനുവേണ്ടി വിദ്വാനെന്നും യോഗ്യനെന്നും വിചാരിക്കേണ്ട ഉൽപാദകനുവല്ല കൌതുകവുമുണ്ടാകുമോ? മൂന്നാമതു് തല്ക്കാലം രാത്രികാലത്തു് ഈ ജ്യൌതിഷികബ്രാഹ്മണനുണ്ടായതായി പറയുന്ന * പുത്രീയാമോഹം ആകാശദേശത്തു നോക്കിയാൽ ഉണ്ടാകുന്നതാണോ?

---

* പുത്രീയാ = പുത്രനുണ്ടാകുവാനുള്ള ഇച്ഛ

ഗ്രഹനിലകളും ആകാശത്തു നോക്കിയോ ഗണനം കൊണ്ടോ ഗ്രഹിക്കേണ്ടതു്? രാത്രിയിൽ ആകാശത്തുള്ള സകല ഗ്രഹങ്ങളും ഏകകാലത്തു ദൃശ്യമായിരിക്കുമോ? ഗർഭാധാനാദിമുഹൂർത്തങ്ങളും ആകാശത്തു രാത്രിയിൽ നോക്കി ഗ്രഹിക്കുവാൻ വല്ല കൌശലവുമുള്ളതായി അറിയുന്നില്ല: ഇങ്ങനെ അനേകമനുപപത്തികളും കൊണ്ടു ദുഷ്ടമായ ഈ ഐതിഹ്യം 'ശ്രുഭസ്യ ശീഘ്രം' എന്നു വിചാരിച്ചു കഴിച്ചുകൂട്ടുവാനുള്ളതാകുന്നു.

എഴുത്തച്ഛന്റെ ജീവിതകാലം ക്ലിപ്തപ്പെടുത്തുന്നതു സുകരമല്ല.

"വന്ദേ നിത്യമഖണ്ഡപൂർണ്ണമമലം തുഞ്ചത്തെഴും ശ്രീഗുരും
വന്ദേ ശ്രീകരുണാകരഞ്ച പരമം ശ്രീസൂയ്ത്തനാരായണം
വന്ദേ ദേവഗുരും പരാപരഗുരും ഗോപാലകശ്രീഗുരും
വന്ദേഹം ഗുരുസമ്പ്രദായമനിശം വന്ദേ സമസ്താൻ ഗുരൂൻ"

എന്നൊരു ശ്ലോകം ചിറവൂർ മുതലായ ദേശങ്ങളിൽ വൃദ്ധന്മാർ ചൊല്ലാറുള്ളതായി ശങ്കരനെഴുത്തച്ഛനാവർകളും ഉദ്ധരിച്ചു കാണുന്നു. അതുതന്നെ അല്പവ്യത്യാസങ്ങളോടുകൂടി നാരായണപ്പണിക്കർ അവർകളും ഉദ്ധരിച്ചിട്ടുണ്ടു്. പ്രസ്തുത ശ്ലോകത്തിൽ കരുണാകരൻ, സൂയ്ത്തനാരായണൻ, ഗോപാലൻ, ദേവൻ എന്നിങ്ങനെ പേരുകാണുന്നവർ നാലുപേരും എഴുത്തച്ഛന്റെ ശിഷ്യന്മാരാണെന്നു ശ്രീമാൻ പണിക്കർ പറയുന്നു. ഈ ശ്ലോകം എഴുത്തച്ഛന്റെ കാലത്തുണ്ടാക്കിയതായി 'തുഞ്ചത്തെഴും ശ്രീഗുരും' എന്ന പ്രയോഗംകൊണ്ടു തോന്നുമെങ്കിലും വാസ്തവമങ്ങനെയാണെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ അതു ഗുരുസമ്പ്രദായവന്ദനമാണു്. സമ്പ്രദായമെന്നാൽ വൃദ്ധപാരമ്പര്യക്രമാഗതമെന്നർത്ഥമാകുന്നു. അതുകൊണ്ടു് പ്രസ്തുതശ്ലോകം ഗുരുപരമ്പരയുടെ അവസാനഘട്ടത്തുണ്ടായിരുന്ന വല്ല ശിഷ്യനുമുണ്ടാക്കിയതായിവരാം. ഇതിൽ പറയുന്ന ഗുരുപരമ്പര ശരിയാണെങ്കിൽ ഇവിടെ ചില ചോദ്യങ്ങൾക്കു് അവകാശമുണ്ടു്. ഇതിൽ 'തുഞ്ചത്തെഴും ശ്രീഗുരു' എന്നു പറഞ്ഞിരിക്കുന്നതു്

സാക്ഷാൽ എഴുത്തച്ഛനെയൊ അദ്ദേഹത്തിന്റെ ജ്യേഷ്ഠനും ഗുരു നാഥനുമായിരുന്ന രാമനെഴുത്തച്ഛനെയോ എന്നുള്ളതാണു് പ്രഥമ ശങ്ക. ശ്ലോകം ഗുരുപരമ്പരയെ പ്രാരംഭംമുതൽ സ്മരിക്കുന്നതാ ണെങ്കിൽ ഗുരുകൂടസ്ഥനായ രാമാചാര്യന്റെ കാര്യം അതിൽ വിട്ടുപോകാനിടയുള്ളതല്ല. എന്റെ ഊഹം ശരിയാണെങ്കിൽ, കരുണാകരൻ എന്നു പറഞ്ഞുകാണുന്നതു സാക്ഷാൽ എഴുത്തച്ഛനെ പ്പറ്റിയായി എന്നു വരാം. ബ്രഹ്മാണ്ഡപുരാണം കിളിപ്പാട്ടു കരുണാകരൻ എഴുത്തച്ഛന്റെ കൃതി എന്നാണല്ലോ വച്ചിരിക്കു ന്നതു്. ബ്രഹ്മാണ്ഡപുരാണവും അദ്ധ്യാത്മരാമായണഭാരതങ്ങളും ഒരേയാളിന്റെ കൃതികളായിരിക്കണമെന്നു് എനിക്കു തോന്നുന്ന അഭിപ്രായം മുമ്പു് ഞാൻ പറകയും ചെയ്തിട്ടുണ്ടല്ലൊ. ആ സ്ഥി തിക്കു് എഴുത്തച്ഛന്റെ പേർ കരുണാകരൻ എന്നാണെന്നു വിചാ രിക്കേണ്ടിവരുന്നു. അതിരിക്കട്ടെ. അടുത്തു പറയപ്പെട്ട സൂര്യനാ രായണൻ എഴുത്തച്ഛൻ ചിറവൂർ ഗുരുമഠത്തിന്റെ സ്ഥാപകനാ ണെന്നു തോന്നുന്നു. സി. എസ്. ഗോപാലപ്പണിക്കർ അവർകളും ഗുരുമഠപ്രതിഷ്ഠയെ സംബന്ധിക്കുന്ന ചതുശ്ലോകി പ്രസിദ്ധീക രിച്ചിട്ടുള്ളതു താഴെ ഉദ്ധരിക്കുന്നു.

1. ആചാര്യഃ പ്രഥമം നദീം നവമിഭം ദൃഷ്ട്വാ
(മുദം)പ്രാപ്തവാൻ
നദ്യാസ്തീര(വനപ്രദേശ)വസതിം നിശ്ചി–
ത്യ ശിഷ്യൈസ്സമം
ലബ്ധ്വാ തദ്വനമത്ര ദേശപതിഭിഃ ക്ഷിതാ
(സമസ്തം ഗുരു)
രാമാനന്ദപുരാഭിധം ദ്വിജഗൃഹൈർഗ്രാമം
പ്രകാരാലയൈഃ

2. പൂർവേ ചിഞ്ചാഖ്യകല്യാവരുണദിശി തഥാ–
പത്രചയ്യാപഥാന്തം
യാമ്യേ നദ്യുത്തരാദുത്തരദിശി നിധന–
ക്രോഡകോദ്ദാരകാന്തം

അസ്മിൻ ദേശേ മഹാത്മാ, (വിബു)ധജന(വരഃ)
സൂര്യനാരായണാഖ്യഃ
സമ്പദ്ദേശ്യാധിനാഥാദ്ദടകമ(ഥ)സ ജ–
(ഗ്രാഹ കാരുണ്യസിന്ധുഃ)

3. രാമാനന്ദാഗ്രഹാരെ പ്രഥമമിഹ ശിവം
സാംബമൂർത്തിം സവർഗ്ഗം
സാക്ഷാദ്വിഷ്ണുഞ്ച രാമാദ്വിജകുലനിപുണൈഃ
(സ്ഥാപയാമാസ)സൂര്യഃ
(ദ)ർഘ്നാ(പ്യ)ന്നം സസപ്പിഃ സധനഗൃഹഗണം
ഭ്രസുരേഭ്യോ ദദൌ(സഃ)
"നാകസ്യാനനസൌഖ്യം" ധ്രുവമിതി മനന–
സ്യാസ്പദം ഭ്രമിദാനം

4. സമ്പൽ (ക്ഷത്ര)മഹീശസപ്തതിവടശ്ലോക്യാ–
ഖ്യഗേഹേഷ്വസൌ
ദത്തൈകൈകസഹസ്രകം പണധനം
വൃദ്ധ്യുത്ഥമഭ്യർച്ചിതും
രാമാനന്ദപുരാലയേ (ദിശ)നവത്യേകൈ–
കധാന്യാഢകം
പ്രത്യബ്ദന്തു (പരാ)ഖ്യമിത്യനുമതിം തേഭ്യഃ
പ്രതിജ്ഞാപിതഃ

ഇതിൽ ഭിത്തികാവലയിതങ്ങളായ ഭാഗങ്ങളും ലുപ്തഭാഗങ്ങളെ പിന്നീട് പൂരിപ്പിച്ചിട്ടുള്ളതാണ്. ആചാര്യൻ നദിയും വനവും കണ്ട സന്തുഷ്ടനായി ഇവിടെ വാസമുറപ്പിക്കുവാൻ ശിഷ്യന്മാരുമായി നിശ്ചയിച്ച് നാടുവാഴികളോട് സ്ഥലം വാങ്ങിത്തെളിച്ച് ദേവബ്രാഹ്മണാലയങ്ങളുണ്ടാക്കി രാമാനന്ദാശ്രമം സ്ഥാപിച്ചു. കിഴക്കു പുളിങ്കോൽതോട്ടം പടിഞ്ഞാറു പട്ടഞ്ചേരിപ്പാതയും തെക്ക് നദിയുടെ ഉത്തരതീരവും വടക്കു കൊല്ലൻകോട്ടപാടവും അതിർത്തിയായ പ്രസ്തുത സ്ഥലം സൂര്യനാരായണാഖ്യൻ

ചമ്പത്തിൽവീട്ടുകാരോടു വിലവാങ്ങിയിട്ടുള്ളതാകുന്നു. സൂര്യൻ, അതായതു് സൂര്യനാരായണാഖ്യൻ, സാംബമൂർത്തിയായ ശിവനേയും വിഷ്ണുവായ ശ്രീരാമനേയും ബ്രാഹ്മണരെക്കൊണ്ടു് പ്രതിഷ്ഠിപ്പിച്ചു. തൈരും നെയ്യുംകൂട്ടി ഭക്ഷണവും ധനസമേതം ഗൃഹങ്ങളും ബ്രാഹ്മണർക്കു കൊടുത്തു. സ്വഗ്രാസൌഖ്യത്തിൽനിന്നു കുറവില്ലാത്ത ഭൂമിദാനംചെയ്തു. പൂജാദികർമം നടത്തുന്നതിനു ചമ്പത്തിൽ മന്നാടിയാരുടെ പക്കലും കൊച്ചീരാജാവിന്റെ പക്കലും എഴുപത്തുഭവനത്തും വടശ്ശേരിഭവനത്തും തൊണ്ണൂറുപറനെല്ലു് പലിശ ഖരത്തക്കവണ്ണം പൂജയടിയന്തിരത്തിനു് 1000പണംവീതം കാണമിട്ടുകയുംചെയ്തു. ഇതാണു് ഉദ്ധൃതമായ ശ്ലോകങ്ങളുടെ താല്പര്യം. ഈ ഗ്രന്ഥമഠത്തിൽ 1043-ൽ അഗ്നിബാധയുണ്ടായി. എങ്കിലും ആചാര്യപാദരുടെ പാദുകകളും യോഗദണ്ഡും അഗ്നിദേവന്റെ ജ്വാലാജിഹ്വകർക്കു ലേഹ്യങ്ങളാകാതെ പൂജാതീർത്ഥപാത്രങ്ങളായിട്ടവശേഷിച്ചിരിക്കുന്നു. കൂടാതെ അവിടെ സമാധിയടഞ്ഞ ഏതോ ഒരു ഗ്രന്ഥകർത്താവിന്റെ ശാശ്വതസമാധിസ്ഥാപനം ശിലാപട്ടമുടിയോടുകൂടി ഇപ്പോഴും കാണ്മാനുണ്ടു്. ഭസ്മസാൽഭവിച്ച ഗ്രന്ഥമഠം 1068-ൽ വീണ്ടും പണികഴിപ്പിച്ചു് ഇപ്പോഴും ഉത്തരോത്തരം അഭിവൃദ്ധിപദ്ധതിയെ പ്രാപിക്കപ്പെട്ടുവരുന്നു. അവിടത്തെ ശ്രീരാമക്ഷേത്രത്തിൽ ആട്ടവിശേഷങ്ങളായി നവരാത്രി വിളക്കും മീനമാസത്തിൽ രഥോത്സവവും ആഘോഷിച്ചുപോരുന്നു. നവരാത്രിക്കു് ആദ്യദിവസത്തെ വിളക്കിനു് എഴുത്തച്ഛൻവിളക്കെന്നപേർ വിളിക്കുന്നതായി ശങ്കരനെഴുത്തച്ഛൻ പ്രസ്താവിക്കുന്നു. എഴുത്തച്ഛൻ സമാധിയടഞ്ഞതു ധനുമാസം ഉത്രം നക്ഷത്രത്തിലാണെന്നുവച്ചു രാമാനുജ ജയന്തിയും അവിടെ കൊണ്ടാടാറുണ്ടു്. തീർത്ഥഭൂമിയായ പ്രസ്തുത ഗ്രന്ഥമഠം ഉത്തരോത്തരം പ്രശസ്തി പ്രാപിക്കട്ടെ എന്നു പ്രാർത്ഥനീയമാകുന്നു.

ഉദ്ധൃതശ്ലോകങ്ങളിൽ ഒന്നിൽ "നാകസ്യാനുനസൌഖ്യം" എന്നു കാണുന്നതു ഭൂമിദാനകലിദിനസംഖ്യയെ ലക്ഷീകരിക്കുന്നതാണെന്നും തന്നിമിത്തം ബ്രാഹ്മണർക്കു ഗ്രാമദാനംചെയ്തതു് 729-ാ

മാണ്ട് തുലാമാസം 11-ാംനു- ആണെന്നും കണക്കാക്കിവരുന്നു. ഇതിൽ അസാംഗത്യം ഒന്നുമുണ്ടെന്നുതോന്നുന്നില്ല. "നാകസ്യാ ദ്യനകസൗഖ്യം" എന്ന വാക്യം കേൾക്കുമ്പോൾതന്നെ അതു കഷ്ടദിനസംഖ്യാസൂചകമാണെന്നു തോന്നാതിരിക്കയില്ല. പക്ഷേ ഒരു സംഗതി. ഗ്രാമപ്രതിഷ്ഠാപകന്റെ പേർ സൂര്യനാരായണൻ എന്നാണെന്നുള്ളതിനു തക്കമില്ല. അദ്ദേഹം സാക്ഷാൽ എഴുത്തച്ഛനോ എഴുത്തച്ഛന്റെ ശിഷ്യനോ എന്നതു വാദവിഷയമാകുന്നു. "രാമാനന്ദം" എന്നുള്ള ഗ്രാമനാമധേയംകൊണ്ടു രാമനാമാവായ ഗുരുവിന്റെ സ്മാരകമായി പ്രസ്തുത ഗ്രാമം സ്ഥാപിതമായതായി വിചാരിക്കേണ്ടിയിരിക്കുന്നു. രാമൻ എന്നതു് എഴുത്തച്ഛന്റെ ഗുരുവായ ജ്യേഷ്ഠന്റെ നാമമാണെന്നുള്ള കാര്യത്തിൽ എനിക്കു തർക്കംതോന്നാത്തതുകൊണ്ടു സൂര്യനാരായണൻ അദ്ദേഹത്തിന്റെ ശിഷ്യനാണെന്നു ഞാൻ വിചാരിക്കുന്നു. സൂര്യനാരായണൻ ഒരു മഹാനായിരുന്നു എന്നുള്ളതും നിർവ്വിവാദമാണു്. അദ്ദേഹംതന്നെയോ സാക്ഷാൽ എഴുത്തച്ഛൻ? ആവോ, നിശ്ചയമില്ല.

എഴുത്തച്ഛന്റെ കൃതികളുടെ കൂട്ടത്തിൽ "കൈവല്യനവനീതം"കൂടി ഉൾപ്പെട്ടുമെന്നു ചിലർ ഗണിച്ചുവരുന്നു. ആ ധാരണ തക്കവ്വണിതമാകുന്നു. കൈവല്യനവനീതത്തിൽ,

"വരഭൂസുരശ്രീനാരായണദേശികന്റെ
ചരണാംബുജം ഭക്ത്യാ വന്ദിച്ചു വിശേഷിച്ചും"

എന്നു കാണുന്ന സ്ഥിതിക്കു് അതിന്റെ കർത്താവു നാരായണൻ എന്നു പേരായ ഒരു ബ്രാഹ്മണന്റെ ശിഷ്യനാണെന്നുള്ളതിനു സന്ദേഹമില്ല. ഇതു് എഴുത്തച്ഛന്റെ കൃതിയല്ലെന്നു നാരായണപ്പക്കർ അവർകളും അഭിപ്രായപ്പെട്ടിട്ടുള്ളതുകണ്ടു ഞാൻ സന്തോഷിക്കുന്നു. കൈവല്യനവനീതം ഒരു തമിഴ്പ്രബന്ധത്തിൽനിന്നും വിവർത്തനംചെയ്തിട്ടുള്ളതാണെന്നു് അതിൽതന്നെ പറഞ്ഞിട്ടുണ്ടു്. അതിന്റെ സഹോദരസ്ഥാനത്തിലുള്ള ഒരു കൃതിയാണു് "തത്വബോധപടലം." അതും തമിഴിൽനിന്നു് ഉപാദാനം ചെയ്തിട്ടുള്ള

താണു്. ഇതു രണ്ടും ഒരാളിന്റെ കൃതികളാണെന്നതോന്നുന്നു. ഗ്രന്ഥാവസാനത്തിൽ ഇങ്ങനെ കാണുന്നു.

"വിചേന്മാണിക്യം ശ്രീനാരായണാചാര്യവര്യൻ
അദ്വൈതസാരസമം കൈവല്യനവനീതം
വിദ്യാനന്ദത്തോളവുമരുളി വിദേഹാഖ്യ–
മുക്തിയും പ്രാപിച്ചോരുശേഷം തൽശിഷ്യനോടും
നിദ്രയിലെഴുന്നള്ളിയരുളിച്ചെയ്തയാലെ
വിദ്വന്മേദ്യുക്തനായ സുശ്രീമാത്താണ്ഡാചാര്യൻ
ഹൃദ്യവിദ്യാനന്ദവും ചമഞ്ഞു പൂരിച്ചോരു
വിദ്യോതമാനാത്മാം കൈവല്യനവനീതം
സജ്ജനകൃപൈകൊണ്ടേ കേവലമേവം ചൊന്നേ–
നിജ്ജനത്തിനു ചെറുമം പാണ്ഡിത്യമില്ലെങ്കിലും."

ഗ്രന്ഥാവസാനസ്ഥാനത്തനുബന്ധിച്ചിട്ടുള്ള ശ്ലോകങ്ങളുടെ കൂട്ടത്തിൽ,

"സാനന്ദരൂപം സകലപ്രബോധം
ആനന്ദദാനാമൃതപാരിജാതം
മനുഷ്യപത്മേഷു രവിസ്വരൂപം
പ്രണൌമി മുഞ്ചത്തെഴുമാര്യപാദം"

എന്നൊരു ശ്ലോകവും കാണുന്നു. (ശ്രീരാമവിലാസം പ്രസ്സ് 1100–2–ാംപതിപ്പു്) ഇതിൽനിന്നു ഞാൻ മനസ്സിലാക്കുന്നതു് വിദ്യാനന്ദമെന്ന വിഷയപ്രതിപാദനംവരെ കൈവല്യനവനീതം ശ്രീനാരായണാചാര്യൻ സ്വശിഷ്യനുപദേശിച്ചശേഷം ചരമഗതിയെ പ്രാപിച്ചു എന്നും അനന്തരം മറെറാരാളെ ഉറക്കത്തിൽ സ്വപ്നം കാണിച്ചതനുസരിച്ചു് അവശിഷ്ടഭാഗം ശ്രീമാത്താണ്ഡാചാര്യൻ ഉപദേശിച്ചു പൂർത്തിയാക്കിയെന്നും അങ്ങനെ മുഴുവനാക്കി എന്നുമാണു്. "വിദ്വന്മേദ്യുക്തൻ" എന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. വല്ല അപപാഠവും ആയിരിക്കുമെന്നു തോന്നുന്നു. ഇവിടെ ശ്രീമാത്താണ്ഡാചാര്യൻ എന്നു പറഞ്ഞിരിക്കുന്നതു് സൂര്യനാരാ

യണനെഴത്തച്ഛനെപ്പററിയല്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അനുബന്ധശ്ലോകത്തിൽ എഴുത്തച്ഛനെ സ്തുതിച്ചു കാണുകയാൽ ആ ഊഹത്തിനു കൂടുതൽ അവകാശമുണ്ടാകുന്നു. എന്റെ ഊഹം ഭദ്രമാണെങ്കിൽ, സൂര്യനാരായണാചാര്യരും "ഇഞ്ച തെഴുമാര്യപാദരും" പ്രത്യേകം പരാമർശിക്കപ്പെട്ടിരിക്കകൊണ്ട് രണ്ടുപേരും രണ്ടാൾതന്നെ എന്നു മറെറാരുഹത്തിനും മാർഗ്ഗമുണ്ട്. പക്ഷേ അങ്ങനെ തന്നെയാവണമെന്നു നിർബന്ധമില്ലതാനും.

ഏതെങ്കിലും ചിറവൂർഗ്രാമദാനം കൊല്ലം 729-ാമാണ്ടാണെന്നു കാണുന്നസ്ഥിതിക്ക് എഴുത്തച്ഛന്റെ ജീവിതകാലം അതിനു സമീപിച്ചിരിക്കണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. കടിയംകുളത്തു ശൂപ്പുമേനവൻ എന്ന കവി,

"സൂര്യനാരായണാചാര്യാന്തേവാസീദ്രന്മാരിൽ
പേരായിരത്തിലേറെം പേരിയന്നീടും ശ്രീമാൻ"

എന്നു സപ്രഗുരുവിനെപ്പററി പറയുന്നതും ഹരിനാമകീർത്തനത്തിൽ ശ്രീനീലകണ്ഠഗുരുവിനെപ്പററിയുള്ള പരാമർശവും മറുമാധാരമാക്കി 750-നും 825-നും മദ്ധ്യേയായിരിക്കണം എഴുത്തച്ഛന്റെ കാലമെന്ന് മി: പണിക്കർ നിഷ്കർഷിക്കുന്നു. ശൂപ്പുമേനവന്റെ വാക്യമവലംബിച്ചു സൂര്യനാരായണകാലം 9-ാം ശതകത്തിനു മുമ്പാകയില്ലെന്ന് മി: പണിക്കർ വാദിക്കുന്നു. അതു ശരിയാണെങ്കിൽ ചിറവൂർ ഗുരുമാശ്ലോകത്തിൽ കലിസംഖ്യയുണ്ടെന്നുള്ള വിചാരം അനാസ്പദമായിവരണം. അദ്ധ്യാത്മരാമായണം കിളിപ്പാട്ട കൈയെഴുത്തു ഗ്രന്ഥങ്ങളും പലതു പരിശോധിച്ചു നോക്കിയതിൽ അതിപ്രാചീനങ്ങളായിക്കണ്ടതു തിരുവനന്തപുരത്തു രാജകീയഗ്രന്ഥശാലയിൽ ഉള്ള രണ്ടു താളിയോലഗ്രന്ഥങ്ങളാകുന്നു. അതിലൊന്ന് ഉത്തരരാമായണസഹിതവും മറേറതു ഉത്തരരാമായണരഹിതവും ആകുന്നു. ആദ്യത്തെ ഗ്രന്ഥത്തിൽ ഉത്തരരാമായണാവസാനഭാഗത്തു 613 എന്നും 913 എന്നും വായിക്കാവുന്ന ഒരാണ്ടിൽ തുലാമാസം 18-ാന- ബുധവാരവും പൂർവ്വപക്ഷസപ്ത

മിയും തിരുവോണവുംകൂടിയ ദിവസം അതു് എഴുതിത്തീർത്തതായി ക്കണ്ടു. ഞാനും എന്റെ സഹായന്മാരും വളരെ ഭ്രമിച്ചു. "വഞ്ചി മുട്ടത്തു് ഇരവിപറവൂ വട്ടമനെ മടത്തിനു് പടിഞ്ഞാറെ മടത്തി ലിരിക്കുതറയാം" എന്നും അതിൽ കാണുന്നു. 613 ആണെങ്കിൽ എഴുത്തച്ഛന്റെ ജീവിതകാലത്തെപ്പറ്റി ഇതേവരെ പുറപ്പെട്ടി ട്ടുള്ള അഭിപ്രായങ്ങളും പാടേ പൊടിഞ്ഞുപോകുമല്ലോ എന്നു വിചാരിച്ചു അശാന്തമായ ചില ചിന്തകളും ഉണ്ടാകാതിരുന്നില്ല. അങ്ങനെയിരിക്കെ യുദ്ധകാണ്ഡാവസാനഭാഗമൊന്നു പരിശോ ധിക്കണമെന്നുതോന്നി നോക്കിയതിൽ അതു് കൊല്ലം 870–ാമാണ്ടു് വൃശ്ചികമാസം 22–ാംനു- വ്യാഴാഴ്ചയും മകയിരവും അപരപക്ഷത്തു ദ്വിതീയയുംകൂടിയ ദിവസം പകർത്തി എഴുതിത്തീന്നെന്നും കൈ പ്പടക്കാരൻ ചാരച്ചിയിൽ ഉണിക്കോതയാണെന്നും കാണപ്പെട്ടു. അക്കങ്ങളും ഉപയോഗിക്കാതെ ഈ വിവരം അക്ഷരത്തിൽതന്നെ എഴുതിയിട്ടുള്ളതാകയാൽ ആ കാര്യത്തിൽ സന്ദേഹത്തിനു സ്ഥാന മില്ല. ഇതുയും കഴിഞ്ഞപ്പോൾ ഉത്തരകാണ്ഡാവസാനത്തിൽ കണ്ടതു് 613 ആയിരിക്കാമെന്നുള്ള ഊഹം ക്രമേണ ശിഥിലീഭ വിച്ചു. ദിവാൻ ബഹദൂർ സ്വാമിക്കണ്ണുപിള്ള അവർകളാൽ വിര ചിതമായ പഞ്ചാംഗപട്ടിക നോക്കിയതിൽ 913–ാമാണ്ടു തുലാ മാസം 18–ാനു- ബുധവാരവും പൂവ്വപക്ഷത്തു സപ്തമിയും ഉത്രാട വും ആണെന്നുകണ്ടു തിരുവോണമെന്നും ഉത്രാടമെന്നുമുള്ള സ്വല്പ വ്യത്യാസത്തെപ്പറ്റി ഗണിച്ചുനോക്കിയതിൽ അന്നു് ഉത്രാടം 10 മണിവരേയോമറ്റോ ഉണ്ടായിരുന്നുള്ളുവെന്നും പിന്നെ തിരു വോണംതുടങ്ങി എന്നും ഗണിതജ്ഞൻ പറയുന്നു. ആകപ്പാടെ 613 എന്നു വിചാരിച്ചതു് 913 ആയി കലാശിച്ചു. നിരുത്തരകാ ണ്ഡമായ മറ്റേ ഗ്രന്ഥം ഒരു മീനമാസത്തിൽ എഴുതിയതാണു്. തീയതിയില്ല. ആണ്ടു് 925–എന്നും 625–എന്നും വായിക്കാമെന്നു് അതു കണ്ടിട്ടുള്ളവർ തമ്മിൽ തർക്കം നടക്കുന്നതേയുള്ളു. എന്റെ ദൃഷ്ടിക്കു് 925 തന്നെയായിരിക്കുമെന്നു തോന്നുന്നു. മറ്റു വിവര ങ്ങളും ഒന്നും അതിലില്ലാത്തതുകൊണ്ടു് ആദ്യഗ്രന്ഥത്തിലെ

സന്ദേഹം പരിഹരിച്ചതിനുപകരിച്ചതുപോലെ എഴുതിത്തീർന്ന കൊല്ലം പരിശ്ലേടിക്കുന്നതിനു് യാതൊരു മാർഗ്ഗവുമില്ല. ആകപ്പടി ഈ ഉപജ്ഞാനത്തിന്റെ ഫലം കൊല്ലം 870-ാമാണ്ടേയ്ക്കുമുമ്പു തന്നെ തെക്കൻദിക്കുകളിൽ അദ്ധ്യാത്മരാമായണത്തിനു പ്രചാരമുണ്ടായി എന്നാണു്. വെട്ടത്തുനാട്ടുവച്ചോ അഥവാ അമ്പലപ്പുഴവച്ചോ രചിക്കപ്പെട്ട ഒരു ഗ്രന്ഥം ഉത്തരക്ഷണത്തിൽ ദക്ഷിണതിരുവിതാംകൂർവരെ വ്യാപിക്കുമെന്നു വിചാരിക്കാവുന്നതല്ലല്ലൊ. ഒരു ഗ്രന്ഥകർത്താവുകൊല്ലംകൊണ്ടല്ലാതെ പ്രസ്തുതകൃതിക്കു വേണ്ട ഗണ്യതയും പ്രചാരവും ലഭിച്ചിരിക്കയില്ലെന്നു വിചാരിക്കുന്ന പക്ഷം 729-ാമാണ്ടു സമീപിച്ചു് എഴുത്തച്ഛൻ ജീവിച്ചിരിക്കാമെന്നുള്ളതിൽ അപാകമൊന്നുമില്ല. പക്ഷേ ശ്രുപ്പുമേനവന്റെ വാക്യം ഒരുകുശംപോലെ ഇവിടെ തടയുന്നില്ലെന്നു പറയാവുന്നതുമല്ല. ഒരുപക്ഷേ സൂര്യനാരായണന്മാർ പലരുണ്ടായിരിക്കുമോ? അഥവാ ശ്രുപ്പുമേനവന്റെ ജന്മവർഷം 940 എന്നു നിശ്ചിതമായി ധരിച്ചിരിക്കുന്നതു് ഭ്രമമല്ലെന്നുവരുമോ? ഇങ്ങനെയുള്ള ശങ്കാഭാരങ്ങളും തുറന്നതന്നെ കിടക്കുന്നു. പഴയ തളിയോലഗ്രന്ഥങ്ങൾ പരിശോധിച്ചു് അവയിൽനിന്നു ലഭിക്കാവുന്ന പ്രകാശം ഈ വിഷയത്തിൽ സന്ദേഹഹരമായിരിക്കുമെന്നു വിചാരിക്കുന്നു. തിരുവനന്തപുരത്തു രാജകീയഗ്രന്ഥശാലയിൽതന്നെ പടിയിൽ "ദേവനാരായണൻ" അതായതു് അമ്പലപ്പുഴരാജാവു് എന്നു പേർ വെട്ടിയിട്ടുള്ള ഒരു അദ്ധ്യാത്മരാമായണം മുമ്പൊരിക്കൽ ഇരുന്നിരുന്നതു ഞാൻ കണ്ടിട്ടുണ്ടു്. അതു പഴയ മലയാണ്മയക്ഷരത്തിലായിരുന്നതിനാൽ വായിച്ചുനോക്കുവാൻ പ്രയാസമായിരുന്നതുകൊണ്ടു്, ലിപിജ്ഞന്മാരെ കാണിച്ചു വായിച്ചു മനസ്സിലാക്കുവാൻ അന്നു ചെയ്ത ശ്രമം ഫലിച്ചില്ല. ഇപ്പോഴും ആ ഗ്രന്ഥം ഒന്നു കണ്ടാൽകൊള്ളാമെന്നു വിചാരിച്ചുചെയ്ത അപേക്ഷകളും ഉപേക്ഷിതങ്ങളായില്ലെങ്കിലും ഉദ്ദേശ്യൽഫലമായിട്ടിരിക്കുന്നതേയുള്ളു. അതിൽനിന്നു വല്ല പ്രയോജനവും ഉണ്ടാകുന്നപക്ഷം വഴിയേ പ്രകാശിപ്പിച്ചുകൊള്ളാം.

ഹരിനാമകീർത്തനത്തിലെ "ശ്രീനീലകണ്ഠഗുരു"വിന്റെ കാര്യം കിടക്കട്ടെ. ആ മഹാത്മാവു് ആരാണെന്നു് അന്വേഷിക്കേണ്ടിയിരിക്കുന്നു. കേരള സാഹിത്യചരിത്രത്തിൽ നീലകണ്ഠനാമധേയം പല പ്രബന്ധങ്ങളുടെ പ്രണേതാക്കളും ധരിച്ചിരുന്നതായി കാണുന്നു. ഉദാഹരണത്തിനു് "മാതംഗലീല" എന്ന ഗ്രന്ഥത്തിന്റെ കർത്താവു് ഒരു നീലകണ്ഠനാണു്. "ഇതി നീലകണ്ഠകൃതായാം മാതംഗലീലായാം ദ്വാദശഃ പടലഃ" എന്നു് അതിൽ കാണുന്ന സ്ഥിതിക്കു് ആ കാര്യത്തിൽ സന്ദേഹമില്ല. അതുപോലെ "മനുഷ്യാലയചന്ദ്രിക"യിലും ഒരു നീലകണ്ഠപ്രസ്താവം കാണുന്നു.

"ശ്രീമംഗളാസ്പദ സദാശ്രയനീലകണ്ഠ–
പ്രേമപ്രകർഷനിലയഃ സകലാഭിവന്ദ്യഃ
ശ്രീമൽഗിരീന്ദ്രതനയാതനയോംഘ്രിഭാജാം
കാമപ്രദോ ജയതി മത്തമതംഗജാസ്യഃ"

എന്ന ശ്ലോകം നോക്കുക. "ചെല്ലൂർനാഥോദയം, തൈക്കൈലാസനാഥോദയം" ഇത്യാദികളുടെ കർത്താവായി കൊല്ലം 740—766 ഈ ആണ്ടുകളിൽ കാവ്യവ്യവസായത്തിൽ വ്യാപരിച്ചിരുന്ന ഒരു നീലകണ്ഠന്റെ കാര്യം ശ്രീമാൻ പണിക്കർ എടുത്തുപറഞ്ഞിരിക്കുന്നു. ഈ നീലകണ്ഠന്മാരെല്ലാം ഒന്നുതന്നെയോ ഭിന്നമോ എന്ന വിചാരമിരിക്കട്ടെ. ചെല്ലൂർനാഥോദയം, തൈക്കൈലാസനാഥോദയം ഇവയുടെ രചയിതാവായ നീലകണ്ഠനാണു് എഴുത്തച്ഛനാൽ ഹരിനാമകീർത്തനത്തിൽ ഗുരുവായി സ്മരിക്കപ്പെട്ടിരിക്കുന്നതെന്നും അതുകൊണ്ടു് തുഞ്ചത്തു ഗുരുപാദരുടെ കാലം 750–നു മുമ്പാവാൻ തരമില്ലെന്നും പണിക്കരവർകളും അഭിപ്രായപ്പെടുന്നു.

അതിന്റെ സാധുത്വം നിരസിക്കുന്നതിനു നീലകണ്ഠപട്ടികയിൽ ഉൾപ്പെടുന്ന മറെറാരു മഹാന്റെ സംഗതി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. നദീപ്രവാഹത്തിനടിയിൽ ആണ്ടുകിടക്കുന്ന പാറക്കെട്ടുപോലെ കാലഗതിയിൽ അപ്രത്യക്ഷതയെ പ്രാപിച്ച ഒരു പാണ്ഡിത്യകൂടമാണു് ഞാനിവിടെ പ്രവേശിപ്പിക്കുവാൻ തുട

ങ്ങുന്ന നീലകണ്ഠൻ. തിരുവനന്തപുരത്തു സംസ്കൃതഗ്രന്ഥപ്രസി ദ്ധീകരണാദ്ധ്യക്ഷനായ സാംബശിവശാസ്ത്രികളുടേയും അദ്ദേഹ ത്തിന്റെ സഹായനായ മഹോപാദ്ധ്യായൻ പത്മനാഭപിള്ള അ വർകളുടേയും സൌജന്യംകൊണ്ട് തന്ത്രസംഗ്രഹം എന്നും ആയ്യ് ടീയഭാഷ്യമെന്നും രണ്ടു സംസ്കൃതഗ്രന്ഥങ്ങളും പരിശോധിക്കു വാനിടയായി. ആയ്യ്ടീയഭാഷ്യകാരൻ കഠോരവൈദുഷ്യനായ ഒരു നീലകണ്ഠനാണെന്നു് അതിൽ സ്പഷ്ടമായി പറയപ്പെട്ടിരി ക്കുന്നു. പ്രസ്തുത ഭാഷ്യത്തിൽ ഗ്രന്ഥകാരൻ സപരമായി "ഇതി ശ്രീകണ്ഡഗ്രാമജേന, ഗാർഗ്ഗ്യഗോത്രേണാശ്വലായനേന, ഭാട്ടേന, കേരളസൽഗ്രാമഗൃഹസ്ഥേന, ശ്രീശേഖരണ്യനാഥ പരമേശ്വ രകരുണാനിധികരണഭ്രതവിഗ്രഹേണ, ജാതവേദഃപുത്രേണ, ശങ്ക രാഗ്രജേന, ജാതവേദോമാതുലേന, ദുർഗ്ഗണിതനിർമ്മാപകപരമേ ശ്വരപുത്ര ശ്രീദാമോദരാത്തജ്യോതിഷ്മായനേന, രവിത ആത്ത വേദാന്തശാസ്ത്രേണ, സുബ്രഹ്മണ്യസഹൃദയേന നീലകണ്ഠേന, സോമസുതാ" എന്നു പറഞ്ഞിരിക്കകൊണ്ട് അദ്ദേഹം തൃക്കണ്ടി യൂർ ഗ്രാമത്തിലാണ് ജനിച്ചതെന്നും സോമയാജിയായിരുന്നെന്നും ജ്യോതിഷം, മീമാംസാ, വേദാന്തം ഇത്യാദി ശാസ്ത്രങ്ങളും അഭ്യ സിച്ചിരുന്നെന്നും വ്യക്തമാകുന്നു. പിന്നെയും ആയ്യ്ടീയഭാഷ്യ ത്തിൽ "ഇതിദം പ്രഥമേ വയസ്യേവ വർത്തമാനേന മയാ ദ്വിതീയ വയസി സ്ഥിതേന കൌഷീതികിനാ ആദ്യേന കാരിതം, അത്ര കേഷാഞ്ചിദ്വ്യക്തയഃ പുനരസ്മദനുജേന ശങ്കരാഖ്യേന തൽസ മീപേ അധ്യാപയതാ വർത്തമാനേന തസ്മൈ പ്രതിപാദിതാഃ തസ്യാധ്യയനാൽ സ്വാതന്ത്ര്യാച്ച തത്ര വ്യാപാരശ്ച നിർവൃത്തഃ. തസ്മിൻ സ്വർഗ്ഗതേ പുനരത ഏവ മയാ അദ്യപ്രവയസാ ജ്ഞാതാഃ യുക്തീഃ പ്രതിപാദയിതും ഭാസ്കരാദിഭിരനുക്താ വ്യാഖ്യാതാനാം കർമ്മാണ്യപി പ്രതിപാദയിതും യഥാകഥഞ്ചിദേവ വ്യാഖ്യാനം ആരബ്ധം" എന്നു കാണുന്ന സ്ഥിതിക്ക് പ്രസ്തുതഭാഷ്യഗ്രന്ഥം തന്റെ ചെറുപ്പത്തിൽ നീലകണ്ഠസോമയാജി ആദ്യനായ കൌ ഷീതകിയെക്കൊണ്ട് ചെയ്യിപ്പിച്ചു എന്നും, ടി കൌഷീതകിക്കു

സമീപത്തിങ്കൽ പഠിച്ചുകൊണ്ടിരുന്ന തന്റെ അനുജൻ ശങ്കരൻ ചിലരുടെ യുക്തികളും പറഞ്ഞുകൊടുത്തിട്ടുണ്ടെന്നും ടിയാന്റെ മരണശേഷം താൻ വയോധികനായിരിക്കെ, വീണ്ടും ഭാസ്കരാചാര്യാദിമതപരിശോധനാർത്ഥം വ്യാഖ്യാനം ആരംഭിച്ചിട്ടുള്ളതാണെന്നും സിദ്ധമാകുന്നു. ഇവിടെ ആദ്യനായ കൌഷീതകി എന്നു പറയുന്നതു് ആഴുവാഞ്ചേരി തമ്പ്രാക്കളെ ഉദ്ദേശിച്ചാണു്.

"ഇതി കൌഷീതകി ശ്രുതപാ
നേത്രനാരായണഃ പ്രഭുഃ
മഹദ്യം ന്യവേദയത്തസ്മൈ
തദൈവം പ്രത്യപാദയം"

എന്നുള്ള ശ്ലോകം നോക്കുക. ഈ നീലകണ്ഠസോമയാജിയുടെ കൃതിയാണു് തന്ത്രസംഗ്രഹം എന്നു് "അത ഏവോക്തം മയാ തന്ത്രസംഗ്രഹേ" എന്നു് ആര്യഭടീയഭാഷ്യത്തിലുള്ള ഭാഗം വിശദീകരിക്കുന്നു. തന്ത്രസംഗ്രഹത്തിന്റെ രചനാകാലം നിർണ്ണയിക്കുന്നതു ഷ്കരമല്ല.

'ഹേ വിഷ്ണോ നിഹിതം കൽസ്നം
ജഗത്പത്യൈവ കാരണേ'

എന്ന ആരംഭശ്ലോകത്തിലെ ആദ്യപാദം ഗ്രന്ഥം തുടങ്ങിയ ദിവസത്തെയും,

"ലക്ഷ്മീശനിഹിതധ്യാനൈ-
രിഷ്ടം സർവ്വൈർഹി ലഭ്യതേ"

എന്ന അവസാന പദ്യത്തിലെ ആദ്യപാദം ഗ്രന്ഥസമാപ്തിദിവസത്തെയും കലിദിനസംഖ്യകളാണു്. "'ലക്ഷ്മീശനിഹിതധ്യാനൈ' രിത്യക്ഷരസംഖ്യയാ സമാപ്തിസമയഃ 'അഹർഗ്ഗണശ്ച ദർശിതഃ'" എന്ന വ്യാഖ്യാതാവു പറയുന്നതു പ്രസ്താവയോഗ്യമാകുന്നു. ലക്ഷ്മീശത്യാദിപാദംകൊണ്ടു കലിവർഷം 4602 മേടം 1-ാംനു- വെള്ളിയാഴ്ച ഗ്രന്ഥം സമാപ്തമായി എന്നും "ഹേ വിഷ്ണോ" ഇത്യാദികൊണ്ടു് അഞ്ചുദിവസം മുമ്പു് അതായതു് ഞായറാഴ്ചയാണു് ഗ്രന്ഥം ആരംഭിച്ചതെന്നും കാണാവുന്നതാണു്. അതുകൊണ്ടു്

കൊല്ലവഷ്ം 676–ാമാണ്ടാണു് തന്ത്രസംഗ്രഹത്തിന്റെ നിമ്മിതി യെന്നു സിദ്ധിക്കുന്നു. അതിന്റെ കത്താവായ നീലകണ്ഠസോമ യാജിയാണു് എഴുത്തച്ഛന്റെ ഗുരുവായ ശ്രീ നീലകണ്ഠൻ എന്നു വിചാരിക്കുന്നതിനു വളരെ ന്യായങ്ങളും ഉണ്ടു്. പ്രസ്തുത നീല കണ്ഠസോമയാജി തൃക്കണ്ടിയൂർ ഗ്രാമക്കാരനാണു്. അദ്ദേഹം ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ സഹവാസിയും ഉപദേഷ്ടാവുമായി രുന്നു. എഴുത്തച്ഛൻ തൃക്കണ്ടിയൂക്കാരനാണെന്നും ആഴ്വാഞ്ചേരി മനയ്ക്കൽ ഇടപെട്ടിരുന്നു എന്നും മുമ്പുതന്നെ സ്പഷ്ടമായിട്ടുണ്ടല്ലോ. ചെല്ലൂർനാഥോദയകത്താവായ നീലകണ്ഠൻ മിക്കവാറും കൊച്ചീ രാജാക്കന്മാരുടെ ആശ്രയത്തിൽ കഴിഞ്ഞിട്ടുള്ളതായി കാണുന്ന സ്ഥിതിക്കു് എഴുത്തച്ഛന്റെ ഗുരുവായിരിക്കുവാൻ ഇടകാണുന്നില്ല. ആര്യഭടീയകത്താവായ നീലകണ്ഠസോമയാജി അതി പ്രൌഢനായ ഒരു ജ്യോതിശ്ശാസ്ത്രവിദഗ്ധനായിരുന്നു എന്നും പറ ഞ്ഞുവല്ലോ. അദ്ദേഹവും എഴുത്തച്ഛനുമായുള്ള ഗുരുശിഷ്യബ ന്ധത്തെ ഏകദേശം സമാനച്ഛായമായ പിതാപുത്രബന്ധമായി തെറ്റിദ്ധരിച്ചു പില്ലാലത്തു് എഴുത്തച്ഛന്റെ അച്ഛൻ ജ്യൌതിഷി കനായ ഒരു നമ്പൂതിരിയാണെന്നു് ഒരു ഐതിഹ്യമുത്ഭവിച്ചിരി ക്കാമെന്നും ഞാൻ വിചാരിക്കുന്നു.

നീലകണ്ഠസോമയാജി തന്ത്രസംഗ്രഹം നിമ്മിച്ചതു് 676–ാ മാണ്ടാണെന്നു കാണുന്നതിനാൽ എഴുത്തച്ഛന്റെ കാലം 700–ാമാ ണ്ടിടയ്ക്കാണെന്നും "നാകസ്യാനനസൌഖ്യം" എന്നതു കലിദിന സൂചനയാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. ആര്യഭടീയ ഭാഷ്യം അചിരേണ പ്രകാശിതമാകുമെന്നുള്ളതുകൊണ്ടു് അതിന്റെ വൈശിഷ്ട്യത്തെപ്പറ്റി ഇവിടെയൊന്നും പ്രസ്താവിക്കേണ്ടതായി ട്ടില്ല.

ജീവചരിത്രവിഷയത്തിൽ എഴുത്തച്ഛൻ മിക്കവാറും അപ്ര ത്യക്ഷനാകുന്നു. അദ്ദേഹം ഗൃഹസ്ഥാശ്രമം സ്വീകരിച്ചിരുന്നോ എന്നു നിശ്ചയമില്ല. ചിന്താരത്നം മകളുടെ അദ്ധ്യാപനത്തിനു രചിച്ചിട്ടുള്ളതാണെന്നു ശങ്കരനെഴുത്തച്ഛൻ അവർകളും മറ്റു

ക്കൊക്കുവേണ്ടിയാണെന്നു നാരായണപ്പണിക്കരെവർകളും ഭിന്നമായി പറഞ്ഞുകാണുന്നു. അദ്ദേഹം വളരെ വിദേശസഞ്ചാരം ചെയ്തിട്ടുള്ളതായും വിശ്വസിച്ചുപോരുന്നു. അതിനുള്ള ലക്ഷ്യങ്ങളും സംശയാതീതങ്ങളല്ല. മഹാക്ഷേത്രങ്ങളെപ്പറ്റി പറയുന്ന കൂട്ടത്തിൽ,

"കാശിയും രാമേശ്വരം ശ്രീരംഗം കുംഭകോണം
കാമാക്ഷി ഗയാ പുരുഷോത്തമം ഗോകർണ്ണവും
കാളഹസ്തിയും കമലാലയം ചിദംബരം
വ്യാളേന്ദ്രപുരം ശിവപേരൂർ തൃക്കാരിയൂരും"

എന്നു ചിന്താരത്നത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അതുപോലെ ശ്രീരാമൻ ലങ്കയിൽനിന്നു തിരിച്ചുവരുമ്പോഴും,

1. "മിഥിലേശ്വരനന്ദനയേ സതി സരിതാംപതിമിതു കാൺ
മലയം പരുവതസാനുവൊടിടതിങ്ങിയ ചിറയും
പിതൃതപ്പണമിയലും ജനകൃതപാപവുമകലു–
ന്നമലേശ്വരമിത ജാനകി രഘുനായക ശരണം.

2. കലശോത്ഭവമുനിവാസവുമിതു ദക്ഷിണമധുരാ–
മരുണാചലമരുണാധരികൃതമാലയുമിതകാൺ
കമലാശ്രിതമണിരംഗവുമതിപുണ്യമിതമലേ
മണികാഞ്ചനപുരമിങ്ങിത രഘുനായക ശരണം.

3. ചടുലായതനയനേ ശ്രുതിരുവെങ്കിടഗിരി കാൺ–
കതിപുണ്യമിതമലേ പുനരിതു ദണ്ഡകവിപിനം
വടപഞ്ചകവിലസദ്ഗോദരതടിനീതടനികടേ
മമ വാസകുടിയുമിങ്ങനെ രഘുനായക ശരണം.

ഇങ്ങനെ ഇരുപത്തുനാലുവൃത്തത്തിൽ ദേശവർണ്ണനചെയ്തിരിക്കുന്നു. ഇവയിൽനിന്നു ദേശപരിചയമനുമാനിക്കുന്നതിനുമുമ്പായി ചിന്താരത്നവും ഇരുപത്തിനാലുവൃത്തവും എഴുത്തച്ഛന്റെ കൃതികളാണെന്നു സ്ഥാപിക്കേണ്ടിയിരിക്കുന്നു. ചിന്താരത്നത്തെ എഴുത്തച്ഛനോടു നിർവ്വിശങ്കം സംഘടിപ്പിക്കുവാൻ തോന്നുന്നില്ല. ഒന്നാ

മതു് മുമ്പുപറഞ്ഞ ക്ഷേത്രങ്ങളുടെ കൂട്ടത്തിൽ സപ്തശേഷദേവാലയങ്ങളെപ്പറ്റി, കവി എഴുത്തച്ഛനായിരുന്നെങ്കിൽ, വല്ലതും പറയാതിരിക്കുമായിരുന്നോ? രണ്ടാമതു്,

"വിപ്രന്മാരെല്ലാരേയും വരുത്തീട്ടവരെക്കൊ-
ണ്ടുൽകൃഷ്ടമായ കർമ്മം ചെയ്യിപ്പിക്കുന്ന കേചിൽ
ഭക്തിയും പ്രതിഗ്രഹം വസ്തുവും ദാനങ്ങളും
പ്രത്യേകമവർക്കഭിലാഷമെന്തെന്നാലവ
തൃപ്തിവന്നീടുമാറു കൊടുത്തീടുന്ന പുണ്യം
വർദ്ധിച്ചു മുക്തി ലഭിക്കേണമെന്നിച്ഛയോടെ.
മുക്തിദാനൈകമൂർത്തിപരനാം ഭഗവാൻത-
ന്നന്തരംഗത്തളിരിങ്കലിരുന്നീടുന്നതറിയാതെ
പൃഥ്വീദേവന്മാരാലേ ചെയ്യപ്പെട്ടൊരു കർമ്മ-
ശക്തികൊണ്ടെന്നിക്ക സായുജ്യമായിരിപ്പൊരു
മുക്തിയേ ലഭിക്കേണമെന്നു ചിന്തിക്കും മൂഢ-
ചിത്തന്മാരജ്ഞാനികളധികാരികളല്ലൊ"

എന്നു ചിന്താരത്നത്തിൽക്കാണുന്ന ഭാഗം അദ്വൈതസിദ്ധാന്തങ്ങളുപ്രകാരം നിരാക്ഷേപമാണെങ്കിലും എഴുത്തച്ഛൻ അന്യത്ര പ്രകടീകരിച്ചിട്ടുള്ള ബ്രാഹ്മണഭക്തിയോടു നിരപ്പായിരിക്കുന്നുവോ? ഇങ്ങനെയുള്ള ഭാഗങ്ങളും വിചാരിച്ചു ചിന്താരത്നത്തിന്റെ കർത്തൃത്വത്തെപ്പറ്റി ഞാൻ ചിന്താകുലനാകുന്നു. ഇരുപത്തുനാലുവൃത്തത്തിന്റെ കാര്യത്തിൽ എഴുത്തച്ഛന്റെ കർത്തൃത്വത്തെ പണിക്കരവർകളും നിരസിക്കുന്നു. ശ്രീമാൻ എസ്സ്. പരമേശ്വരയ്യരവർകളും ആ അഭിപ്രായംതന്നെയെന്നറിയുന്നു. മി: പണിക്കരുടെ അഭിപ്രായത്തിനു് ആധാരമായി അദ്ദേഹം കരുതുന്നതു് ഇരുപത്തുനാലുവൃത്തകർത്താവു് പുനത്തിന്റെ രാമായണചമ്പുവിനെ സാവൃത്തികമായി ആശ്രയിച്ചിട്ടുണ്ടെന്ന ധാരണയാണു്. സാവൃത്തികമായിട്ടല്ലെങ്കിലും രാമായണചമ്പു ഇരുപത്തുനാലുവൃത്തത്തിൽ വളരെ ഭാഗത്തു ബിംബിതമായിട്ടുണ്ടെന്നുള്ളതിനു തർക്കമില്ല. അന്തിമഭാഗത്തു പ്രായേണ ഈ കവി രഘുവംശ

തെയാണ് ശരണീകരിച്ചിരിക്കുന്നതെന്നും പറയേണ്ടിയിരിക്കുന്നു. ഇതിനെ ദൃഢീകരിക്കുവാൻ ഏതാനും ദൃഷ്ടാന്തങ്ങളും ഉദ്ധരിക്കാം.

1. വിമലഗുണകീർത്ത മമ ജനനിമാരോ–
ടിതി ബത വിശേഷിച്ചവരൊട്ട പറഞ്ഞീ–
ട്ടുദരധൃതഗർഭം മമ പതിനിഷേകം
തദപി വചനീയം പരപുരുഷ വിഷ്ണോ. (24 വൃത്തം)

ശപശ്രൂജനം സ്വമനുക്രമേണ
വിജ്ഞാപയ പ്രാപിതമൽപ്രണാമം
പ്രജാനിഷേകം മയി വർത്തമാനം
സൂനോരനുധ്യായത ചേതസേതി. (രഘു)

2. മമ വചനഹേതോരവനിപതിതന്നോ–
ടിതു പറക നീതാനനലനിൽ വിശ്രുദ്ധാം
അഹിതവചനാന്നാം കളകംകുലയോഗ്യം
ശ്രുതസദൃശമെന്നോ പരപുരുഷ വിഷ്ണോ. (24 വൃത്തം)

വാച്യസ്ഥയാ മദ്വചനാൽ സരാജാ
വഹ്നൗ വിശ്രുദ്ധാമപി യൽ സമക്ഷം
മാം ലോകവാദശ്രവണാദഹാസീഃ
കുലസ്യ കിം തൽ സദൃശം ശ്രുതസ്യ? (രഘു)

3. സാഹം തപഃ സൂര്യനിവിഷ്ടദൃഷ്ടി–
രൂർദ്ധ്വം പ്രസൂതേശ്ചരിതും യതിഷ്യേ
ഭൂയോ യഥാ മേ ജനനാന്തരേപി
ത്വമേവ ഭർത്താ ന ച വിപ്രയോഗഃ. (രഘു)

പ്രസവമതുതീർന്നാൽ വരനൊട്ട രമിപ്പാൻ
പെരിയൊരു തപംചെയ്തതിനു മുതിരുന്നോൻ
ഒരുകുറി പിരിഞ്ഞീടരുതതിനു ദൈവം
വരമരുളവേണം പരപുരുഷ വിഷ്ണോ. (24 വൃത്തം)

4. നൃപസ്യ വർണ്ണാശ്രമപാലനം യൽ
സ ഏവ ധർമ്മോ മനുനാ പ്രണീതഃ
നിർവാസിതാപ്യേവമതസ്തവായാഹം
തപസ്വിസാമാന്യമപേക്ഷണീയാ. (രഘു)

കുരളകേട്ട കളഞ്ഞതിനേതുമേ
പുരുഷമില്ല നമുക്കു നിരൂപിച്ചാൽ
നരപതിക്കു വർണ്ണാശ്രമപാലനം
വിഹിതമായിട്ടു നാരായണ നംബോ (24 വൃത്തം)

ഈ പദ്യത്തിൽ "പണ്ടാശ്രിതപാലനം" എന്നു കാണുന്ന പാഠം സ്പഷ്ടമേ ദുഷ്ടമാകുന്നു.

5. തഥേതി തസ്യാഃ പ്രതിഗൃഹ്യ വാചം
രാമാനുജേ ദൃഷ്ടിപഥം വ്യതീതേ
സാ മുക്തകണ്ഠം വ്യസനാതിഭാരാ–
ച്ചക്രന്ദ വിഗ്നാ കുരരീവ ഭൂയഃ. (രഘു)

ചരണപല്ലവം കുമ്പിട്ടു ലക്ഷ്മണൻ
മരമരികേപോയ് മെല്ലെ മറഞ്ഞപ്പോഴം
അരിയ സീതയ്ക്കുണ്ടായോരു ദുഃഖത്തെ
പറയാമോ ശിവ നാരായണനംബോ (24 വൃത്തം)

"കുരരിപോലെ കരയുന്ന സീതേടെ" എന്നു തുടങ്ങുന്ന പദ്യവും നോക്കുക.

6. നൃത്തം മയൂരാഃ കുസുമാനി വൃക്ഷാ
ദർഭാനുപാത്താൻ വിജഹുർഹരിണ്യഃ
തസ്യ പ്രപന്നേ സമദുഃഖഭാവ–
മത്യന്തമാസീദുദിതം വനേപി (രഘു)

തരുനികരമുതുത്തു മലർനിര
മുഖത്തുണങ്ങാതം വെടിഞ്ഞു ഹരിണികളം
നടനംചെയ്തീല കേകികളം സീതേടെ
ദുരിതംകേട്ടിട്ടു നാരായണ നംബോ (24 വൃത്തം)

ഇങ്ങിനെ പല ഉദാഹരണങ്ങളും പിന്നീടുള്ള ഭാഗത്തുനിന്നു മുദ്ധരിക്കാവുന്നതാണു്. ഇങ്ങനെയുള്ള ഇരുപത്തുനാലുവൃത്തഭാഗങ്ങളും രഘുവംശശ്ലോകങ്ങളാൽ അനുപ്രാണിതങ്ങളാണു്. ഇതുകൂടാതെ മറ്റു പല ടിക്കുകളിൽനിന്നും ക്രമായകമം സഹീകരിച്ചു് ഇരുപത്തുനാലുവൃത്തത്തിൽ പ്രയോഗിച്ചിട്ടുണ്ടു്. ആ കാരണംകൊണ്ടു് അതു് എഴുത്തച്ഛന്റെ കൃതിയല്ലെന്നു പറയാമെന്നതോന്നുന്നില്ല. അങ്ങനെയാണെങ്കിൽ അദ്ധ്യാത്മരാമായണത്തിലും അന്യഭാഷാകവികളുടേയും സംസ്കൃതകവികളുടേയും ആശയങ്ങളും ഭംഗ്യന്തരേണ പ്രയോഗിച്ചുകാണുന്നസ്ഥിതിക്കു് അതിന്റെ കർത്തൃതപം മാറിനിൽക്കുന്നുയിക്കേണ്ടിവരും. തനിക്കു രുചിക്കയും സംഗതമായി തോന്നുകയുംചെയ്യുന്ന പരകവിതാശയങ്ങളും ആത്മസാൽകരിക്കുന്നതിൽ എഴുത്തച്ഛൻ വിമുഖനല്ല. ബ്രഹ്മാണ്ഡപുരാണത്തിലും ഈ നയം കാണ്മാനുണ്ടു്. ഏതാനും ഉദാഹരണങ്ങളും താഴെ ചേർക്കുന്നു.

1. "വായുവേഗത്തേയ്ക്കുലം തട്ടുന്നുനിത്തുംപോലെ"

ഇവിടെ

"ന പാടപോൻമൂലനശക്തി രംഹഃ
ശിലോച്ചയേ മൂർഛതി മാരുതസ്യ"

എന്ന രഘുവംശപദ്യച്ഛായ സംക്രമിച്ചിരിക്കുന്നു.

2. "പന്നഗദഷ്ടമായോരംഗുലിയെന്നാകിലും
ഛിന്നമാക്കണ,മെന്നേ ജീവനെ രക്ഷിക്കാവൂ"
"ത്യാജ്യോ ദുഷ്ടഃ പ്രിയോപ്യാസീ–
ദംഗുലിവോരഗക്ഷതാ"

എന്ന രഘുവംശശ്ലോകാദ്ധ്യസംഹരണം ഇവിടെ സ്പഷ്ടമാകുന്നു. ഇതുതന്നെ ഉദ്യോഗപർവ്വത്തിൽ,

"ദുഷ്ടമായിതു വിരൽ പാമ്പിനാലെന്നാകിലോ
പെട്ടെന്നാ വിരൽതന്നെ ഛേദിക്കെന്നതും വരും"

എന്ന രൂപാന്തരത്തിൽ കാണുന്നു.

3. "അകാര്യചിന്താ സമകാല ഏവ
പ്രാദുർഭവംശ്ചാപധരഃ പുരസ്താൽ
അന്തഃശരീരേഷ്വപി യഃ പ്രജാനാം
പ്രത്യാദിദേശാവിനയം വിനേതാ."

എന്ന പ്രസിദ്ധശ്ലോകം കാത്തവീര്യനെ വർണ്ണിക്കുന്നഘട്ടത്തിൽ,

"എങ്ങാനുമൊരുദിക്കിലൊരുത്തനധർമ്മത്തിൻ
സംഗമുണ്ടാകിലപ്പോളവന്റെ മുമ്പിൽ കാണാം.
ഖഡ്ഗവും ബാണങ്ങളും ചക്രചാപാദികളും
കൈക്കൊണ്ടു കൃതാന്തനഭീതിയുണ്ടാമ്മാറപ്പോഴും."

എന്നു് തജ്ജിമചെയ്യപ്പെട്ടിരിക്കുന്നു.

4. "പുണ്യമില്ലാത ജനങ്ങളുടെ ഗൃഹം–
തന്നിലെങ്ങുമെഴുന്നള്ളുകയില്ലഹോ
നിർണ്ണയം ദിവ്യജനങ്ങളുതുകൊണ്ടു
ധന്യനെന്നെന്നെ ഞാനിന്നുമനുന്നേ മുനേ."

ഇതിൽ,

"ഗൃഹാനുപൈതും പ്രണയാദഭീപ്സവോ
ഭവന്തി നാപുണ്യകൃതാം മനീഷിണഃ"

എന്ന മാഘശ്ലോകതാല്പര്യം സ്മരിച്ചുകാണുന്നു. ഇതുപോലെ അദ്ധ്യാത്മരാമായണത്തിലും പല പരകീയച്ഛായകളും തട്ടിയിട്ടുണ്ടെന്നു തെളിയിക്കാം. ഛായാസംക്രമണം, അതുകൊണ്ടു്, ഇരുപത്തുനാലുവൃത്തത്തിന്റെ കർത്തൃത്വത്തെ നിരസിക്കുവാൻ അസംഖലത്തായ കാരണമല്ല. എന്റെ ദൃഷ്ടിയിൽ കൂടെക്കൂടി പ്രബലവും ശങ്കാകരവും ആയി കാണപ്പെടുന്ന കാരണം മറെറാന്നാകുന്നു. അതു്, എഴുത്തച്ഛന്റെ സഹജമായ ഗൌരവത്തിനു പകരം പ്രഥമദൃഷ്ടിക്കു് ലാഘവാവഹങ്ങളായ ഭാഗങ്ങളും ചിലടത്തു കാണ്മാനുണ്ടെന്നുള്ളതാകുന്നു. വിവക്ഷിതത്തെ വിശദമാക്കുവാൻ ഒരുദാഹരണമുദ്ധരിക്കാം. യുദ്ധരംഗത്തിൽ രാവണൻ ശ്രീരാമനോടു പറയുന്നു:—

"എന്തെന്തെടാ രാഘവാ, നില്ലുനി–
ല്ലെന്തോത്തടക്കുന്നു നീ താടകാരേ?
കണ്ണുത്തിലൂടേ കടന്നീടുമിപ്പോ–
ളെൻ ചന്ദ്രഹാസം ഹരേ രാമനാമ."

ഇതു കേട്ട് ലക്ഷ്മണൻ പറയുന്ന മറുപടി,

"ഊക്കെങ്ങുപോയീ പുരാ ബാലിതന്നോ–
ടേറ്റംകുന്നനേരത്തെടാ രാവണാ കേവം;
വാൽക്കൽ കിടക്കുംപ്രകാരങ്ങളോത്താ–
ലോക്കാനമാകുന്നു ശ്രീരാമരാമ.
നേരിട്ടണഞ്ഞിട്ടു പോർചെയ്യുമാറം
മാറങ്ങളെക്കൊണ്ടുപോയെങ്കിൽ നിൻെറ

വീയ്യുങ്കമം ശൌയ്യുങ്കമം * കൊള്ളാൻ കള്ളാ
ദൂരത്തുപോയ് നില്ല ശ്രീരാമരാമ."

ഈ വിധമുള്ള യുദ്ധസംരംഭ ഭാഷ ഏകദേശം ആട്ടക്കഥകളിലെ പോക്കുവിളിയോടടുത്തുനിൽക്കുന്നു. എന്നാൽ ഏവംവിധമായ ഗ്രാമീണഭാഷണം എഴുത്തച്ഛൻെറ യുദ്ധവർണ്ണനകളിൽ കണ്ടിട്ടുള്ളതായിട്ടോർക്കുന്നില്ല "എടാ" എന്ന പദംതന്നെ എഴുത്തച്ഛൻ പ്രയോഗിച്ചിട്ടുള്ളതായി തോന്നുന്നില്ല. പ്രസ്തുതഘട്ടത്തിൽ അദ്ധ്യാത്മരാമായണത്തിൻെറ ഭിന്നത നോക്കുക.

"നിൽക്കും ദശാനനൻ കോപിച്ചു ചൊല്ലിനാൻ
ലക്ഷ്മണൻതന്നോടു നന്നു നീയെത്രയും
രക്ഷിച്ചവാറു വിഭീഷണനെത്തഥാ
രക്ഷിക്കിൽ നന്നു നിന്നെപ്പുനരുരന്നുടെ
ശക്തിവരുന്നതു കണ്ടാലുമിന്നൊരു
ശക്തനാകിൽഭവാൻ ഖണ്ഡിക്കവേലിതു്."

ഇതിലെ ഭാഷ എത്ര സമഞ്ജസമായിരിക്കുന്നു!

---

* കൊള്ളാൻ = കൊള്ളുമായിരുന്നു എന്നതിൻെറ ക്ലിഷ്ടപിഷ്ടരൂപം.

മണ്ഡോദരിയോടനുസരിച്ചന്നേരം
പണ്ഡിതനായ ദശാസ്യനും ചൊല്ലിനാൻ”

എന്നു് യുദ്ധകാണ്ഡത്തിൽ കാണുന്നതുകൊണ്ടു രാവണനെ കേവലം പാമരനായിട്ടെഴുത്തച്ഛൻ സങ്കല്പിച്ചിട്ടില്ലെന്നു് വ്യക്തമാകുന്നു. അങ്ങിനെയുള്ള പ്രതിനായകനെക്കൊണ്ടു് ഇരുപത്തുനാലുവൃത്തത്തിൽ കാണുന്നതുപോലെ എഴുത്തച്ഛൻ പ്രാകൃതപ്രലാപം ചെയ്യിപ്പിക്കയില്ലെന്നു വിചാരിക്കുന്നു. ഇതുയും പറഞ്ഞതുകൊണ്ടു് ഇരുപത്തുനാലുവൃത്തത്തിനു കാവ്യശോഭയൊന്നുമില്ലെന്നുവരുന്നതല്ല. അതു് വേറൊരു കാര്യം. ഇരുപത്തുനാലുവൃത്തം പൂനത്തിന്റെ കൃതിയാണെന്നു് ശ്രീമാൻ പണിക്കർക്കുള്ള അഭിപ്രായം അങ്ങു രാവസ്ഥയിലിരിക്കുന്നതേ ഉള്ളു. എങ്കിലും അംഗീകരിക്കുന്നതിനു പ്രയാസമാണെന്നു പറഞ്ഞുകൊള്ളട്ടെ.

ഇങ്ങനെ എഴുത്തച്ഛന്റെ പരദേശപരിചയമധികരിച്ചുള്ള വിചാരം ശാഖോപശാഖമായി പടർന്നുപോയതു വിരമിപ്പിക്കുന്നതിനുമുമ്പു് ഒരു സംഗതികൂടി പ്രസ്താവയോഗ്യമായിട്ടുണ്ടു്.

“ശൂദ്രനു ഭാഗിനേയൻ പിണ്ഡകർത്താവായതു്
ശൂദ്രനു ഗതിവരുത്തീടുവാനെളതല്ലോ”

എന്നു ശാന്തിപർവത്തിൽ കാണുന്ന ഭാഗം എഴുത്തച്ഛന്റെ സ്വയംകൃതിയാണെന്നുള്ളതിനു സംശയമില്ല. കേരളത്തിലല്ലാതെ പരദേശത്തു ഭാഗിനേയൻ പിണ്ഡദനല്ല. പരദേശത്തു് ശൂദ്രരുടെ ഇടയിലും പുത്രപൌത്രീണക്രമമനുസരിച്ചാണു് ദായവ്യവസ്ഥയും പിണ്ഡസംബന്ധവുമെന്നുള്ള ആചാരം എഴുത്തച്ഛൻ ഗ്രഹിച്ചിരുന്നതായി തോന്നുന്നില്ല. അതുകൊണ്ടു വിചാരിക്കേണ്ടതു് അദ്ദേഹം കേവലം കേരളീയനായിരുന്നു എന്നും അഥവാ ദേശസഞ്ചാരം ചെയ്തിരുന്നാൽത്തന്നെയും ഗാഢമായ പരിചയം സമ്പാദിക്കത്തക്കവിധം പരദേശവാസം ചെയ്തിരുന്നില്ലെന്നുമാകുന്നു.

എഴുത്തച്ഛൻ സമ്മാന്യനിഷ്ഠനും പരമഭക്തനും അധർമ്മഭീരുവുമായിരുന്നെന്നുള്ളതിനു് അദ്ദേഹത്തിന്റെ കൃതികളും നിശ്ശങ്കം ഘോഷിക്കുന്നു. അദ്ദേഹത്തിനു് അല്പം മദ്യാസക്തിയുണ്ടാ

യിരുന്നതായി ചിലർ പറയുന്നതു കേട്ടിട്ടുണ്ട്. പക്ഷേ ആ അപവാദത്തിന്റെ ആസ്പദം കേവലം വികലമാകുന്നു. കണ്ണപർവാരംഭത്തിൽ പ്രഥമദൃഷ്ടിക്കു് അസംഗതമെന്നു തോന്നാവുന്ന വിധത്തിൽ ചെയ്തിരിക്കുന്ന ശിവസ്മരണവും 'സുഖപാനമോദലഹരി' എന്ന പ്രയോഗവുമാണു് ചില ക്ഷിപ്രഭ്രമികയ്ക്കു് ഇതിലേക്കു് ആശ്രയിക്കുന്ന ലാഞ്ഛനങ്ങൾ. ദ്രോണപർവാവസാനത്തിൽ ശതരുദ്രീയം എന്നു് ശിവപരമായ ഒരു ഭാഗമുള്ളതിനെത്തുടർന്നു് കണ്ണപർവം രചിതമായിരിക്കാമെന്നുള്ളതുകൊണ്ടു് ആരംഭത്തിൽ പരമശിവധ്യാനത്തിനു നല്ല ഉപപത്തിയുള്ളതാകുന്നു. ലഹരീശബ്ദത്തിനു സംസ്കൃതത്തിൽ ഓളം അഥവാ തിര എന്നാണർത്ഥം. സൌന്ദര്യലഹരി, അമൃതലഹരി, കരുണാലഹരി ഇത്യാദി പ്രയോഗങ്ങളും നോക്കുക. സുഖപാനമോദലഹരി എന്നിടത്തു് ആ അർത്ഥത്തിലാണു് ലഹരിശബ്ദം പ്രയുക്തമായിരിക്കുന്നതു്. അല്ലാതെ ലഹരിപദാർത്ഥം എന്നു സാധാരണ പറയാറുള്ളതിലെ മാദനോന്മത്തതയിലല്ല. ആ സ്ഥിതിക്കു് പ്രസ്തുത ഭാഗങ്ങളെ ആലംബമാക്കി മേൽപറഞ്ഞതരമൊരപവാദം സാധൂകരിക്കാവുന്നതല്ല.

ഉപോദ്ഘാതം

'എഴുത്തച്ഛന്റെ കൃതികളും ഏവ' എന്ന വിചാരത്തിൽ ഭാരതത്തേയും അദ്ധ്യാത്മരാമായണത്തേയും ഹരിനാമകീർത്തനത്തേയും പറഞ്ഞു യാതൊരു തർക്കവുമുള്ളതായി കേട്ടിട്ടില്ല. ദേവീമാഹാത്മ്യം വായിച്ചിട്ടു വളരെനാൾ കഴിഞ്ഞിരിക്കകൊണ്ട് അതിനെപ്പറ്റി ഞാനിവിടെ ഒന്നും പറയുന്നില്ല. ഉത്തരരാമായണം കിളിപ്പാട്ട് കുഞ്ചൻനമ്പിയാരുടെ കൃതിയാണെന്നു ഭാഷാചരിത്രകാരൻ അഭിപ്രായപ്പെട്ടു. അങ്ങനെയല്ലെന്നും അതെഴുത്തച്ഛന്റെ കൃതിയായിരിക്കണമെന്നും ഞാൻ പുറപ്പെടുവിച്ച അഭിപ്രായത്തോടു യോജിക്കാതെ അതു് ആരുടെ കൃതിയെന്നു നിർണ്ണയിക്കുവാൻ നിവൃത്തിമില്ലെന്നു ശ്രീമാൻ പണിക്കർ പറയുന്നു. ശിവപുരാണം എഴുത്തച്ഛന്റെ കൃതിയെന്നുള്ള ധാരണയെ ഞാൻ നിരസിച്ചു. അതുപോലെ ഭാഗവതത്തിന്റെ കായ്ത്തിലും ചുരുങ്ങിയപക്ഷം ദശമം സ്കന്ധിഗീതാദ്ധ്യായം തുടങ്ങിയ ഭാഗത്തെ സംബന്ധിച്ചെങ്കിലും എഴുത്തച്ഛന്റെ കർത്തൃത്വത്തെ ഞാൻ എതിർത്തു. അതിൽ ശിവപുരാണത്തിനെപ്പറ്റി ശ്രീമാൻ പരമേശ്വരയ്യർ എന്റെ അഭിപ്രായത്തോടു യോജിക്കുന്നുണ്ടെന്നു കാണുന്നു. മി: പണിക്കരും ആ അഭിപ്രായത്തെതന്നെ അംഗീകരിക്കുന്നു. ഭാഗവതപക്ഷത്തിൽ അദ്ദേഹം എനിക്കു പ്രതിപക്ഷമായി നിൽക്കുന്നു. ചിന്താരത്നം, കൈവല്യനവനീതം, ഇരുപത്തുനാലുവൃത്തം ഇവയുടേയും ബ്രഹ്മാണ്ഡപുരാണത്തിന്റേയും കായ്കും മുമ്പുതന്നെ പറയപ്പെട്ടു. ഇരുപത്തുനാലുവൃത്തത്തെപ്പറ്റി എന്റെ ധാരണ മി: പണിക്കരുടെ അഭിപ്രായം കണ്ടശേഷം പുനഃപരിശോധനയിൽ ഞാൻ ഉപേ

ക്ഷിക്കയാണു് ചെയ്തതെന്നു സസന്തോഷം സമ്മതിച്ചുകൊള്ളുന്നു. എന്നാൽ അതുപോലെ ഉത്തരരാമായണത്തേയും ഭാഗവതത്തേയും പറ്റി സപ്രാഭിപ്രായത്യാഗത്തിനു ഞാൻ സന്നദ്ധനല്ല. ഉത്തരരാമായണത്തെപ്പറ്റി എനിക്കുള്ള വാദങ്ങളും കുഞ്ചൻനമ്പിയാരെ അധികരിച്ചു രചിച്ച പ്രബന്ധത്തിലാണു് ഞാൻ ആദ്യം പ്രസിദ്ധീകരിച്ചതു്. അതു കുഞ്ചൻനമ്പിയാരുടെ കൃതിയല്ലെന്നു സ്ഥാപിക്കുവാനെങ്കിലും പ്രസ്തുത വാദങ്ങൾക്കു് പ്രാബല്യമുണ്ടായതോത്തു് എനിക്കു കൃതാർത്ഥതയുണ്ടു്. ഉത്തരരാമായണം എഴുത്തച്ഛന്റെ കൃതിയാണെന്നുള്ളതിനു്ടി വാദങ്ങളും മതിയാകയില്ലെന്നു് മി: പണിക്കർ പറയുന്നു. ഈ തർക്കത്തിലേക്കു തന്നിമിത്തം പ്രത്യാഗമിക്കേണ്ടിയിരിക്കുന്നു. അദ്ധ്യാത്മരാമായണം, ഭാരതം, ഭാഗവതം, ഇരുപത്തുനാലുവൃത്തം, ഇങ്ങനെ എഴുത്തച്ഛന്റെ കൃതികളെന്നു ധരിച്ചിരുന്നവയിലുള്ള ഏതാനും വരികളും ഛായകളും ഉത്തരരാമായണത്തിൽ കണ്ടുമുട്ടുന്നതു് ഏകകർത്തൃകതയെ സാധിക്കുവാൻ ഒരു വാദമായി ഞാൻ പ്രയോഗിച്ചു. മറ്റു ചില ന്യായങ്ങളും ഞാൻ പറഞ്ഞിരുന്നു. അതിൽ സാദൃശ്യലക്ഷ്യമായ വാദത്തെ അഭിമുഖീകരിച്ചു് മി: പണിക്കർ പറയുന്നു:—"ഉത്തരരാമായണത്തിനും ഭാഗവതം, ഇരുപത്തുനാലുവൃത്തം, ഈ ഗ്രന്ഥങ്ങൾക്കും ഉള്ള ചില ആശയസാദൃശ്യങ്ങളെക്കുടി അദ്ദേഹം (അതായതു പി. കെ. നാരായണപിള്ള) ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. എന്നാൽ ഇരുപത്തുനാലുവൃത്തം എഴുത്തച്ഛന്റെ കൃതിയല്ലെന്നു് അന്യത്ര തെളിയിച്ചിട്ടുണ്ടല്ലൊ. ഭാഗവതം രാമാനുജകൃതിയല്ലെന്നു സ്ഥാപിക്കുന്നതിനു് മി: പി. കെ. നാരായണപിള്ളതന്നെ ശ്രമിച്ചുകാണുകയുംചെയ്യുന്നു. ആ സ്ഥിതിക്കു് ഈ സാദൃശ്യങ്ങളെ ഒരു തെളിവായി സ്വീകരിക്കുവാൻ പ്രയാസമായിട്ടാണിരിക്കുന്നതു്. അദ്ധ്യാത്മരാമായണത്തിലേയും ഉത്തരരാമായണത്തിലേയും സാദൃശ്യങ്ങളെ അടിസ്ഥാനപ്പെടുത്തി അവ രണ്ടും ഒരാളുടെ കൃതിയാണെന്നു പറയുന്ന പക്ഷം അതേമാതിരിയിലുള്ള സാദൃശ്യങ്ങളെത്തന്നെ അടിസ്ഥാനപ്പെടുത്തി ഭാഗവതവും എഴുത്തച്ഛന്റെ കൃതിയാണെന്നു വാദി

ക്കേണ്ടേ? ആ വിഷയത്തിൽ മി: പി. കെ. നാരായണപിള്ളയ്ക്കു സമ്മതം കാണുന്നുമില്ലല്ലൊ." ഭാഗവതത്തെപ്പറ്റി എന്റെ അഭിപ്രായം എങ്ങനെയും പോകട്ടെ. അതു് എഴുത്തച്ഛന്റെ കൃതിയാണെന്നു വിശ്വസിക്കുന്ന കൂട്ടത്തിലാണല്ലൊ മി: പണിക്കർ. എന്റെ യുക്തിവൈകല്യം സ്ഥാപിക്കാനാണെങ്കിൽ മി: പണിക്കർ പറയുന്നതു പര്യാപ്തംതന്നെ. പക്ഷേ ഉദ്യമം വാസ്തവഗ്രഹണത്തിനാണല്ലൊ. ആശയസാദൃശ്യം, ഒരേ മൂലകൃതിയേത്തന്നെ ആശ്രയിക്കുകനിമിത്തം ഭിന്നകർത്തൃകങ്ങളായ പ്രബന്ധങ്ങളിലും സംഭവിക്കാവുന്നതാണു്. പക്ഷേ അപഹരണശങ്കയ്ക്കു് അവകാശമില്ലെങ്കിൽ ഒരേ വാക്യം അഭിന്നരൂപമായി രണ്ടു കൃതികളിൽ കണ്ടാൽ രണ്ടും ഒരേ കവിയുടെ കൃതികളെന്ന അനുമാനത്തിനു പ്രബലമായ ലക്ഷ്യമല്ലയോ? അധ്യാത്മരാമായണത്തിലെ വാക്യങ്ങളും ഉത്തരരാമായണത്തിൽ കാണുന്നതുപോലെ ഭാഗവതത്തിലുമുണ്ടെന്നു കാണിച്ചതന്നാൽ ഭാഗവതത്തിന്റെ കർത്തൃതത്തിൽ എനിക്കുള്ള ശങ്കയെ അത്രമാത്രം ദൂരീകരിക്കാം. വിശേഷിച്ചു് ശ്രുതിഗീതാദ്ധ്യായം തുടങ്ങിയുള്ള ഭാഗത്തു് അത്തരം പ്രയോഗങ്ങളും കുറെ ആരെങ്കിലും കാണിച്ചുതന്നാൽ എഴുത്തച്ഛനെപ്പറ്റി എന്റെ മതിപ്പു ഭേദപ്പെട്ടേത്തി അവിടവും അദ്ദേഹത്തിന്റെ കൃതിയാണെന്നു വിശ്വസിക്കാൻ ശ്രമിക്കാം. അതുകൊണ്ടു് ഒരേവാക്യത്തിന്റെ പൗനഃപുന്യം ഒരു ലക്ഷ്യമാണെന്നതന്നെ ഞാൻ വിശ്വസിക്കുന്നു. ഉത്തരരാമായണകർത്താവു് കണ്ണശ്ശപ്പണിക്കരുടെ ഉത്തരരാമായണത്തെ അനുസരിച്ചിട്ടുണ്ടെന്നു് മി: പണിക്കർ പറയുന്നു. ആ അഭിപ്രായം സുപ്രതിഷ്ഠമാണെന്നു പറയേണ്ടിയിരിക്കുന്നു. തന്നിമിത്തം മി: പണിക്കർ അനുമോദിതവ്യനുമാകുന്നു. അഭിനവമായ ഈ ഉപജ്ഞാനം അനേക വിചാരവീഥികളെ ഉറക്കുന്നതിനുപകരിക്കുന്നു. പക്ഷേ അതുകൊണ്ടു് അതു് എഴുത്തച്ഛന്റെ കൃതിയാകയില്ലെന്നു് മി: പണിക്കർ അഭിപ്രായപ്പെടുന്നതു സ്വീകാര്യമല്ല. കണ്ണശ്ശന്റെ കൃതികളെ എഴുത്തച്ഛൻ അധ്യാത്മരാമായണത്തിലും ചില ടിക്കിൽ അനുസരിച്ചി

ട്ടുണ്ടെന്നു നിവ്വിവാദമായി തെളിയിക്കാം. കണ്ണശ്ശപ്പണിക്കരും എഴുത്തച്ഛനും സമകാലികന്മാരായിരുന്നു എന്നുള്ള ഐതിഹ്യം എഴുത്തച്ഛൻ പൂവ്വകവിയായ കണ്ണശ്ശപ്പണിക്കരെ പല ഘട്ടങ്ങളിലും ഉപജീവിച്ചിട്ടുണ്ടെന്നുള്ള പരമാത്ഥത്തിന്റെ ദുർവ്വാഖ്യേയമായ ഒരു രൂപാന്തരമാകുന്നു. കണ്ണശ്ശരാമായണം ഉത്തരകാണ്ഡം, വാല്മീകിരാമായണം ഉത്തരകാണ്ഡത്തിന്റെ വിവർത്തമാണെന്നു പറയേണ്ടതില്ലല്ലൊ. ഉത്തരരാമായണനിർമ്മിതിയിൽ ഒരുപക്ഷേ വാല്മീകിരാമായണവും എഴുത്തച്ഛൻ വായിച്ചിരിക്കാം. എങ്കിലും കണ്ണശ്ശന്റെ ചരടാണു് എഴുത്തച്ഛൻ പ്രധാനമായി പിടിച്ചു കാണുന്നതു്. പറഞ്ഞതിനെ സമർത്ഥിക്കുവാൻ ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാം. സീതയെ കാട്ടിൽ വിട്ടിട്ടു മടങ്ങിവന്ന ശേഷം രാമലക്ഷ്മണന്മാരുടെ സംഭാഷണത്തിൽ,

"ആദരവാൽ വഴിയമ്പലമെയ്തിയ–
തീവ സുഖേന പറഞ്ഞരനാഴിക
നീതിയിൽ നാനാടികകൾതോറും
നിന്നവരുന്നവരൊന്നിയിരുന്നാൽ
ഖേദമൊഴിഞ്ഞു പറഞ്ഞാരോവഴി
ഗതരാവതുപോൽ ബാന്ധവസുതദാ–
രാദികളോടിതമായ് കാണാമുട–
നവരവർ പോവതൊരോവഴി മുറവും"

എന്നു കണ്ണശ്ശന്റെ ഉത്തരകാണ്ഡത്തിൽ കാണുന്നു. അതേ ഘട്ടത്തിൽ എഴുത്തച്ഛൻ,

"പാന്ഥന്മാർ പെരുവഴിയമ്പലംതന്നിൽ വന്നു
താന്തരായിരുന്നുടൻ പിരിഞ്ഞുപോകുംപോലെ
ജനകൻ ജനനിയും നന്ദനഭാര്യാധന–
മാനവാസരം കൈക്കൊണ്ടിരുന്ന ചിലദിനം
മുഖ്യഭേദത്തോടവർ ചെയ്തിട്ടും കർമ്മങ്ങളുംകഴ
തക്കവാറോരോവഴി പിരിഞ്ഞുപോയിട്ടവർ"

എന്നു പറയുന്നു. ഈ ഭാഗത്തു വാല്മീകി പറയുന്നതു്,

"സർവ്വേ ക്ഷയാന്താ നിചയാഃ പതനാന്താഃ സമുച്ഛ്രയാഃ
സംയോഗാ വിപ്രയോഗാന്താ മരണാന്തം ച ജീവിതം
തസ്മാൽ പുത്രേഷു ദാരേഷു മിത്രേഷു ച ധനേഷു ച
നാതിപ്രസംഗഃ കർത്തവ്യോ വിപ്രയോഗാ ഹിതൈർധ്രുവം"

എന്നാകുന്നു.

ഇവിടെ പെരുവഴിയമ്പലത്തിന്റെ ഉപമ കണ്ണശ്ശനിൽ നിന്നും, ധനത്തിന്റെ ആകഷ്ണം വാല്മീകിയിൽനിന്നും സ്വീകരിച്ചിട്ടുള്ളതാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. രാമപരിത്യക്തയായ സീതയുടെ വിചാരവർണ്ണനയിൽ വാല്മീകി:

"കിം നു പാപം കൃതം പൂർവ്വം കോ വാ ദാരൈർവിയോജിതഃ
യാഹം ശുദ്ധസമാചാരാ ത്യക്താ നൃപതിനാ സതീ"

തൽസ്ഥാനത്തിൽ കണ്ണശ്ശൻ:

"ഓരാതേ ഞാൻ പണ്ടതിപാപമുടൻ
ചെയ്തേനോ പുനരിതു വരുവാൻ
ദാരാദികളൊട്ട വേറുപെടുത്തു സ–
ദാ പലരെക്ഖേദിപ്പിച്ചേനോ
വീരാധിപനാമെൻ ഭർത്താവു
വിവേകമൊഴിഞ്ഞെന്നെക്കളവാനെ–
ന്താരേ ഗതിയാശ്രമമതിൽ ഞാ–
നാരുംകൂടാതെ വാഴ്വേനോ?"

അതേഘട്ടത്തിൽ എഴുത്തച്ഛൻ:

"ഞാൻ മുന്നമനേകമാനുഷരെ ദുഃഖിപ്പിച്ചു
കാമ്യദാരങ്ങളോട്ട വേർപെടുത്തതിൻഫലം
ഞാനിപ്പോളനുഭവിച്ചിടുന്നതിനിമേലിൽ
ദീനതാമെത്രകാലം ഭുജിച്ചീടുകവേണം?"

ശുദ്ധസമാചാരയായി സതിയായിരിക്കുന്ന എന്നെ ഉപേക്ഷിച്ചതു വിചാരിച്ചാൽ ഞാൻ പൂർവ്വജന്മത്തിൽ പാപംചെയ്തിട്ടുണ്ടോ, വല്ലവരേയും ഭാര്യയിൽനിന്നു വേർപെടുത്തിയിട്ടുണ്ടോ, എന്നു വാല്മീകിയുടെ സീത വിചാരിക്കുന്നു. ആ ആശയം ഭംഗി

യായി കണ്ണശ്ശനിൽ വന്നില്ല. അനാവശ്യ പദങ്ങളൊഴിവാക്കുന്നു് ആശയം വളരെ നേപ്പിച്ചതായും പറയേണ്ടിയിരിക്കുന്നു. എഴുത്തച്ഛന്റെ സീതയ്ക്കു പാപശങ്കയേയില്ല. പക്ഷേ മുമ്പു വളരെ ആളുകളെ ഭായ്വാവിയോഗദുഃഖമനുഭവിപ്പിച്ചിട്ടുണ്ടെന്നു് ടി സീത തീവ്രപ്പെടുത്തുന്നു. ആ കർമ്മഫലം ഇപ്പോഴും അനുഭവിക്കയാണെന്നും ഇനി അതു് എത്ര അനുഭവിക്കേണ്ടിയിരിക്കുമെന്നുമാണു് വിചാരഗതി. ദേവേന്ദ്രനു വൃത്രനെ വധിക്കനിമിത്തം ബ്രഹ്മഹത്യാപാപമുണ്ടായി. അതു തീർക്കുന്നതിനു് അശ്വമേധം കഴിച്ചു. അങ്ങനെ ദേവേന്ദ്രനെ വിട്ടൊഴിഞ്ഞ ബ്രഹ്മഹത്യ സ്വയമേ നാലായി വിഭാഗിക്കപ്പെട്ട നാലിടത്തായി വാസസ്ഥാനം സ്വീകരിച്ചു. അതിനെപ്പറ്റി വാല്മീകി,

> "ഏകേനാംശേന വത്സ്യാമി പൂർണ്ണോദാസു നദീഷു വൈ
> ചതുരോ വാർഷികാൻ മാസാൻ ദ്വിപ്സന്തീ കാമചാരിണീ
> ഭ്രമ്യാമഹം സർവ്വകാലം ഏകേനാംശേന സർവദാ
> വസിഷ്യാമി ന സന്ദേഹഃ സത്യമൈതൽ ബ്രവീമി വഃ
> യോയമംശസ്തൃതീയോ മേ സ്ത്രീഷു യൗവനശാലിഷു
> ത്രിരാത്രം ദ്വിപ്രപൂർണ്ണാസു വസിഷ്യേ ദ്വിപ്രഘാതിനീ
> ഹന്താരോ ബ്രാഹ്മണാൻ യേ തു മൃഷാപൂർവ്വമദൂഷകാൻ
> താംശ്ചതുർത്ഥേന ഭാഗേന സംശ്രയിഷ്യേ സുരർഷഭാഃ"

അതിന്റെ സ്ഥാനത്തു കണ്ണശ്ശൻ:

> "നിന്ന മഹാ പാപമിതമരേന്ദ്രനിയോഗത്താലേ
> വിപ്രരെ വധചെയ്യുന്നവരിൽ തരുണികളിലു-
> മെല്ലാമിതമൊടമന്നിതുടൻ ജലമതിലും."

ആ ഘട്ടത്തിൽ എഴുത്തച്ഛൻ:

> "നാരികയും രജസ്വലയായിരിക്കുന്നിടത്തും
> നീരിലേ നരയിലും ബ്രഹ്മഘാതകങ്കലും
> ചൂതു സന്തതം പൊരുതീടുന്ന നരങ്കലും
> പാതകം നാലിടത്തും പകുത്തു നല്കീടിനാൻ."

ഇവിടെ എഴുത്തച്ഛൻ ഏറിയകൂറും വാല്മീകിയെയാണു് പിൻതുടരുന്നതു്. പക്ഷേ മൂലകളിക്കാരിൽ ബ്രഹ്മഹത്യയ്ക്കുശേഷം വാസമുണ്ടെന്നുള്ളതു് വാല്മീകിയിലൊ കണ്ണശ്ശനിലൊ കാണാത്തതായ ഒരു നൂതനാശയമാണു്. ഇങ്ങനെ പ്രായേണ കണ്ണശ്ശനേയും ചിലപ്പോൾ വാല്മീകിയേയും എഴുത്തച്ഛൻ അനുഗമിക്കുന്നുണ്ടെങ്കിലും, അവരുടെ കൃതികളാൽ അദ്ദേഹം കേവലം ശൃംഖലിതനല്ല. ചിലപ്പോൾ രണ്ടുപേരെയും വിട്ടു സ്വമനോധർമ്മമനുസരിച്ചും ചിലപ്പോൾ സംക്ഷേപിച്ചും ചിലടത്തു വിസ്തരിച്ചും ഉള്ള ഗതികൊണ്ടു് ആകപ്പാടെ ഉത്തരരാമായണം കിളിപ്പാട്ടു് ഒരു സ്വതന്ത്രകൃതിയെ പ്രാപിക്കപ്പെട്ടിരിക്കുന്നു. ശംബൂകനെന്നും ജംബൂകനെന്നും ജംബുകനെന്നും വിവിധ രൂപത്തിൽ പേർപറഞ്ഞു കാണുന്ന ഒരു ശൂദ്രൻ തപസ്സുചെയ്തതുനിമിത്തം ഒരു ബ്രാഹ്മണബാലനു് അകാലമരണമുണ്ടായതായ ഒരു വിചിത്രകഥ ഉത്തരരാമായണത്തിലുണ്ടല്ലൊ. തന്നിമിത്തം ശ്രീരാമൻ അവനെ തേടിപുറപ്പെട്ട വനത്തിൽ പലടത്തും അന്വേഷിച്ചു് ഒരുവിധത്തിൽ കണ്ടുപിടിച്ചു. എന്തിനായി തപസ്സുചെയ്യുന്നു എന്നുള്ള ചോദ്യത്തിനു സ്വർഗ്ഗകാമനായി തപസ്സുചെയ്യുന്നു എന്നാണു് വാല്മീകിയുടേയും കണ്ണശ്ശന്റേയും കൃതികൾപ്രകാരം അവന്റെ ഉത്തരം. എഴുത്തച്ഛൻ അതു മാറ്റി,

"ജംബുകനെന്നു നാമമായൊരു ശൂദ്രനഹം,
സംവിദ്രൂപത്തെ ധ്യാനിച്ചാകുന്നു തപസ്സു മേ;
മോക്ഷം വന്നീടുവതിനാഗ്രഹിച്ചറിഞ്ഞാലും
സാക്ഷാൽ നിന്തിരുവടി നൽകണമാശു മാശ്വം"

എന്നു പറഞ്ഞിരിക്കുന്നു. മഹത്തായ തപസ്സു ചൈതന്യരൂപനായ പരമാത്മാവിനെ ധ്യാനിച്ചും മോക്ഷതല്പരമായിട്ടുമാകയാൽ ക്ഷുദ്രമായ സ്വർഗ്ഗരസത്തിൽ ഭ്രമമില്ലെന്നും ദേവേന്ദ്രാദികൾ സംഭ്രമിക്കേണ്ട കാര്യമില്ലെന്നും മോക്ഷസിദ്ധിക്കുള്ള യത്നം ആർക്കുമാകാമെന്നും പ്രാണനാശഭയമല്പവുമില്ലെന്നും പ്രസ്തുതമായ ഉത്തരം സ്മരിപ്പിക്കുന്നു. വാല്മീക്യാദി മഹാകവികളിൽനിന്നു ഭിന്നിച്ചു

മേൽപ്രകാരമൊരു സ്വാതന്ത്ര്യത്തിനു മുതിരുവാൻ എഴുത്തച്ഛനെപ്പോലെ ഒരു സ്വയംപ്രമാണനല്ലാതെ തോന്നുകയില്ല.

നഗരത്തിലെ വാർത്തകളും അറിഞ്ഞുവന്നു പറയുന്നതിനു നിയുക്തനായിരുന്ന ഭദ്രൻ സീതാപവാദമായ കണ്ണികാകോളം ഉദ്ഘോഷിക്കുന്നതിനുമുമ്പു ജനങ്ങളെല്ലാം ശ്രീരാമനെ പ്രശംസിക്കുന്ന കഥ ധരിപ്പിക്കുന്നു. അതുകേട്ട ശ്രീരാമൻ പറയുന്നു,

"എന്നതു കേട്ടു രാമചന്ദ്രനരുൾചെയ്തു
നന്നു നന്നിത്ഥം വർണ്ണിക്കുന്നതു മതിമതി;
രാജസന്നിധിയിങ്കൽ ദോഷങ്ങളും മറച്ചോരോ
പൂജനീയങ്ങളായ ഗുണങ്ങളും വർണ്ണിച്ചീടും
അങ്ങനെ ലോകസ്വഭാവം പുനരെന്നാലതു
മംഗലമല്ല സത്യം ചൊല്ലുന്നതത്രേ നല്ലു.
പാക്കുമ്പോലും ഗുണദോഷം മിശ്രമായിട്ടേയുള്ളു,
ആക്കുമേ ഗുണജാലം ദോഷം കൂടാതെ വരാ.
ചൊല്ല നീ ദോഷമായിട്ടുള്ളതുമിനിയെന്നു
ചൊല്ലിയ നൃപനോടു ഭദ്രനുമുരചെയ്താൻ."

ഇങ്ങനെ ഒരു ഭാഗം വാല്മീകിയിലോ കണ്ണശ്ശനിലോ കാണ്മാനില്ല. കരതലാമലകംപോലെ ലോകസ്വഭാവം കണ്ടു തത്ര ദർശനംചെയ്യുന്ന എഴുത്തച്ഛന്റെ മനോമുദ്ര ഈ ഭാഗത്തു വ്യക്തമായി പതിഞ്ഞുകാണുന്നു.

സീതയെ ഏകാകിനിയായി കാട്ടിൽവിട്ട ലക്ഷ്മണൻ പിരിഞ്ഞുപോയശേഷം ഋഷികുമാരന്മാർ ആ പതിവ്രതാപതാകയെ കണ്ടു ചെന്നു വാല്മീകിയോടു പറയുന്ന ഭാഗം നോക്കുക:—

"പുഷ്കരനേത്രയുടെ ദുഃഖം കണ്ടതുമൂലം
വൃക്ഷങ്ങളും വല്ലികളും മാഴ്കുന്നു കഷ്ടം കഷ്ടം!
നദിയുമൊഴുകാതെ നിൽക്കുന്നു ദുഃഖത്തോടെ
കതിരോന്താനുമുഴന്നിങ്ങനെ നിന്നീടുന്നു.
പവനൻതനിക്കുമില്ലിളക്കമെന്തോ! കഷ്ടം!
പവനാശനന്മാരും വിലത്തിൽ പുക്കീടുന്നു.

പക്ഷികളും വൃക്ഷങ്ങളും ശബ്ദിക്കുന്നതുമില്ല
രക്ഷിച്ചീടുകവേണമവളെത്തപോനിധേ!"

ഇതിനു സദൃശമായി വാല്മീകിയിലാകട്ടെ കണ്ണശ്ശനിലാകട്ടെ യാതൊന്നും കാണുന്നില്ല. അങ്ങനെ ഒരു ഘട്ടത്തിൽ എഴുത്തച്ഛന്റെ കവിതാപം കല്ലോലിതമായി കഥാഗതിയുടെ കരകളെ കവിഞ്ഞുകാണുന്നു സവിശേഷകോമളമായിരിക്കുന്നു. ഏകാകിനിയായി ഭയനീയയായി പരിണമിച്ച സീതയുടെ സ്ഥിതി വിചാരിച്ചു് ലോകാനുഗ്രഹലോലനായ എഴുത്തച്ഛന്റെ അന്തരാത്മാവു് ഋഷികുമാരവാക്യരൂപത്തിൽ ഇവിടെ ദ്രവിച്ചുകാണുന്നു.

രാമാശ്വമേധത്തിനു വാല്മീകിസഹിതയായി വന്ന സീത വീണ്ടും ലോകബോധ്യത്തിനു സത്യംചെയ്യണമെന്നു് അപവാദഭീരുവും പരപ്രത്യയനേയബുദ്ധിയുമായ രാമൻ പറയുന്നു. അതിനനുസരിച്ചു സീത സത്യംചെയ്യുന്ന വണ്ണനയിൽ എഴുത്തച്ഛന്റെ താദാത്മ്യസ്ഫുരണം ഉദാഹരണത്തിനുദ്ധരിക്കുന്നു. ആ ഘട്ടത്തിൽ വാല്മീകിയുടെ വാക്യങ്ങളും,

"സ്വാന്തഃ സമാഗതാൻ ദൃഷ്ട്വാ സീതാ കാഷായവാസിനീ
അബ്രവീൽ പ്രാഞ്ജലിർവ്വാക്യമധോദൃഷ്ടിരധോമുഖീ:—
യഥാഹം രാഘവാദന്യം മനസാപി ന ചിന്തയേ
തഥാ മേ മാധവീദേവീ വിവരം ദാതുമർഹതി;
മനസാ കർമ്മണാ വാചാ യഥാ രാമം സമർച്ചയേ
തഥാ മേ മാധവീദേവീ വിവരം ദാതുമർഹതി;
യഥൈതൽ സത്യമുക്തം മേ വേദ്മി രാമാൽ പരം ന ച
തഥാ മേ മാധവീദേവീ വിവരം ദാതുമർഹതി."

അതിനു കണ്ണശ്ശൻ,

"തപമിയലും വടിവീടിയ ജാനകി
താനതിദീനയതായ് ജനമധ്യേ
അവനിയെ നോക്കിയധോമുഖിയായ് നി—
ന്നറിക സമസ്തരുമെന്നയിതെന്നാൾ:
എന്നും ഭർത്താവോടല്ലാതെറെ—
ന്നനസാ ചിന്തിച്ചില്ലൊരുവനൊ—

ടൊന്നിയിരിപ്പാനായൊരുകാലവു–
മുണ്മയിതെങ്കിൽ വസുന്ധരയേ നീ
ഇന്നു നമുക്കവകാശം തന്നീടല്ല–
യതല്ലാൽ വേണ്ടവതെന്നാള–
വന്നു മഹാസിംഹാസനഗതയായ–
വനി പിളന്നവനിയുമെതിർവന്നാശം."

ഇനി എഴുത്തച്ഛൻ പറയുന്നതു നോക്കുക.

"പരമഗുണവതിയാകിയ സീതയപ്പോശം
വരനെത്തന്നെ നോക്കിക്കണ്ണുനീർ വാർത്തുവാർത്തു
ഖേദമെതുമേ നിറഞ്ഞുള്ള മാനസത്തോടും
മേദിനിപുത്രി പറഞ്ഞിടിനാളതുനേരം:—
സത്യം ഞാൻ ചൊല്ലീടുന്നതെല്ലാരും കേട്ടുകൊശംവിൻ
വൃത്തമെൻ പതിന്നാലുപേരുമുണ്ടറിഞ്ഞിട്ട
ഭർത്താവുതന്നെയൊഴിഞ്ഞന്യപുരുഷന്മാരെ–
ച്ചിത്തത്തിൽ കാംക്ഷിച്ചേനില്ലേകദാ മാതാവേ! ഞാൻ
സത്യമിതെങ്കിൽ മമ നൽകീടൊരനുഗ്രഹം
സത്യമാതാവേ! സകലാധാരഭൂതേ! നാഥേ!
തൽക്ഷണേ സിംഹാസനഗതയായ് ഭൂമി പിള–
ന്നക്ഷീണാദരം സീതതന്നെയുമെടുത്തുടൻ
സസ്നേഹം ദിവ്യരൂപം കൈക്കൊണ്ടു ധരാദേവി
രതനസിംഹാസനേ വച്ചാശു കീഴ്പോട്ട പോയാശം."

ഇവിടെ അസ്പഷ്ടദുഷ്ടമായ വ്യത്യാസം ഗണ്യമാകുന്നു. എഴുത്തച്ഛൻ സീതയെ അധോമുഖിയാക്കുന്നില്ല. നേരേമറിച്ചു് സീതയുടെ ദൃഷ്ടി രാമനെത്തന്നെ ലക്ഷീകരിക്കുന്നു; മേദിനിപുത്രി എന്ന ശബ്ദത്തിൽ ഭൂമിയോടുള്ള പ്രാർത്ഥനാവകാശം സ്ഫുടിപ്പിക്കുന്നു; ലോകസാക്ഷികളായ പതിന്നാലുപേരെയും സാക്ഷിക്കു വിളിക്കുന്നു. ഇതു ഭാരതത്തിലെ ശകുന്തളാവാക്യത്തിൽനിന്നു കവിയുടെ ഓർമ്മയിൽപ്പെട്ടതാണെന്നുള്ളതിനു സംശയമില്ല. മറു രണ്ടു കവികളിലും ഇങ്ങനെ ഒരു ചമൽക്കാരം കാണുന്നില്ല.

"മാതാവേ" എന്നിടത്തെ സംബോധന എത്രയോ ഹൃദയംഗമമായിരിക്കുന്നു! വാല്മീകിക്കോ, കണ്ണശ്ശനോ ഇങ്ങനെ ഭൂദേവിയെ സംബോധനചെയ്യാൻ ഈ ഘട്ടത്തിൽ തോന്നാതെപോയതു് കഷ്ടമായിപ്പോയി എന്നു് എഴുത്തച്ഛന്റെ പ്രയോഗം കാണുമ്പോഴാം തോന്നുന്നു. ഭർത്തൃച്യുതയായ സ്ത്രീമതല്ലികയ്ക്കു മാതാവല്ലാതെയാരാണു് ഗതിയുള്ളതു്?

വിദ്യുൽകേശനും ഭാര്യയായ സാലകടംകടയുംകൂടി മന്ദരപർവ്വതതടത്തിൽ ക്രീഡിച്ചു താമസിച്ചിരുന്നപ്പോഴാം സുകേശൻ ഭ്രജാതനായി. രതിരീതികളിലാസക്തരായിരുന്ന മാതാപിതാക്കൾ ശിശുവിനെ ഉപേക്ഷിച്ചു് അവിടംവിട്ടു പൊയ്കളഞ്ഞു. പാർവ്വതീപരമേശ്വരന്മാർ കൂട്ടി തനിയേ കിടക്കുന്നതുകണ്ടു കുനിഞ്ഞു് അതിന്റെപേരിൽ പ്രസാദിച്ചു. ശ്രീപാർവതി ശിശുവിനെ എടുത്തു് മുലകൊടുത്തു എന്നുകൂടി എഴുത്തച്ഛൻ പറയുന്നു. ഇതു മറ്റു രണ്ടു കൃതികളിലുമില്ലാത്ത ഒരു കൂട്ടലാണു്. ഈ വക ഭേദഗതികളാം എത്രയും രമണീയമായിരിക്കുന്നു എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ.

എഴുത്തച്ഛന്റെ ഒരു പ്രത്യേകശക്തി സംക്ഷേപണസാമർത്ഥ്യമാകുന്നു. അതു് ഉത്തരരാമായണം കിളിപ്പാട്ടിലും പലേടത്തു കാണ്മാനുണ്ടു്. ഒരുദാഹരണം ഉദ്ധരിച്ചുകൊള്ളട്ടെ. ലങ്കയിൽ നിന്നു തിരിച്ചുവന്നു് അഭിഷേകശേഷം നാലുമാസക്കാലമല്ലാതെ സീതാരാമന്മാരുടെ ദാമ്പത്യബന്ധത്തിൽ സുഖാനുഭവത്തിനു പ്രവേശമുണ്ടായിട്ടില്ല. ആ നാലുമാസത്തെ സുഖാവസ്ഥയെ വർണ്ണിക്കുമ്പോഴാം കണ്ണശ്ശൻ പറയുന്നു:—

"ആനതുകാലമതൊരുപാടു കല്പിതപുഷ്പശയ്യാ—
യാമധികം മനോഹരമന്ദമാരുതം മെയ്യിലേറേ
മാനിതകേകികോകിലഷ്ടപദാദികളാനാദമെന്നും
വാർപൊഴിൽതന്നിൽനിന്നുളവായിവന്നവ കേട്ടിരുന്നേ
മാനവവംശജാതനിരാമൻ മന്നവർമന്നനീടാർ
മാനിനിയായ ജാനകിതന്നൊടും മധുപാനസൌഖ്യം

താനഴകോടിയന്നമരുന്നപോതിലിതംവരും ന്യ–
ത്താദികൾകൊണ്ടടൻ നരനാരിമാർ പലർ സേവചെയ്താർ.”

“വന്നു വസന്തസമയവും മൈഥിലി
തന്നോടുകൂടെ രമിച്ചു ഭഗവാനും
ഭോഗീന്ദ്രഭോഗതല്പസ്ഥനുമാഭോഗ–
ഭോഗേന നാലുമാസം കഴിഞ്ഞു തദാ
ജാനകീദേവിക്കു ഗർഭവുമക്കാല–
മാനന്ദവും തൽപ്രജകൾക്കു വർദ്ധിച്ചു.”

ഇത്രമാത്രമാണു് ആ ഭാഗത്തു് എഴുത്തച്ഛന്റെ വർണ്ണന. കണ്ണശ്ശന്റെ പുഷ്പശയ്യയും കേകികോകിലഷട്പദാദികളും മധുപാനവും എല്ലാം “വസന്തസമയ”മെന്നൊരു ചിമിഴിൽ അടക്കം ചെയ്തതുപോലെ തോന്നുന്നു. സീതയ്ക്കു് ഗർഭമുണ്ടായി. ശേഷമെല്ലാം ചിന്ത്യമെന്ന ഭാവത്തിൽ മൌനമുദ്രയ്ക്കു് അധീനമാകയും ചെയ്തു. ഇവിടെ സങ്കോചനം കൂടെ കടത്തുപോയെന്നു പറയേണ്ടിയിരിക്കുന്നു.

ഇങ്ങിനെയുള്ള വിചാരവീചികളാണ് നിമിത്തം ഉത്തരരാമായണം കിളിപ്പാട്ടു് എഴുത്തച്ഛന്റെ കൃതിയെന്നതന്നെ ഞാൻ വിശ്വസിക്കുന്നു. മുൻപറഞ്ഞ 913–ലെ കൈയെഴുത്തുഗ്രന്ഥത്തിൽ ഉത്തരരാമായണത്തിന്റെ അവസാനത്തിൽ “അധ്യാത്മരാമായണേ ഉമാമഹേശ്വരസംവാദേ ഉത്തരരാമായണേ തൃതീയസ്സന്ധം” എന്നു കാണുന്നതും പ്രസ്താവയോഗ്യമാകുന്നു. എഴുത്തച്ഛന്റെ കാലത്തു് കണ്ണശ്ശന്റെ കൃതികൾക്കു് ആദർശപദവിയെ പ്രാപിച്ചിരുന്നിരിയ്ക്കണമെന്നു തോന്നുന്നു; പക്ഷേ അതിലെ ഭാഷ അന്നത്തെ സാഹിത്യഭാഷയിൽനിന്നു കൂടെ വിഭിന്നമായിരുന്നിരിയ്ക്കണം. അങ്ങിനെയുള്ള കൃതികളെ അവിടവിടെ അവലംബിച്ചു് ഒരു നവീനകൃതി രചിക്കുന്നതിൽ വല്ല അപാകവും ആരോപിക്കുവാനുണ്ടെന്നു വിചാരിക്കുന്നില്ല. കാളിദാസൻ വാല്മീകിയെ പല വിധത്തിൽ ഉപജീവിച്ചുകാണുന്നു. അതുകൊണ്ടു് കാളിദാസന്റെ കവിതാപത്തെ അപലപിക്കാവുന്നതല്ലല്ലോ. അതുപോലെ ഉത്തരരാമായണം കിളിപ്പാട്ടിലും കവിതാരസമുണ്ടോ എന്നാണു് വിചാ

രവിഷയം. അങ്ങനെ നോക്കുമ്പോൾ ആ കൃതിയിൽ അവിടവിടെ ക്കാണുന്ന തിളക്കം അഗണ്യകോടിയിലേക്കു തള്ളിക്കളയത്തക്ക തല്ല.

ഇനി നിരൂപിക്കേണ്ടതു് ഭാഗവതംകിളിപ്പാട്ടിനെപ്പറ്റിയാ ണു്. അതിൽ എഴുത്തച്ഛന്റെ വചോവിലാസമോ കവിതാഗുണ സ്മരണമോ മിക്കവാറും ദുർല്ലഭമാണെന്നും, എങ്ങനെയായാലും ദശമസ്കന്ധം ശ്രുതിഗീതാദ്ധ്യായംമുതല്ലുള്ള ഭാഗങ്ങളും പ്രമാദപ്ര ചണ്ഡമാണെന്നുകണ്ടു് അതുയെങ്കിലും എഴുത്തച്ഛന്റെ കൃതിയാ വാൻ തരമില്ലെന്നും പരേതനായ രാമനുണ്ണിത്താനവർകളും പ്രസി ദ്ധീകരിച്ച ഭാഗവതത്തിന്റെ അവതാരികയിൽ എന്റെ അഭി പ്രായം പ്രസ്താവിച്ചിരുന്നു. ആ അഭിപ്രായത്തെ ഖണ്ഡിക്കാനുദ്യ മിച്ചു് പരേതനായ പത്യാധിപർ രാമകൃഷ്ണപിള്ള അവർകളും ഒരു ലേഖനം എഴുതി. പക്ഷേ പ്രതിശ്രുതമായ ലേഖനപരമ്പര അതോ ടുകൂടി വിച്ഛിന്നമായിപ്പോയി. ഇപ്പോളും നാരായണപ്പണിക്കര വർകളും എന്റെ വാദങ്ങളെ പരിശോധിച്ചു് എന്നോടു വിയോ ജിച്ചിരിക്കുന്നു. പണിക്കർ അവർകളേപ്പോലെ പാണ്ഡിത്യമുള്ള ഒരു നിരൂപകന്റെ അഭിപ്രായം അനാദരണീയമല്ല. "കലിം സഭാജയന്ത്യാര്യാഃ" എന്നതിനു് "കലികാലത്തു് കലിസഭയെ ജ്ജയിച്ചീടിൽ" എന്നും "പരോപി യുവതീം ഭിക്ഷുന്ന സ്പൃശേദ്ദാ രവീമപി" എന്നിടത്തു രവിശബ്ദമുണ്ടെന്നു് ഭ്രമിച്ചു്,

"ഭിക്ഷുനാരിയെ സ്പർശിക്കരുതെന്നുപോലെന്നാ–
ലക്നിജ്ജഗത്തെല്ലാം സ്പർശിച്ചങ്ങിരുന്നാലും"

ഇത്യാദിയായും തജ്ജിമചെയ്തിരിക്കുന്നതു് പ്രമാദത്തിനു രണ്ടു മകു ടോദാഹരണങ്ങളായി ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. ഇതുരണ്ടും വലിയ പ്രമാദങ്ങളംതന്നെ എന്നുള്ളഹം സമ്മതിക്കുന്നു. പക്ഷേ പ്രസ്തുതപ്രമാദങ്ങളുടെ കഠോരതകൊണ്ടുതന്നെ ടി. തജ്ജിമകളും സാധുവായിരിക്കണമെന്നുള്ളഹം വാദിക്കുന്നു. ഈ വാദം * ചക്ര

* ചക്രകസചരുപത്തിൽ=ചുറ്റിവരുന്ന വിധത്തിൽ in a circle

കരുപത്തിലാണെന്നു് ആദരഹാനി കൂടാതെ പറയേണ്ടിയിരിക്കുന്നു. പ്രസ്തുതഭാഗങ്ങളും തജ്ജിമയാണെന്നു അറിയുന്നതുതന്നെ മൂലം ലഭ്യമായിരിക്കുന്നതുകൊണ്ടാണു്. ശ്രീധരീയപാഠമനുസരിച്ചു മുമ്പുദ്ധരിച്ചതു മൂലമല്ലെങ്കിൽ ഇതു തജ്ജിമയാകണമെന്നു തന്നെയില്ല. അങ്ങനെയായാൽ ആക്ഷിപ്തമായ ഭാഗങ്ങളും രക്ഷപ്പെടുമെന്നുള്ളതിനു തക്കമില്ല. പക്ഷേ മി: പണിയ്ക്കരുടെ പുറപ്പാടങ്ങനെയല്ല. ഇതു തർജ്ജിമതന്നെയെന്നദ്ദേഹം സമ്മതിക്കുന്നു. അദ്ദേഹം താരതമ്യം ചെയ്തു നോക്കിയതിൽ 'വിജയദ്ധ്വജ'പാഠം പ്രായേണ അംഗീകരിക്കപ്പെട്ടിരിക്കുന്നതായി കണ്ടിരിക്കുന്നു എന്നു പറയുന്നു. വിജയദ്ധ്വജപാഠം കൈവശമുള്ള സ്ഥിതിക്കു പ്രസ്തുത തജ്ജിമകളും ബിംബഭൂതമായ മൂലഭാഗങ്ങളും ഉദ്ധരിച്ചു് എന്റെ വാദങ്ങളുടെ ശിരശ്ഛേദം ചെയ്തിരുന്നെങ്കിൽ എത്ര ഭംഗിയായിരുന്നേനെ! അങ്ങനെ ചെയ്യാതെ വെറും ഊഹ ‖ ധൂമികയിൽ വാദം വിരമിപ്പിച്ചതു് വ്യസനകരമാകുന്നു. ശ്രീധരീയവും വിജയധ്വജീയവും തമ്മിൽ ഈ ഘട്ടത്തിൽ വ്യത്യാസമുണ്ടോ എന്നെനിക്കു നിശ്ചയമില്ല. തജ്ജിമ പതറിപ്പോയി എന്നു ഞാൻ പറഞ്ഞതു് ശ്രീധരപാഠം അടിസ്ഥാനമാക്കിയാണു്. അതുതന്നെയാണു് തർജ്ജിമയ്ക്കു സ്വീകരിച്ചിരിക്കുന്നതെന്നു വിചാരിച്ചിരിക്കുവാനും ന്യായമുണ്ടു്. "സഭാജയന്തി" എന്നതിനെയാണു് 'സഭാം ജയന്തി' എന്നു തെറ്റിദ്ധരിച്ചതായി തോന്നുന്നതു്. "ദാരവീ" എന്നിടത്തെ "രവീ" എന്നതു് രവിഭ്രമം തർജ്ജിമക്കാരനുണ്ടാക്കിയതായും തോന്നുന്നു. പാഠമിങ്ങനെയല്ലെങ്കിൽ ഈ പ്രമാദങ്ങളുംകൂടി സംഗതിയില്ല. കാരണം സ്പഷ്ടമായിരിക്കെ കാരണാന്തരത്തിനു തപ്പിനോക്കേണ്ട കാര്യമില്ല. സാമാന്യം ആക്ഷേപം ഇങ്ങനെ ഒരു പ്രമാദം പറകയില്ലെന്നു് മി: പണിക്കർ പറയുന്നു. അതു ഞാൻ സമ്മതിക്കുന്നു. * കൈമുതികന്യായേന എഴുത്തച്ഛ

‖ ധൂമിക=മൂടൽമഞ്ഞു്.

* കൈമുതിക=മുന്നിയായണെങ്കിൽ മറ്റൊന്നു അതിൽക്കൂട്ടുതലായേ വരൂ എന്നുള്ള ന്യായം. "കിമുത" എന്നതിൽനിന്നു കൈമുതികം.

നിങ്ങനെ ഒരു പ്രമാദം ഉണ്ടാകയില്ലെന്നു് അദ്ദേഹം വിശ്വസിക്കുന്നു. അതും ഞാൻ സമ്മതിക്കുന്നു. അതുകൊണ്ടിതു പ്രമാദമല്ലെന്നു് അദ്ദേഹവും എഴുത്തച്ഛന്റെ കൃതിയല്ലെന്നു ഞാനും പറയുന്നു. ഇങ്ങനെയാണു് ഞങ്ങടെ തമ്മിലുള്ള വ്യത്യാസം.

പ്രസ്തുതങ്ങളായ ഉദാഹരണങ്ങളെ സംബന്ധിച്ചു് എന്റെ വാദങ്ങടെ നിരസിക്കപ്പെട്ട എന്നിരിക്കട്ടെ. എന്നാൽ ഇതു് എഴുത്തച്ഛന്റെ കൃതിയാണെന്നു വരുമോ? ശ്രുതിഗീതാദ്ധ്യായംതന്നെ മൂലവുമായി ഒത്തുനോക്കി തർജ്ജിമ പന്തിയായി എന്നാരെങ്കിലും പറയുമോ? അതുപോലെ വളരെ ഭാഗങ്ങടെ ഉദ്ധരിക്കാമെന്നാണു് എന്റെ വിശ്വാസം. അതുകൊണ്ടാണു് മൂലത്തിനും തർജ്ജിമയ്ക്കും മദ്ധ്യേ ഒരുരംകടൽ, ഉജ്ജ്വംഭിതമായുണ്ടെന്നു ഞാൻ പറയാനിടയായതു്. അങ്ങനെ ഞാൻ പറഞ്ഞതു് അന്ധമായി വിശ്വസിക്കുവാൻ നിവൃത്തിയില്ലെന്നു് മി: പണിക്കർ പറയുന്നു. ഞാൻ പറഞ്ഞതോ എഴുത്തച്ഛനാണിതിന്റെ തർജ്ജിമക്കാരനെന്നോ അന്ധമായി വിശ്വസിക്കേണ്ട. മി: പണിക്കരെപ്പോലെ പ്രാപ്തിയുള്ളവർ പൂർണ്ണമായി പരിശോധിച്ചു് മനസ്സുള്ളപക്ഷം വിശ്വസിച്ചാൽ മതി.

എന്റെ അഭിപ്രായം എഴുത്തച്ഛനെപ്പറ്റിയുള്ള ബഹുമാനം നിമിത്തം ഈ വിധത്തിൽ ഉൽഗമിച്ചതാണെന്നു് മി: പണിക്കർ ഊഹിക്കുന്നു. അതു ശരിയാണു്. എഴുത്തച്ഛൻ കേവലം അവ്യുത്പന്നനും "ഹാടാകൃഷ്ണാനാം കതിപയപാടാനാം രചയിതാ"വും ആണെന്നു ധരിച്ചിരുന്നെങ്കിൽ ഈ വിഷയത്തിൽ എനിക്കു യാതൊരു തർക്കവും ഉണ്ടാകയില്ലായിരുന്നു.

"ബാദരായണമുഖനിർഗ്ഗതം ഭാഗവതം
സ്കന്ധങ്ങളതിലേഴമഞ്ചുമുള്ളതിലിഹ
തുഞ്ചത്തു മേവും രാമദാസനാമെഴുത്തച്ഛൻ
അച്യുതൻതങ്കൽ ഭക്തിമുഴുക്കനിമിത്തമായ്
നവമസ്കന്ധത്തോളമുള്ളൊരു കഥയെല്ലാം
ഭാഷയിലൊരു ഗീതമായുരചെയ്താൻ മുന്നം"

എന്നു് ഏകദേശം കിളിപ്പാട്ടിന്റെ കർത്താവായ ശ്രീധരൻ നമ്പി പറഞ്ഞിട്ടുള്ളതിനെ ഉദ്ധരിച്ചു് ദേശമസ്സന്ധംമുതലുള്ളതൊന്നും എഴുത്തച്ഛന്റെ കൃതിയല്ലെന്നും അതിനു് ഉപോദ്ബലകമായി ദേശം ആരംഭത്തിൽ കാണുന്ന ഇഷ്ടദേവതാസ്തുതി മുതലായതു് ഉപലക്ഷ്യങ്ങളാണെന്നും അദ്ദേഹംതന്നെ ന്യായമായി വാദിച്ചു കാണുന്നു. ശ്രീധരൻനമ്പി ജീവിച്ചിരുന്നതായി പറയുന്ന പത്താം ശതകംമുതൽ ഭാഗവതത്തിന്റെ * കഴമ്പു് എന്നു വച്ചിരിക്കുന്ന ദേശമം, ഏകദേശം ഈ സ്സന്ധങ്ങളം എഴുത്തച്ഛന്റെ കൃതിയല്ലെന്നു പലേ പണ്ഡിതന്മാർക്കും അഭിപ്രായമുണ്ടായിട്ടുള്ളതോർക്കുമ്പോളം, ഇതരമതം ഗ്രഹിക്കാതെ താദൃശമായ ഒരഭിപ്രായം പുറപ്പെടുവിച്ച എനിക്കു് എത്ര ചാരിതാർത്ഥ്യമുണ്ടെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

എഴുത്തച്ഛന്റെ കൃതികളെന്ന മഹാപ്രശസ്തി രാമായണം, ഭാരതം, ഈ രണ്ടു കിളിപ്പാട്ടുകവിതകളെയായുന്നു. ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ അവ ആദിത്യചന്ദ്രന്മാരെപ്പോലെ വിലസുന്നു. ഇവയുടേതായി ഗ്രന്ഥങ്ങളം സംസ്കൃതത്തിലുള്ള അദ്ധ്യാത്മരാമായണവും മഹാഭാരതവും ആണെന്നുള്ളതിനു തർക്കമില്ല. അദ്ധ്യാത്മരാമായണംമൂലം ആരുടെ കൃതിയെന്നറിഞ്ഞുകൂടാ. വ്യാകരണസമ്മതമല്ലാത്ത പ്രയോഗങ്ങളെ ആർഷത്വേന വ്യാഖ്യാതാവു സാധൂകരിക്കുന്നതുകൊണ്ടു് ഋഷിപ്രോക്തമാണെന്നു പറയേണ്ടതാണെങ്കിലും, ദേവാലയങ്ങളിലെ പൂജാദികാര്യങ്ങളം അതിൽ പരാമർശിച്ചുകാണുന്നതുകൊണ്ടു് ടി കൃതി അനതിപ്രാചീനമാണെന്നു് എനിക്കു തോന്നുന്നു. രാമകഥോപദേശേന അദ്വൈതസിദ്ധാന്തങ്ങളെ പ്രതിപാദിക്കുവാനതു നിർമ്മിതമാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. അദ്വൈതവിദ്യാപ്രതിപാദനത്തിനു് രാമായണകഥ ഇദംപ്രഥമമായിട്ടവലംബിച്ചതു് അദ്ധ്യാത്മരാമായണകർത്താവല്ല. അതിനുമുമ്പുതന്നെ സീതോപനിഷത്തു്, രാമ

---

* കഴമ്പു് = സാരാംശം.

രഹസ്യോപനിഷത്തും, രാമപൂർവ്വതാപിന്യുപനിഷത്തും, രാമോത്തരതാപിന്യുപനിഷത്തും, ഇങ്ങനെ രാമായണമൂലകങ്ങളായ ഉപനിഷത്തുകളും ഉണ്ടായിട്ടുള്ളതായി കാണുന്നു. അതിൽ സീതോപനിഷത്തിൽ,

"മൂലപ്രകൃതിരൂപത്വാൽ സാ സീതാ പ്രകൃതിഃ സ്മൃതാ
പ്രണവപ്രകൃതിരൂപത്വാൽ സാ സീതാ പ്രകൃതിരുച്യതേ
സീതാ ഇതി ത്രിവർണ്ണാത്മാ സാക്ഷാന്മായാമയാ ഭവേൽ"

എന്നും രാമരഹസ്യോപനിഷത്തിൽ ഹനുമാൻ മഹർഷിമാരോട് പറയുന്ന കൂട്ടത്തിൽ,

"രാമ ഏവ പരം ബ്രഹ്മ രാമ ഏവ പരം തപഃ
രാമ ഏവ പരം തത്ത്വം ശ്രീരാമോ ബ്രഹ്മതാരകം"

എന്നും പറഞ്ഞിരിക്കുന്നു. ഇത്തരം ആശയബീജങ്ങളെ ആശ്രയിച്ച് അദ്ധ്യാത്മരാമായണകർത്താവ് സപ്രകൃതി നിർമ്മിച്ചതായിരിക്കണമെന്നു തോന്നുന്നു. രാമായണകഥയിൽ അവിടവിടെയായി വേദാന്തചിന്തകളും ഖചിതമായിട്ടുണ്ടെന്നല്ലാതെ നിരന്തരമായി നെടുനീളെ വ്യാപിക്കുന്നില്ല. കഥാഗതിയിൽ അദ്ധ്യാത്മരാമായണം വാല്മീകിരാമായണത്തിനെ അനുസരിക്കുന്നു. പക്ഷേ നായകനായ ശ്രീരാമനു് ഈശ്വരച്ഛായ കൊടുത്താണു് കഥ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്. തന്നിമിത്തം ജ്ഞാനമാർഗ്ഗത്തിൽനിന്നു കാലുതെറ്റിയാൽ ഭക്തിമാർഗ്ഗത്തിലല്ലാതെ മറ്റൊരിടത്തും വീഴുകയില്ല.

"ജ്ഞാനം സവിജ്ഞാനമഥാനുഭക്തി
വൈരാഗ്യയുക്തം ച മിതം വിഭോസ്ത്വൽ
ജാനാമ്യഹം യോഷിദപി ത്വദുക്തം
യഥാ തഥാ ബ്രൂഹി തരന്തി യേന"

എന്നു പ്രാരംഭത്തിൽ ശ്രീപാർവ്വതി പരമശിവനോട് പറയുന്നതിൽനിന്നു മൂലഗ്രന്ഥകാരന്റെ പ്ലാൻ വ്യക്തമാകുന്നു. അതായതു് സ്ത്രീയായ എനിക്കുപോലും ഗ്രഹിക്കാവുന്നവിധത്തിൽ സംസാരസാഗരത്തെത്തരിക്കുവാനുപകരിക്കുന്നതും ഭക്തിനിമിത്തമുണ്ടാകുന്ന വൈരാഗ്യംകൊണ്ടു സംപ്രാപ്യവും വിജ്ഞാനത്തിനു്, അതാ

യതു് അപരോക്ഷജ്ഞാനത്തിനു്, മാഗ്ദർശകവും ആയ ജ്ഞാനം, അതായതു് ശ്രവണമനനാദിജന്യമായ പരോക്ഷജ്ഞാനം, എനി ക്കുപദേശിക്കണമേ എന്നു താല്പര്യം. ഇതിനെ കിളിപ്പാട്ടിൽ താഴെക്കാണുംപോലെ തജ്ജിമചെയ്തിരിക്കുന്നു.

"തത്ത്വഭേദങ്ങളും വിജ്ഞാനജ്ഞാനവൈരാഗ്യാദി
ഭക്തിലക്ഷണം സാംഖ്യയോഗഭേദാദികളും
ക്ഷേത്രോപവാസഫലം യാഗാദികർമ്മഫലം
തീർത്ഥസ്നാനാദിഫലം ദാനധർമ്മാദിഫലം
വർണ്ണധർമ്മങ്ങളും പുനരാശ്രമധർമ്മങ്ങളും
എന്നിവയെല്ലാമെന്നോടൊന്നൊഴിയാതവണ്ണം
നിന്തിരുവടിയരുൾചെയ്യ കേട്ടതുമൂലം
സന്തോഷമകതാരിലേറവുമുണ്ടായ്വന്നു."

തജ്ജിമയ്ക്കു മൂലത്തിൽനിന്നു് കുറെ അകലമുണ്ടെന്നു പറയാതെ തരമില്ല. വിജ്ഞാനജ്ഞാനവൈരാഗ്യാദിഭക്തിലക്ഷണങ്ങളും എല്ലാം പറഞ്ഞുകേട്ടകഴിഞ്ഞു എന്നാണു് തജ്ജിമ; പറഞ്ഞുകേൾക്കണമെന്നാണു് മൂലം. പ്രസ്തുത സംഗതികളെല്ലാം പറഞ്ഞുകേട്ടകഴിഞ്ഞെങ്കിൽ പിന്നെ രാമദേവതത്വം പറയുന്നതിനു കായ്മയില്ല. കിളിപ്പാട്ടിനുള്ള അച്ചടിപ്പാഠം സാധുവോ എന്നു സംശയിക്കത്തക്കതാകുന്നു. ഒരു താളിയോലഗ്രന്ഥത്തിൽ മാത്രം "നിന്തിരുവടിയരുളിച്ചെയ്യകേൾക്കുന്നാകിൽ" എന്ന പാഠം കാണുന്നു. അതു കുറേക്കൂടി സമീചീനമാകുന്നു. ആ ഭാഗം ഇരിക്കട്ടെ. രാമായണകഥയിൽ ജ്ഞാനമാർഗ്ഗവും ഭക്തിമാർഗ്ഗവും സങ്കലനം ചെയ്യണമെന്നാണു് മൂലഗ്രന്ഥകാരന്റെ താൽപര്യമെന്നു പറഞ്ഞുവല്ലൊ. എഴുത്തച്ഛൻ അതുകൊണ്ടും അടങ്ങാതെ അതിനെ കവിതാപംകൊണ്ടു സുരഭിലമാക്കാൻകൂടി ഉത്സാഹിച്ചു. ഇങ്ങനെ മായയെപ്പോലെ എഴുത്തച്ഛന്റെ കൃതിയും ത്രിഗുണാത്മകമായിത്തീർന്നു. ജ്ഞാനഭക്തിസാഹിത്യമയമായ വാണീത്രിവേണി അദ്ധ്യാത്മരാമായണത്തെ ആലംബമാക്കി പ്രവഹിക്കുന്നു എന്നല്ലാതെ അതിനെ യഥാസ്ഥിതി പ്രതിബിംബിപ്പിക്കുവാൻ

ഉദ്യമിക്കുന്നില്ല. പ്രസ്തുതത്രിവേണീഗതിയിൽ ചിലടത്തു നോക്കിയാൽ അധോഭാഗത്തു് * പാതുപ്രദേശമായ മൂലകൃതി വ്യക്തമായിക്കാണാം; മറ്റു ചിലടത്തു് അതു തീരെക്കാണ്മാനുമില്ല. സാഹിത്യത്തിനു് അവശ്യമുണ്ടായിരിക്കേണ്ട സ്വാതന്ത്ര്യം തജ്ജിമയിൽ അബാധിതമായിരിക്കുന്നു. അങ്ങനെയുള്ള സ്വാതന്ത്ര്യം കഥാഗതിയിൽപോലും ചിലടത്തു പ്രകാശിച്ചുകാണുന്നു.

"സുതാമാവഹല്യയെ പ്രാപിച്ച സസംഭ്രമം
സതചരം പുറപ്പെട്ടനേരത്തു ഗൗതമനും
മിത്രൻതന്നുടയമൊട്ടത്തീലെന്നു കണ്ടു
ബദ്ധസന്ദേഹം ചെന്നനേരത്തു കാണായ്വന്നു
വൃത്രാരാതിക്കു മുനിശ്രേഷ്ഠനെബ്ബലാലപ്പോഥം"

എന്നുള്ള അഹല്യാമോക്ഷകഥതന്നെ നോക്കുക:—

"കദാചിന്മുനിവേഷേണ ഗൗതമേ നിർഗ്ഗതേ ഗൃഹാൽ
ധഷ്ടയിത്വാഥ നിരഗാൽ തചരിതം മുനിരപ്യഗാൽ"

എന്നല്ലാതെ മിത്രോടയത്തെപ്പറ്റി മൂലഗ്രന്ഥത്തിലൊന്നുമില്ല. അതുപോലെ വാല്മീകിരാമായണത്തിലും,

"സ സംഭ്രമാൽ തചരൻ രാമ, ശങ്കിതോ ഗൗതമംപ്രതി
ഗൗതമം സ ദദർശാഥ പ്രവിശന്തം മഹാമുനിം
ദേവദാനവദുർദ്ധർഷം തപോബലസമന്വിതം
തീർത്ഥാകേപരിക്ലിന്നം ദീപ്യമാനമിവാനലം
ഗൃഹീതസമിധം തത്ര സകുശം മുനിപുങ്ഗവം"

എന്നേ കാണുന്നുള്ളൂ. വാല്മീകിയപ്രകാരം ഗൗതമൻ കുളികഴിഞ്ഞു ചമതയും കുശയും എടുത്തുകൊണ്ടു് ആശ്രമത്തിലേക്കു വന്നപ്പോഴാണു് ഉരാചാരനായ ദേവേന്ദ്രനെക്കണ്ടതു്. ഗൗതമനെ വഞ്ചിക്കുവാൻ ദേവേന്ദ്രൻ അപ്രാപ്തകാലമായി കോഴിയെപ്പോലെ കൂവി എന്നും അതുകേട്ടു ഗൗതമൻ കുളിക്കാൻ പുറപ്പെട്ടുചെന്നതിൽ അരുണോദയമായില്ലെന്നു കണ്ടു് ശങ്കമാനനായി മടങ്ങിവന്ന

* പാതും=നദീപ്രവാഹത്തിന്റെ അടിഭാഗം.

പ്പോൾ അപരാധിയായ ദേവേന്ദ്രനെക്കണ്ട എന്നും കഥ പറഞ്ഞു കേട്ടിട്ടുണ്ട്. ആ കഥ എഴുത്തച്ഛൻ അംഗീകരിച്ചതുകൊണ്ടാണ് "മിത്രൻതന്നുദയമൊട്ടുത്തീലെന്നു കണ്ട്" ബദ്ധസന്ദേഹനായി ഗൗതമൻ തിരിയെ വന്നതായി പറഞ്ഞിരിക്കുന്നത്. രചനയുടെ സ്വതന്ത്രത നിമിത്തം മൂലകൃതിയെക്കവിഞ്ഞു തനിക്കു പരിചിതങ്ങളായ മറ്റു ദിക്കുകളിൽനിന്നു് എഴുത്തച്ഛൻ അനേകമാശയങ്ങളും സ്വീകരിച്ചു സ്വകൃതിയിൽ ചമത്ക്കാരം ഉണ്ടാക്കിയിട്ടുണ്ട്.

"ഉച്ചൈർഗ്ഗതിർജ്ജഗതി സിദ്ധ്യതി ധർമ്മതശ്ചേൽ
തസ്യ പ്രമാ ച വചനൈഃ കൃതകേതരൈശ്ചേൽ
തേഷാം പ്രകാശനദശാ ച മഹീസുരൈശ്ചേൽ
താനന്തരേണ നിപതേൽ കഥമന്യ മൽപ്രണാമഃ?"

എന്ന ഭോജചമ്പൂശ്ലോകത്തിലെ താല്പര്യം,

"ആധാരം നാനാജഗന്മയനാം ഭഗവാനും
വേദമെന്നല്ലോ ഗുരുനാഥൻതാനരുൾചെയ്തു
വേദത്തിന്നാധാരഭൂതന്മാരിക്കാണായൊരു
ഭൂദേവപ്രവരന്മാർ തദ്വചരശാപാദികളും"

ഇത്യാദിഭാഗത്തു സംക്രമിച്ചിട്ടുള്ളതായി തോന്നുന്നു. അതുപോലെ,

"കിംക്ഷണന്മാക്കു വിദ്യയുണ്ടാകയില്ലയല്ലോ
കിങ്കണന്മാരായുള്ളോർക്കെത്രയുമതുപോലെ
കിമ്മുണന്മാക്കു നിത്യസൗഖ്യവുമുണ്ടായ്വരാ
കിന്ദേവന്മാക്കു ഗതിയും പുനരതുപോലെ"

എന്നതു്,

"കിംക്ഷണാനാം കുതോ വിദ്യാ?
കിംകണാനാം കുതോ ധനം?
കിമ്മുണാനാം കുതസ്സൗഖ്യം?
കിന്ദേവാനാം കുതോ ഗതിഃ?"

എന്ന പ്രസിദ്ധമായ ഒരു സംസ്കൃതശ്ലോകത്തിന്റെ തർജ്ജിമയാണ്. എന്നാൽ സംസ്കൃത കവികളിൽനിന്നല്ലാതെ ഇങ്ങനെ

ആശയച്ഛായകം അംഗീകരിച്ചാൽ വല്ല ഭ്രഷ്ട്ടം സംഭവിക്കുമെന്നൊരു മിഥ്യാഭിമാനം എഴുത്തച്ഛനുണ്ടായിരുന്നില്ല. അതുകൊണ്ട് പൂർവ്വഭാഷാകവിയായ കണ്ണശ്ശപ്പണിക്കരുടെ കൃതികളും അദ്ദേഹത്തിനു് ഉപസേവ്യങ്ങളായിരുന്നു.

"ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ച കേട്ട
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ!
മൈഥിലി മയിൽപ്പേടപോലെ സന്തോഷംപൂണ്ടാശം
കൗതുകമുണ്ടായ്വന്നു ചേതസി കൗശികനും"

എന്നിടത്തെ മനോഹരമായ ഉപമാപരമ്പര,

"വരമാകിയ വിൽ പൊടിയുമണിഞ്ഞൊരു
മാതൃയിലേ ചെറുഞാണൊലിചെയ്താൻ
കരുണാലയനാകിയ സകലേശൻ
കാകുൽസ്ഥൻതിരുവടി ശ്രീരാമൻ
നരപാലകർ ചിലരതിനു വിറച്ചാർ
നലമുടെ ജാനകി സന്തോഷിച്ചാശം
അരവാളികയം ഭയമീട്ടമിടിഞ്ഞനി–
യാൽ മയിലാനന്ദിപ്പതുപോലെ"

എന്ന കണ്ണശ്ശരാമായണപദ്യത്താൽ അനുപ്രാണിതമാണെന്നുള്ളതിനു തർക്കമില്ല. ഇതുപോലെ മറെറാരുഭാഗംകൂടി ഉദ്ധരിക്കാം.

"മുഗ്ധഭാവവും പൂണ്ട രാമനാം കുമാരനും
ക്രുദ്ധനാം പരശുരാമൻതന്നോടരുൾചെയ്ത
ചൊല്ലെഴും മഹാനുഭാവന്മാരാം പ്രൌഢാത്മാക്കൾ
വല്ലാതെ ബാലന്മാരോടിങ്ങനെ തുടങ്ങിയാൽ
ആശ്രയമവക്കെന്തൊന്നുള്ളതു തപോനിധേ!
സ്വാശ്രമകുലധർമ്മമെങ്ങനെ പാലിക്കുന്നു?
നിന്തിരുവടിതിരുവുള്ളത്തിലേവന്നതി–
നന്തരമുണ്ടോ പിന്നെ വരുന്നു നിരൂപിച്ചാൽ?
അന്ധനായിരിപ്പൊരു ബാലകനുണ്ടോ ഗുണ–
ബന്ധനം ഭവിക്കുന്നു സന്തതം ചിന്തിച്ചാലും."

അന്തർഗ്ഗഡപൊരുഷവും പക്ഷേ വിനയമസ്സണവുമായ ഈ ഭാഗം എന്നെ പലപ്പോഴും വിസ്മയിപ്പിച്ചിട്ടുള്ളതാണു്. അതിനു സദൃശമായി മൂലഗ്രന്ഥത്തിലോ വാല്മീകിരാമായണത്തിലോ യാതൊന്നുമില്ല. ഇതു് എഴുത്തച്ഛന്റെ ഒരു സ്വതന്ത്രകല്പനയാണെന്നു വിചാരിച്ചിരിക്കേ രാജശേഖരന്റെ കൃതിയായ ബാലരാമായണം നാടകം വായിക്കുവാനിടയായി. അതിൽ,

"രാമഃ— (സവിനയം) കേയമക്ഷാന്തിർഭഗവതോ മുഗ്ധബുദ്ധിഷു മാദൃശേഷു പുത്രഭാണ്ഡേഷ്വിഃ പശ്യതു ഹി തപോരാശിഃ

ബാഹോർബ്ബലം ന കലിതം ന ച കാർമ്മുകസ്യ
ത്രൈയംബകസ്യ തനിമാ തത ഏഷ ദോഷഃ
തച്ചാപലം പരശുരാമ! മമ ക്ഷമസ്വ
ഡിംഭസ്യ ഉവ്വിലസിതാനി മുദേ ഗൃണാഹ്മ."

ജാമദഗ്ന്യഃ— "കിംനാമ തപോരാശിരഹം ന ശൈവ്വരാശിഃ?
കിംച രേ നിടശ്രിതലാഘവ രാഘവ! സ്വവണ്ണനാപരം
സ്വഗർവമഭിഹിതം തദാകണ്ണ്യ യത്തേ കരോമി.
ത്രുടിതനിടിലനാഡീചക്രവാളപ്രണാള-
പ്രസ്രുതരുധിരധാരാച്ചിതോച്ചണ്ഡരുണ്ഡം
മഡമഡിതി മുഡാനീകാന്തചാപസ്യ ഭംക്തുഃ
പരശുരമരവന്ദ്യഃ ഖണ്ഡയത്യദ്യ മുണ്ഡം"

രാമഃ— "സ്വായത്തേന കുഠാരേണ
സ്വാധീനേ രാമമൂർദ്ധനി
യഥേഷ്ടം ചേഷ്ടതാമാര്യ-
സ്ത്വദാജ്ഞാം കോ നിഷേധതി?"

ജാമദഗ്ന്യഃ—"യഃ പ്രേതനാഥസ്യാതിഥ്യമനുഭവിതുകാമഃ"

എന്ന ഭാഗം കണ്ടപ്പോഴാണ് ഇതിന്റെ ഛായയാണല്ലൊ എഴുത്തച്ഛൻ മുമ്പുദ്ധരിച്ചഭാഗത്തു പ്രവേശിപ്പിച്ചിരിക്കുന്നതെന്നു ഞാൻ വിചാരിച്ചു. പക്ഷേ രാജശേഖരവാക്യങ്ങളും കുറേക്കൂടി വ്യക്തമായി കണ്ണശ്ശരാമായണത്തിൽ കാണുന്നു. എങ്ങനെ എന്നാൽ,

"എന്നതു കേട്ടു കുമാരനിരാമനു–
മീടിയ മന്ദസ്മിതമൊട്ടു ചൊന്നാൻ
വെന്നിയുടെ നിന്തിരുവടിയതിനു
വൈകണ്ടിവിടേ വരുമെന്നറിയാതേ
അന്നതു ചെയ്തതറിഞ്ഞു പൊറുത്തരു–
ളതിബാലകരപരാധംചെയ്താൽ
എന്നുമതിന്നറിവുള്ള മഹാജന–
മില്ലല്ലോ കോപിപ്പതു മുറവം.
അതുകാലം ശ്രീഭാർഗ്ഗവരാമനു–
മരചകുമാരനൊടരുളിച്ചെയ്താൻ
മതി ഗംഭീരാക്ഷേപം ചെയ്തതു
വരുമിതിനാലേ വംശവിരോധം.
ചതികൈട മൂവെഴുടമുടിമന്നർ
സമസ്തരെയും കൊലചെയ്ത ക്രൗരമി–
തിതുപൊഴതേ തവ കണ്ണുച്ചേദ–
മിയറുവതേ കരുതുന്നേനെന്നാൻ.
ആനതുകാലം ദശരഥരാമനു–
മരുളിച്ചെയ്താനരിയ ക്രൗരവു–
മുനമൊഴിന്തൊരു രാമശരീരവു–
മുണ്ടു ഭവാനു വിധേയമതെന്നാൻ.
മാനമൊടിന്നിതു ചെയ്വതിനെല്ലതു
മഹാജനമായവർ പലരെയുമേതും
ദീനതയിന്നിവിധം ചെയ്തരുളിയ
നിന്തിരുവടി കരുതീടുകിലെന്നേ."

ഈ ഭാഗങ്ങൾ വായിച്ചാൽ ബാലരാമായണഭാഗം തജ്ജിമ ചെയ്തതു കണ്ണശ്ശനാണെന്നും ആ തജ്ജിമയിലേ ആശയം ക്രൈ എഴുത്തച്ഛന്റെ കൃതിയിലേക്കു സംക്രമിക്കയാണു് ചെയ്തതെന്നും ആക്ഷേപം തോന്നാതിരിക്കയില്ല.

"കളക മനോഗതമാമാലസ്യം കരുണ–
യിനാലതിനിർമ്മലകോമള
നളിനമനോഹരദേഹേ! ഭാരതി! നാഥേ!
സരസിജസംഭവദയിതേ!
ഇളകിയ സാഗരവീചികളം മേന്മേ–
ലിതമൊട്ടു വന്നളവായതുപോലേ
തളിർവിയലാതതിസുന്ദരവാണികളം
സതതം മമ വരുവാനരുളേണം"

എന്നു കണ്ണശ്ശഭാരതമാരംഭത്തിൽ കാണുന്ന പദ്യത്തിന്റെ പുന ർജ്ജന്മം എന്നതുപോലെ,

"വാരിജോത്ഭവമുഖവാരിജവാസേ! ബാലേ!
വാരിധിതന്നിൽ തിരമാലകളെന്നപോലെ
ഭാരതീ പദാവലി തോന്നേണം കാലേകാലേ
പാരാതേ സലക്ഷണം മേന്മേൽ മംഗളശീലേ!"

എന്നു* അദ്ധ്യാത്മരാമായണം കിളിപ്പാട്ടിന്റെ മുഖഭാഗത്തു കാണുന്നു. യത്നിച്ചാൽ ഇത്തരമുദാഹരണങ്ങളം ഇനിയും കാണുമെന്നു വിശ്വസിക്കുന്നു. കണ്ണശ്ശനും എഴുത്തച്ഛനും തമ്മിൽ വാദ പ്രതിവാദങ്ങളം നടന്നിരുന്നതായ ഐതിഹ്യങ്ങളെ ഭാഷാചരി ത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. കാലികമായി അവർ തമ്മിലുള്ള അകലംകൊണ്ട് അതു വിശ്വാസയോഗ്യമായിരിക്കുന്നില്ല. ഒരു പക്ഷേ കണ്ണശ്ശന്റെ ശിഷ്യപരമ്പരയിൽപ്പെട്ടവർ വല്ലവരും എഴുത്തച്ഛന്റെ പരിചയത്തിൽ പെട്ടിരിക്കുമോ? അങ്ങനെയല്ലെങ്കിൽ കണ്ണശ്ശന്റെ പ്രബന്ധങ്ങളോട് എഴുത്തച്ഛൻ പ്രദർശിപ്പിച്ചിട്ടുള്ള ആദരവിനും പരിചയത്തിനും ടി പ്രബന്ധങ്ങളംക്കു എഴുത്തച്ഛന്റെ കാലത്തുണ്ടായിരുന്ന പ്രചാരംതന്നെ കാരണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

* മൂപ്പിണിയായി ഗണിക്കത്തക്ക അദ്ധ്യാത്മരാമായണം കിളിപ്പാട്ടിന്റെ പ്രധാന മാഹാത്മ്യമായി ചിലർ ധരിച്ചിട്ടുള്ളതു്

---

* മൂപ്പിണി=മൂന്നുകൂട്ടം ചേർത്തുപിരിച്ചതു്.

അതിൽ പ്രവേശിതമായ വേദാന്തഭാഗങ്ങളാകുന്നു. പക്ഷേ എനിക്കു തോന്നുന്നതു്, ആ കൃതിയുടെ യശസ്സിനുള്ള ഹേതുക്കളിൽ ടി വേദാന്തഭാഗങ്ങളെപ്പോലെ ദുർബലങ്ങളും മറ്റൊന്നുമില്ലെന്നാകുന്നു. ഈ അഭിപ്രായം നിരൂപണത്തിൽ അവശ്യം അനുഷ്ഠിക്കേണ്ട സത്യനിഷ്ഠയാൽ പ്രേരിതമാണെന്നായി വിനയപുരസ്സരം പുറപ്പെടുവിക്കുന്നതും അതിനെ ന്യായമായിട്ടാരെങ്കിലും അന്യഥാ സ്ഥാപിക്കുന്നപക്ഷം ഞാൻ അത്യന്തം ധന്യനായിത്തീരുന്നതുമാകുന്നു. എന്റെ അഭിപ്രായത്തിനു് ആധാരമായി ചില ഉദാഹരണങ്ങളും ഉദ്ധരിക്കാതെ ഗതിയില്ല. ശുദ്ധചൈതന്യരൂപമായ പരമാത്മാവും സൃഷ്ടിസ്ഥിതിസംഹാരകർത്താവായ ഈശ്വരനും ജീവന്മാരും വേദാന്തത്തിൽ പ്രമുഖമായ വിഷയമാകുന്നു. ആചാര്യന്മാർതമ്മിൽ അതുസംബന്ധമായി അഭിപ്രായഭേദങ്ങളുണ്ടു്. എന്നതന്നെയല്ല "ആഭാസ ഏവ ച" എന്നും "അംശോ നാനാവ്യപദേശാത്" ദശകിതവാദികമഭിധീയത ഏകേ" എന്നുമുള്ള ബ്രഹ്മസൂത്രഭാഗങ്ങളും ഈ വിഷയത്തിൽ പരസ്പരവിരുദ്ധമാണെന്നു മാക്സ്മുള്ളർ അഭിപ്രായപ്പെട്ടിട്ടുള്ളതുമാകുന്നു. അദ്ധ്യാത്മരാമായണകർത്താവു് ശങ്കരാചാര്യപക്ഷത്തിനു് അനുകൂലമായി ആ സംഗതി ഇങ്ങനെ പ്രതിപാദിക്കുന്നു:-

"ശൃണു തത്പ്രവക്ഷ്യാമി ഹ്യാത്മാനാത്മപരാത്മനാം
ആകാശസ്യ യഥാ ഭേദസ്ത്രിവിധോ ദൃശ്യതേ മഹാൻ
ജലാശയേ മഹാകാശസ്തദവച്ഛിന്ന ഏവ ഹി
പ്രതിബിംബാഖ്യമപരം ദൃശ്യതേ ത്രിവിധം നഭഃ
ബുദ്ധ്യവച്ഛിന്നചൈതന്യമേകം പൂർണ്ണമഥാപരം
ആഭാസസ്ത്വപരം ബിംബഭൂതമേവം ത്രിധാ ചിതിഃ"

അതിന്റെ തർജ്ജിമയായി കിളിപ്പാട്ടിൽ ഇപ്പോഴും കാണുന്നതു്,

"പരമാത്മാവാകുന്ന ബിംബത്തിൻപ്രതിബിംബം
പരിചിൽ കാണുന്നതു ജീവാത്മാവറികെടോ.
തേജോരൂപിണിയാകുമെന്നുടെ മായതങ്കൽ
വ്യാജമെന്നിയേ നിഴലിക്കുന്ന കപിവര!

ഓരോരോ ജലാശയേ കേവലം മഹാകാശം
നേരേ നീ കാണ്മീലയോ, കണ്ടാലുമതുപോലെ
സാക്ഷാലുള്ളൊരു പരബ്രഹ്മമാം പരമാത്മാ
സാക്ഷിയായുള്ള ബിംബം നിശ്ചലമതു സഖേ!''

എന്നിങ്ങനെയാകുന്നു. ആത്മാവു് അതായതു് ഈശ്വരൻ, അനാത്മാവു് ചിദാഭാസമായ ജീവൻ, പരമാത്മാവു്, ഇവയുടെ സ്വരൂപനിർണ്ണയമാണു് മൂലഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നതു്. പ്രതിപാദനയുടെ വിശദതയ്ക്കു ദൃഷ്ടാന്തംകൊണ്ടു തുടങ്ങുന്നു. ആകാശത്തെ നമുക്കു മൂന്നുവിധത്തിൽ നിരൂപിക്കാം. ഒന്നാമതായി സർവ്വത്ര വ്യാപ്തമായ മഹാകാശം; രണ്ടാമതു് ഒരു ജലാശയത്തോടു സംബന്ധിപ്പിച്ച നോക്കുമ്പോൾ അതു ജലാശയാകാശം; മൂന്നാമതു് ജലാശയത്തിൽ പ്രതിബിംബരൂപമായിക്കാണാവുന്ന പ്രതിബിംബാകാശം. അതുപോലെ ഉപാധിരഹിതമായ ചൈതന്യം ആത്മാ; ബുദ്ധിസമഷ്ടിരൂപമായ മായയാൽ അവച്ഛിന്നമായ ചൈതന്യം ഈശ്വരൻ; ഓരോ ബുദ്ധിയിലും ചൈതന്യത്തിന്റെ പ്രതിബിംബം ജീവൻ; ഇങ്ങനെയാണു് മൂലവാക്യത്തിന്റെ താല്പര്യം. ഇതിന്റെ തജ്ജിമയിൽ പ്രതിബിംബരൂപമായ ജീവാത്മാവിന്റെ കായ്യം ഏകദേശം വ്യക്തമായി. മായയിൽ നിഴലിക്കുന്നു എന്നു പറഞ്ഞതു മായാകായ്യമായ ബുദ്ധിയിൽ എന്നു വ്യാഖ്യാനിക്കാം. ഈശ്വരന്റെ കായ്യത്തെപ്പറ്റി ഈ തജ്ജിമയിൽ വല്ലതുമുള്ളതായി പറയുവാൻ നിർവ്വാഹം കാണുന്നില്ല. അദ്ധ്യാത്മരാമായണത്തിന്റെ കണ്ണായി കരുതേണ്ട 'രാമഹൃദയ'ത്തിൽ ഇങ്ങനെ ഒരു ഭ്രംശം സംഭവിച്ചതു് പരിതാപകരമായിരിക്കുന്നു. പ്രതിപാദനയുടെ സുഗമതയ്ക്കുവേണ്ടി പരമാത്മജീവാത്മബന്ധംമാത്രം ഉപന്യസിച്ചാൽ മതി എന്നും ഈശ്വരസ്വരൂപം കൂട്ടിച്ചേർത്തു കുഴയ്ക്കേണ്ടെന്നും എഴുത്തച്ഛൻ വിചാരിച്ചിരിക്കുമോ എന്നു് ഒരു സംശയമല്ലാതെ ഇവിടെ സമാധാനം പറയുവാനൊന്നും കാണുന്നില്ല. അങ്ങനെയാണെങ്കിൽ മൂലത്തിൽ അംഗീകരിച്ചതായി വിചാരിക്കേണ്ട ''ആഭാസ ഏവ ച'' എന്ന ബ്രഹ്മ

സൂത്രവും അതിനു ശങ്കരാചാര്യർ ''ആഭാസ ഏവ ചൈഷ ജീവഃ, പരമാത്മനോ ജലസൂര്യാദിവൽ പ്രതിപത്തവ്യഃ, ന സ ഏവ സാക്ഷാൽ—നാപി വസ്ത്വന്തരം'' ഇത്യാദി ഭാഷ്യം ചെയ്തിരിക്കുന്നതും മാത്രമേ എഴുത്തച്ഛൻ ഇവിടെ ഗണ്യമായിക്കരുതിയുള്ള എന്നു വിചാരിക്കേണ്ടതാകുന്നു. എങ്ങിനെയായാലും ഒരു സംഗതി ഇവിടെ സ്പഷ്ടമാകുന്നു: അതു് എഴുത്തച്ഛൻ രാമാനുജ മതാവലംബി അല്ലെന്നുള്ളതാണു്. എന്തുകൊണ്ടെന്നാൽ രാമാനുജാചാര്യർ ടി സൂത്രത്തിനു ചെയ്തിട്ടുള്ള ഭാഷ്യം അത്യന്തം ഭിന്നമാകുന്നു.

ഇനി ഒരുദാഹരണം ഉദ്ധരിക്കുവാൻ തുടങ്ങുന്നതു് അയോദ്ധ്യാകാണ്ഡാരംഭത്തിൽനിന്നുമാണു്. അവിടെ നാരദനെ മനഃപൂർവ്വം പ്രവേശിപ്പിച്ചു രാമനാരദസംവാദരൂപമായി വേദാന്തസിദ്ധാന്തങ്ങളെ പ്രതിപാദിക്കുവാൻ മൂലഗ്രന്ഥത്തിൽ പ്രയത്നം ചെയ്തിരിക്കുന്നു. അതിൽനിന്നൊരുഭാഗം ഉദ്ധരിക്കുന്നു.

''തദാഭാസോദിതാജ്ഞാനമവ്യാകൃതമിതീയ്യതെ
തസ്മാന്മഹാംസ്തതഃ സൂത്രം ലിംഗം സർവ്വാത്മകം തതഃ''

ഇതിന്റെ തർജ്ജിമ:

''മായയാ മൂടി മറഞ്ഞിരിക്കുന്നോരു
നീയല്ലോ ന്യൂനമവ്യാകൃതമായതും;
പിന്നെയതിങ്കൽനിന്നുണ്ടായ് മഹത്തത്ത്വ-
മെന്നതതിങ്കൽനിന്നുണ്ടായി സൂത്രവും;
സർവാത്മകമായ ലിംഗമതിങ്കൽനി-
ന്നുർവീപതേ! പുനരുണ്ടായ് ചമഞ്ഞതും,''

ഇവിടെ നിന്റെ, അതായതു് പരമാത്മാവിന്റെ, സംബന്ധംകൊണ്ടു സൃഷ്ട്യുന്മുഖമായ മായയെ അവ്യാകൃതമെന്നു പറഞ്ഞിരിക്കെ, എഴുത്തച്ഛൻ മായയാൽ മൂടിയ പരമാത്മാവിനെ അവ്യാകൃതമെന്നർത്ഥമാക്കി മൂലശ്ലോകതാല്പര്യത്തെ മറിച്ചിട്ടിരിക്കുന്നു. അജ്ഞാനരൂപമായ മായയെ മൂലത്തിൽ അവ്യാകൃതമെന്നു പറഞ്ഞിരിക്കേ അവിടെ ഒരു മറിപ്പുണ്ടാക്കി അവ്യാകൃതശബ്ദം

പരമാത്മാവിനാക്കിയതിന്റെ കാരണം വ്യക്തമല്ല. പരമാത്മാവാണു് അവ്യാകൃതമായി പരിണമിച്ചതു് എന്നത്രം പറയാമെന്നു വച്ചാലും അതും ശരിയാകയില്ല. "പിന്നെയതിങ്കൽനിന്നുണ്ടായ് മഹത്തത്വം" എന്നു പറയുന്നു. ഏതിങ്കൽനിന്നു് എന്ന ചോദ്യത്തിനു് അവ്യാകൃതത്തിൽനിന്നെന്നല്ലാതെ ഉത്തരം പറയാൻ തരമില്ല. അപ്പോൾ പരമാത്മാവിൽനിന്നു മഹത്തത്വമുദ്ഭവിച്ചതായി വരണം. ഇതു് അദ്വൈതസിദ്ധാന്തങ്ങളുമായി നിരക്കുന്നില്ല. ''സൂക്ഷ്മം തു തദർഹത്വാൽ'' എന്ന ബ്രഹ്മസൂത്രത്തെ വ്യാഖ്യാനിക്കുമ്പോൾ ശങ്കരാചാര്യർ "തച്ചേദം തർഹ്യവ്യാകൃതമാസീത്തന്നാമരൂപാഭ്യാമേവ വ്യാക്രിയതേ'' ഇത്യാദി ബൃഹദാരണ്യകോപനിഷൽഭാഗമുദ്ധരിച്ചു് വ്യാകൃതനാമരൂപഭിന്നമായ ഈ ജഗത്തു മുമ്പിരുന്ന സ്ഥിതിയിൽ, അതായതു് നാമരൂപങ്ങളും ഇല്ലാതിരുന്ന നിലയിൽ, കേവലം ബീജശക്ത്യവസ്ഥമായിരിക്കേ അവ്യാകൃതശബ്ദയോഗ്യമാണെന്നു പറയുന്നു. ആരണ്യകാണ്ഡത്തിലെ അഗസ്ത്യസ്തുതിയിലും അവ്യാകൃതശബ്ദത്തെ പരമാത്മപരമായി പ്രയോഗിച്ചുകാണുന്നു.

"നിവ്യാജം വേദാന്തികളം പൊല്ലുന്ന നിന്നെ മുന്നം
ദിവ്യമാമവ്യാകൃതമെന്നുപനിഷദ്പ്രശാൽ"

എന്നു പറഞ്ഞിരിക്കുന്നതു നോക്കുക. അവിടെത്തന്നെ ഇടവിട്ടുടച്ചയായി,

'മഹത്തത്വമഹങ്കാരവും സംസാരവും
മഹദ്ഭേദികളേവം മൂന്നായിച്ചൊല്ലീടുന്നു
സാത്വികം രാജസവും താമസമെന്നിവണ്ണം
വേദ്യമായ് ചമഞ്ഞിതു മൂന്നുമെന്നറിഞ്ഞാലും.
താമസത്തിങ്കൽനിന്നു സൂക്ഷ്മതന്മാത്രകളും
ഭൂമിപൂർവകസ്ഥൂലപഞ്ചഭൂതവും പിന്നെ
രാജസത്തുങ്കൽനിന്നുണ്ടായിതിന്ദ്രിയങ്ങളും
തേജോരൂപങ്ങളായ ദൈവതങ്ങളും പിന്നെ
സാത്വികത്തിങ്കൽനിന്നു മനസ്സുമുണ്ടായ്വന്നു
സൂത്രരൂപകം ലിംഗമിവറ്റിൽനിന്നുണ്ടായി.'

ഇത്യാദി കാണുന്നഭാഗവും നിരാക്ഷേപമെന്നു വയ്ക്കാമെങ്കിലും, സുസമ്മതമായി ഗണിക്കത്തക്കതല്ല.

"താമസാൽ സൂക്ഷ്മതന്മാത്രാണ്യാസൻ ദ്രവ്യാന്യതഃപരം
സ്ഥൂലാനി ക്രമശോ രാമ ക്രമോത്തരഗുണാനി ഹി"


എന്ന മൂലശ്ലോകത്തിന്റെ അർത്ഥം തർജ്ജിമയിൽ വളരെ വിരളമായിരിക്കുന്നു. താമസമായ അഹങ്കാരത്തിൽനിന്നു് സൂക്ഷ്മതന്മാത്രകം ഉണ്ടായി. സൂക്ഷ്മതന്മാത്രകം എന്നാൽ അങ്കുരാവസ്ഥയിലുള്ള ശബ്ദസ്പർശരൂപരസഗന്ധങ്ങളാകുന്നു. അങ്ങനെയുള്ള സൂക്ഷ്മതന്മാത്രകളിൽനിന്നു ക്രമേണ ക്രമോത്തരഗുണങ്ങളായ സ്ഥൂലദ്രവ്യങ്ങളുണ്ടായി. എങ്ങനെ എന്നാൽ ശബ്ദതന്മാത്രയിൽനിന്നു് ആകാശം; ശബ്ദതന്മാത്രയിലും സ്പർശതന്മാത്രയിലുംനിന്നു വായു; ശബ്ദസ്പർശരൂപതന്മാത്രകളിൽനിന്നു തേജസ്സു"; ഇങ്ങനെ കണ്ടുകൊള്ളേണ്ടതാകുന്നു. സ്ഥൂലദ്രവ്യങ്ങളുടെ ഉൽപത്തി മേൽപ്രകാരമാകയാൽ അവ ക്രമോത്തരഗുണങ്ങളും, അതായതു് അവയുടെ ഗുണങ്ങളും ഒന്നിനൊന്നു കൂടിക്കൂടി വരുന്നവയാണെന്നു താല്പര്യം. അതുകൊണ്ടു് ആകാശം ശബ്ദമാത്രഗുണം, വായു ശബ്ദസ്പർശഗുണം, തേജസ്സു ശബ്ദസ്പർശരൂപഗുണം; ഇങ്ങനെ ഉപര്യുപരി വർദ്ധമാനഗുണങ്ങളാണു് പഞ്ചഭൂതങ്ങളും. മഹത്തായ വ്യാഖ്യാനംകൊണ്ടു പണ്ഡിതഹരണം ചെയ്യാത്തപക്ഷം തർജ്ജിമ വായിക്കുന്നവർ മേല്പറഞ്ഞ അർത്ഥമൊന്നുമറികയില്ല. ശാസ്ത്രതത്ത്വപ്രതിപാദനത്തിനു മുതിരുന്ന തർജ്ജിമക്കാർ സംക്ഷേപണയന്ത്രം പ്രയോഗിച്ചു് അർത്ഥഗ്രഹണത്തിനു മങ്ങലുണ്ടാക്കുന്നതു മംഗലമാണെന്നു പറയുവാൻ മനസ്സനുവദിക്കുന്നില്ല. അതുകൊണ്ടാണു് അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ വേദാന്തഘട്ടങ്ങളും പ്രശംസാർഹങ്ങളും എന്നു പറയുവാൻ വിഷമിക്കുന്നതു്.

മൂകളിൽ കാണിച്ചതരത്തിലുള്ള സംഖ്യലിതങ്ങളും അസംഘടിതകളുമുള്ള ഭാഗങ്ങളും കേവലം നിഷ്പ്രയോജനങ്ങളാണെന്നു ഞാൻ പറയുന്നില്ല. ഭക്തിശക്തി മൂകയേയുള്ളവരുടെ വികാരവികാസത്തിനു് അത്തരം ഭാഗങ്ങളും പ്രേരകങ്ങളായി പ്രവർത്തിക്കു

ന്നതു പലപ്പോഴും കണ്ടിട്ടുണ്ട്. 'മരാമരാ' എന്നു വ്യത്യസ്തവർണ്ണമായി രാമനാമം ജപിച്ച കാട്ടാളൻപോലും അതിവിജ്ഞാനിയായിത്തീർന്നു എന്ന പുരാണകഥ പ്രസിദ്ധമാകയാൽ, വാക്യങ്ങൾക്ക് അർത്ഥമുണ്ടെങ്കിലുമില്ലെങ്കിലും, ഭക്തിയുടെ വേലിയേറ്റംതാങ്ങാത്ത സംഗതികളാൽ ബാധിക്കപ്പെട്ടുന്നതല്ലെന്നുള്ളതിൽ അത്ഭുതത്തിനവകാശമില്ല.

"സ്ഥാണുരയം ഭാരഹാരഃ കിലാഭ്രത്
യോധീത്യ വേദാൻ വിജാനാതി നാർത്ഥം"

'വേദങ്ങളും പഠിച്ചിട്ട്' അർത്ഥമറിയാതെ ഇരിക്കുന്നവൻ ചുമട്ടാങ്ങിക്കാരറിയാണെ'ന്നുള്ള ആക്ഷേപത്തിനു് അദ്ധ്യാത്മരാമായണം കിളിപ്പാട്ടിനെ സംബന്ധിച്ചിടത്തോളം വ്യാപ്തിയുള്ളതല്ല.



തൃതീയഖണ്ഡം

മേൽപ്രകാരം അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ വേദാന്തഭാഗങ്ങളെപ്പറ്റി വിപ്രതിപത്തിയ്ക്കുവകാശമുള്ള സ്ഥിതിക്ക് അങ്ങനെ ഒരു ആധാരത്തിന്മേൽ എഴുത്തച്ഛന്റെ യശഃസ്തംഭം പ്രതിഷ്ഠിക്കുവാൻ ഞാനുത്സാഹിക്കുന്നില്ല. അതുകൂടാതെതന്നെ ഭദ്രമായ അധിഷ്ഠാനങ്ങളും അസുലഭങ്ങളല്ല. അദ്ധ്യാത്മരാമായണത്തെപ്പറ്റി പറകയാണെങ്കിൽ അതിൽ ആപാദചൂഡം സ്ഫുരിക്കുന്ന ഭക്തിരസവും ഭാഷാപ്രയോഗചാതുരിയും അനിതരസാധാരണമാണെന്നു പറയുന്നതിനു് ആരും മടിക്കേണ്ട. പക്ഷേ ഈ ഗുണങ്ങളുടെ പരമാവധിവികാസം കാണുന്നതു ഭാരതം കിളിപ്പാട്ടിലാണു്. ശൃംഗാരവീരകരുണാദികളായ പല രസങ്ങളും എഴുത്തച്ഛന്റെ കൃതികളിൽ സ്ഫുടപ്രകാശമായിക്കാണാമെന്നിരിക്കിലും ഭക്തിരസത്തിന്റെ കായ്മ ഒന്നു പ്രത്യേകംതന്നെയാണു്. ഭക്തിരസമൂർച്ഛപോലെ മറെറാരു രസവും അദ്ദേഹത്തെ ചലിപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. അതിന്റെ പാർശ്വശൃത്തിൽ ബാഹ്യലോകബോധമോ ആത്മസ്മരണമോ ഇല്ലാത്തവണ്ണമെപ്പോലെ ഈശപരചരണാരവിന്ദങ്ങളിൽ അദ്ദേഹം ലയിച്ചുപോകുന്നതായി തോന്നാതിരിക്കയില്ല.

"നിറഞ്ഞ പീലികളും നിരക്കവേ കെട്ടി
നിരകയിൽ കൂട്ടിത്തിറമൊട്ട കെട്ടി
കരിമുകിലൊത്ത ചികുരഭാരവും
മണികളും മിന്നിട്ടും മണിക്കിരീടവും
കുനുകുനെച്ചിന്നും കുറുനിരതന്മേൽ

നന്നനനെപ്പൊടിഞ്ഞൊരു പൊടി പററി
തിലകവുമൊട്ട വിയപ്പിനാൽ നന–
ഞ്ഞുലകു സൃഷ്ടിച്ചു ഭരിച്ചു സംഹരി–
ച്ചിളകുന്ന ചില്ലിയുഗളഭംഗിയും”

ഇത്യാദി കണ്ണപവ്വത്തിൽ പാർത്ഥസാരഥിരൂപം ചിത്രീകൃതമായ ഭാഗം വായിക്കുമ്പോൾ പുളകപ്രസരം അനുഭവിക്കാത്തവർ അധന്യന്മാർതന്നെ. അന്യഥാ മിതഭാഷിയായ കവി ഉപാസ്യന്മാരായ കൃഷ്ണരാമാദികളുടെ പ്രസംഗത്തിൽ *വാവദൂകതയിലാഹ്ലാദിക്കുന്നതായും കാണാം.

“ഓഷധീപതിമുഖദീധിതിസ്ഥിതദ്യുതി
മോഹിതഗോപവധൂസംഹതിരതിപതി
ശ്രീപതി യദുപതി ഭൂപതി സതാം പതി
ഗോപതി മഖപതി ധർമ്മകർമ്മൈകപതി
വിബുധപതി വേദപതി ദേവാനാം പതി
അദിതിസുതപതി ദഹനപിതൃപതി
നിർൃതി സരിൽപതിപതിസന്തതഗതി
ക്ഷണദാപതി പശുപതി പാർവതീപതി–
പ്രഭുതിദിശാമധിപതിസഞ്ചയപതി
വിബുധസേനാപതി വിവിധഗണപതി
പ്രമഥപതി യക്ഷരക്ഷസാം പതി ഭോഗി–
പതി ഗന്ധർവപതി സകലപ്രജാപതി–
പ്രമുഖമുനിജനരചിതശ്രുതിതതി–
പ്രണതിനുതിശ്രുതിപ്രീതിപൂണ്ടിട്ടും ദേവൻ
ദാനവാരാതി ദയാവാരിധി മഖപതി
സുകൃതിജനപതി നിലയനിരഞ്ജനൻ
നിഷ്കളൻ നിരാകരൻ നിർഗ്ഗുണൻ നിരുപമൻ
നിസ്പൃഹൻ നിരഞ്ജനൻ നിർമ്മലൻ നിരാകുലൻ

* വാവദൂകത= വളരെ പറയുന്ന ശീലം.

നിർമ്മമൻ നിരാമയൻ നിർവ്വികല്പകൻ നിത്യൻ
സത്യജ്ഞാനാനന്താനന്ദാമൃതാദ്വയമൂർത്തി
സച്ചിൽബ്രഹ്മാത്മാ സത്താമാത്രാത്മാ പരമാത്മാ
സംവിദ്ദേഹാത്മാ പരജ്യോതിരാദ്യന്തഹീനൻ
സംവ്രതൻ മായാമയനീശ്വരനെൻറെയുള്ളിൽ
സന്തതമിരുന്നരുളീടിന നാരായണൻ."

എന്നുള്ള ശാന്തിപർവ്വഭാഗം ഇതിനു സുലഭമായ ഒരുദാഹരണമാകുന്നു. ദ്രൗപദീവസ്ത്രാപഹാരണഘട്ടത്തിൽ പാഞ്ചാലിയേക്കാൾ എഴുത്തച്ഛനല്ലയോ അധികം തീവ്രമായി കൃഷ്ണനാമഘോഷണംചെയ്യുന്നതെന്നു സംശയം തോന്നും. എന്നിട്ടദ്ദേഹം പറയുന്നു,

"ഇത്ഥം പ്രലാപം കലന്നോരുനേരത്തു
വസ്ത്രമഴിച്ചോളമുണ്ടങ്ങു പിന്നെയും
ഏറിയോരാടയവനഴിച്ചിട്ടിട്ടും
കുറയരയിന്നു വേറായതില്ലേതും.
കുറവിന്നാക്ഷനുണ്ടായാലുള്ളൊരു
കാരിയമിങ്ങനെ വന്നുഞായമെടോ."

കൃഷ്ണപ്രസാദഫലം ക്ഷേത്രഗണിതത്തിലെ ഒരു മൂലതത്വം പോലെ കവി ഇവിടെ സിദ്ധമായി സ്ഥാപിക്കുന്നു. ഭഗവൽപ്രസാദപാത്രമായ ദ്രൗപദിയോടു കഥയില്ലാതെ കഠിനക്കെ തുടന്ന ദുശ്ശാസനന്റെ ദുഷ്പ്രവൃത്തികണ്ടു് പാണ്ഡവന്മാർ അനങ്ങാതെ നിന്നതേയുള്ളുവെങ്കിലും എഴുത്തച്ഛൻകൂടെ ആ അവസരത്തിൽ ഉണ്ടായിരുന്നെങ്കിൽ സഹജമായ ശാന്തതയെ തൃജിച്ചു യോഗദണ്ഡം ദുശ്ശാസനന്റെ മൂർദ്ധാവിൽ പ്രയോഗിച്ചു സമാധാനലംഘനമുണ്ടാക്കാതെ അടങ്ങുകയില്ലായിരുന്നു. അത്രമാത്രം ഭക്തിപാരവശ്യവും സദാചാരനിഷ്ഠയും അദ്ദേഹത്തിന്റെ കൃതികളിൽ പ്രതിബിംബിച്ചുകാണുന്നുണ്ടു്.

ആസ്തികൃവും നാസ്തികൃവും തമ്മിൽ * മുഷ്ടീമുഷ്ടിയായി യുദ്ധം നടക്കുന്ന ഇക്കാലത്തു ഭക്തിയോഗമെന്ന തത്ത്വശാഖയെ പുരസ്കരിച്ചു രചിച്ചിട്ടുള്ള പ്രബന്ധങ്ങളും ആദരണീയങ്ങളായിരിക്കുമോ എന്ന സംശയം ബാധിക്കാവുന്നതാണു്. കാവ്യങ്ങളും കലകളും കലകളും സേവ്യങ്ങളും ആണെങ്കിൽ വിഷയം ഭക്തിയാകുന്നതുകൊണ്ടു കാവ്യത്തിനു് അന്യഥാത്വമുണ്ടാകുന്നതല്ല. ഡാൻറി, മിൽട്ടൻ മുതലായ മഹാകവികളും തത്ത്വചിന്തകളെ ആധാരമാക്കി കാവ്യങ്ങളും രചിച്ചിട്ടുള്ളവരാണു്. അവരുടെ ഉക്തിക്കു വിഷയമായ മനോഭാവങ്ങളിൽ അവർ ജീവിക്കയും വ്യാപരിക്കയും ചെയ്തിരുന്നവരാണു്. കാവ്യങ്ങളും വാസ്തവത്തിൽ കവിയുടെ ജീവിതവുമായി ഗാഢസമ്പർക്കമുള്ള പ്രതിധ്വനികളാണു്. വികാരപാരവശ്യമയങ്ങളായ വചനങ്ങളാണു് കവിവാക്യങ്ങളും. വിചാരധാരയെ ഉദ്ദീപിപ്പിച്ചിട്ടുള്ള വികാരാനുഭൂതികളെ പ്രശാന്തദശയിൽ അനുധ്യാനിച്ചു നിർമ്മിച്ചിട്ടുള്ള കൃതികളുടെ കാവ്യത്വം നിരസിക്കാവുന്നതല്ല. പക്ഷേ തത്ത്വജ്ഞാനസിദ്ധാന്തങ്ങളെ കേവലം ഉപന്യാസരൂപത്തിൽ പ്രബന്ധിക്കുന്നതു കാവ്യമാകയില്ല. അത്തരത്തിൽ ഒരു കൃതിയാണു് "പോപ്പ്" എന്ന ഇംഗ്ലീഷുകവി രചിച്ചിട്ടുള്ള "എസ്സേ ഓൺ മാൻ" (Essay On Man). അതുകൊണ്ടതന്നെയാണു് വേദാന്തപ്രതിപാദകമായി അദ്ധ്യാത്മരാമായണത്തിൽ സംഘടിപ്പിച്ചിട്ടുള്ള ഭാഗങ്ങളും കാവ്യോദ്യാനമലിനച്ഛായങ്ങളായി പരിണമിച്ചിരിക്കുന്നതു്. ഭക്തിയുടെ കായ്മങ്ങളെയല്ല. ധാർമ്മികത്വം, പാരമാർത്ഥികത്വം, സൗന്ദര്യാവബോധം എന്നിവയേപ്പോലെ മനുഷ്യരുടെ അന്തരാത്മാവിൽ സാരഭൂതമായി നിലീനമായ ഒരു ഭാവമാണു് പരിശുദ്ധിബോധം. അങ്ങനെ സ്ഥായിയായി ഒരു ഭാവം മനുഷ്യാത്മാവിലുണ്ടെന്നു് ആധുനികതത്ത്വചിന്തകനായ "ഓട്ടോ" അദ്ദേഹത്തിൻെറ കൃതിയായ "ദി ഐഡിയാ ഓഫ് ദി

---

* മുഷ്ടീമുഷ്ടി = അന്യോന്യം മുഷ്ടിപ്രയോഗിച്ചു്.

ഹോളി" (The Idea of the Holy) എന്ന പുസ്തകത്തിൽ സമ
ർത്ഥിക്കുന്നു. "ഷ്ളി എർമാക്കർ" (Shle Iermacher) എന്ന
ജർമ്മൻതത്വജ്ഞാനിയുടെ അഭിപ്രായത്തിൽ, നമ്മുടെ പരിച്ഛിന്ന
ങ്ങളായ ബോധശക്തികളും അപരിച്ഛിന്നവും അനന്തവും ആയ
അനുഭൂതിയോടു സമ്പർക്കിക്കുമ്പോൾ, ഈശ്വരപ്രതിപത്തിസ്ഫുര
ണമായി പരിണമിക്കുന്നതാണെന്നു കാണുന്നു. പരസ്പരാശ്രയങ്ങ
ളായ ഭാവങ്ങളെ അവലംബിക്കുന്ന വിചാരശക്തിക്കു ഗ്രാഹ്യമ
ല്ലാതെ അനുഭൂതിമാത്രൈകവേദ്യമായ ഒരു പ്രതീതിയാണു് ഈശ്വര
പ്രതിപത്തി. "അചിന്ത്യാ യേ ഖലു ഭാവാഃ ന താംസ്തർക്കേണ
യോജയേത്" എന്നുള്ള ശങ്കരാചാര്യവാക്യം ഇവിടെ പ്രസ്താവ
യോഗ്യമാകുന്നു. ഭക്തിരസത്തിന്റെ അധിഷ്ഠാനം അനുഭൂതി
യാണു്. അങ്ങനെയുള്ള അനുഭൂതികളെ അവലംബിച്ചു രചിച്ചി
ട്ടുള്ള എഴുത്തച്ഛന്റെ കൃതികളും ഏറ്റവും നിർമ്മലങ്ങളാണെന്നു്
തന്നിമിത്തം വന്നുകൂടുന്നു.

ഭക്തിരസത്തിനു് അടുത്തപടിയിൽ എഴുത്തച്ഛനു പ്രിയമാ
യിക്കാണുന്നതു കരുണമാകുന്നു. രാക്ഷസശിശുവായ സുകേശൻ
തനിയേ വനത്തിൽ കിടന്നു കരയുന്നതുകണ്ടു് ആകാശദേശത്തു
സഞ്ചരിച്ചിരുന്ന പാർവ്വതീപരമേശ്വരന്മാർ ഭൂമിയിലിറങ്ങിയതും,
ശ്രീപാർവ്വതി കുട്ടിയെ എടുത്തു മുലകൊടുത്തതും, ദേവിയുടെ താല്പ
ര്യമനുസരിച്ചു മഹേശ്വരൻ ആ കുട്ടിക്കു വരംകൊടുത്തതും,
ഉത്തരരാമായണത്തിൽനിന്നു് മുമ്പുതന്നെ ഉദ്ധരിച്ചിട്ടുണ്ടല്ലോ. ആ
കൃതിയിൽത്തന്നെ സീതാപരിത്യാഗഘട്ടം എത്രയും ഹൃദയംഗമ
മായി വർണ്ണിച്ചുകാണുന്നു. സീതയെ കാട്ടിൽ ഉപേക്ഷിക്കേണ്ട
ഘട്ടം അടുക്കുമ്പോൾ ശുദ്ധാത്മാവും ജ്യേഷ്ഠന്റെ വചനേസ്ഥിത
നുമായ ലക്ഷ്മണന്റെ ശോകോദയം നോക്കുക:—

"വാവിട്ടു കരയുന്ന ലക്ഷ്മണൻതന്നെ നോക്കി
ദേവിയുമുരചെയ്താൾ എന്തിതു കുമാരാ! ചൊൽ
എന്തിനു കരയുന്നു സന്താപമുണ്ടായതു—
മെന്തെന്നു പരമാർത്ഥം ചൊല്ലു നീ മടിയാതെ"

ഇത്യാദി ഭവിഷ്യത്തായ അധഃപാതത്തെ അശങ്കിതവതിയായി സീത പറയുന്നതുകേട്ട്,

"എന്നിവ കേൾക്കുന്തോറും തന്നുള്ളിലടങ്ങാതെ
വന്ന ദുഃഖത്താലവൻ വാവിട്ട മുറയിട്ടാൻ."

പിന്നെയും

"ചൊല്ല ചൊല്ലെന്ന സീതാനിർബന്ധം കേട്ടനേരം
ചൊല്ലിനാൻ സൌമിത്രിയും ഗൽഗദവർണ്ണങ്ങളാൽ:—
ചൊല്ലിയാൽ കേൾപ്പാൻ രഘുനാഥനു പലരുണ്ടു
കല്യന്മാരായിട്ടവർ പലരുമിരിക്കവേ
എന്നോടായിതു നിയോഗിച്ചിതു രാമചന്ദ്രൻ
മുന്നം ഞാൻ ചെയ്ത ദുഷ്കർമ്മങ്ങളന്തൻഫലത്തിനാൽ"

ഇത്യാദിഭാഗം വായിക്കേണ്ടതുതന്നെയാകുന്നു. ശോകവർണ്ണനയ്ക്കു പൂർവ്വപീഠികയായി ശോകഭാക്കാകുന്നവരുടെ നിശ്ശങ്കമനഃസ്ഥിതി കൊണ്ടു് ഒരു പ്രത്യവഭാസമുണ്ടാക്കുന്നതു് എഴുത്തച്ഛന്റെ സാധാരണ കൌശലമാണു്. അതുകൊണ്ടു് സീതയുടെ ദോഷശങ്കാരഹിതമായ മനഃസ്ഥിതി പ്രസ്തുതഭാഗത്തു സ്ഫുടിപ്പിച്ചുകാണിച്ചിരിക്കുന്നു. അതുപോലെ കാട്ടാന എന്നു വിചാരിച്ചു ദശരഥൻചെയ്ത നാദഭേദിയായ ബാണപ്രയോഗംകൊണ്ടു് സിദ്ധിപൂകിയ ഋഷികുമാരന്റെ മാതാപിതാക്കൾക്കു ദുഃഖബാധ നേരിട്ടുന്നതിനു മുമ്പുള്ള വിചാരരീതി നോക്കുക.

"വൃദ്ധതയോടു നേത്രങ്ങളും വേറുപെ-
ട്ടർദ്ധരാത്രിക്കു വിശന്നു ദാഹിച്ചഹോ!
വർത്തിക്കുമെങ്ങൾക്കു തണ്ണീർ പോയൊരു
പുത്രനുമിന്നു മറന്നുകളഞ്ഞിതോ?
മറ്റില്ലൊരാശ്രയം ഞങ്ങൾക്കൊരുനാളും
മുറവും ഭവാനൊഴിഞ്ഞെന്തു വൈകീടുവാൻ?
ഭക്തിമാനേറവും മുന്നമെല്ലാമതി-
സ്വസ്ഥനായ് വന്നിതോ നീ കുമാരാ! ബലാൽ"

എന്നിങ്ങനെ ആപത്തിനെപ്പറ്റി യാതൊരു ശങ്കയുമില്ലാതിരിക്കേയാണ് അവരുടെ പുത്രകഥാസമാപ്തിവൃത്താന്തമറിയിക്കുവാൻ ദശരഥൻ കടന്നുചെല്ലുന്നതു്. ഈ ഭാഗം മൂലത്തിലുള്ളതല്ല. അനിഷ്ടശങ്കയില്ലാതെ ഇരിക്കവേ ദുഃഖപാതം താരതമ്യേന തീവ്രമായിരിക്കണമെന്ന ബോധമാണിവിടെ കവി പ്രകടീകരിക്കുന്നതു്. ഇങ്ങനെയുള്ള കരുണാർദ്രത തിയ്യക്കുകളുടെ വിഷയത്തിലും എഴുത്തച്ഛൻ ഒഴിക്കാറില്ല. മന്ദപാലോപാഖ്യാനം നോക്കുക: മന്ദപാലനെന്ന തപസ്വിക്കു സന്താനമില്ലാതിരുന്നതുകൊണ്ടു പരലോകത്തു സ്ഥാനം സിദ്ധിച്ചില്ല. അതുകൊണ്ടു് ശീഘ്രം ബഹുസന്താനലാഭത്തിനു് അദ്ദേഹം ഉപായമാലോചിച്ചു ശാർങ്ഗപക്ഷിയായി 'ജരിത' എന്ന ഒരു പക്ഷിണിയെ വിവാഹം കഴിച്ചു. നാലു കുട്ടികളെ പിറന്നശേഷം ഭർത്താവു ഭാര്യയേയും മക്കളേയുമുപേക്ഷിച്ചു് 'ലപിത' എന്ന മറ്റൊരു പക്ഷിണിയെ ഭാര്യയായി സ്വീകരിച്ചു. അങ്ങനെയിരിക്കെ പാപ്പിടമായ ഖാണ്ഡവവനത്തിൽ അഗ്നിബാധയുണ്ടായി. ജരിതയ്ക്കു പുത്രരക്ഷാവിഷയമായുണ്ടായ ഉൽക്കണ്ഠയും വ്യസനവും എഴുത്തച്ഛൻ വർണ്ണിക്കുന്നു.

"അരണ്യംതന്നിൽ പിടിപെട്ടിതു വഹ്നിദേവൻ
കരഞ്ഞുതുടങ്ങിനാം ജരിതതാനുമപ്പോളം.
'നിർഘൃണനായ പിതാവിവറെയുപേക്ഷിച്ചാൻ
ദുഃഖിക്കുമാറായി ഞാൻ പൈതങ്ങളിവരോടും
പറക്കപ്പോകാതെയും വന്നിതു ബാലന്മാർക്കു
നിരക്കേ പിടിപെട്ട വനത്തിലഗ്നിതാനും.
ഞാനിനിയിവറെയെന്തോർത്തെൻ തമ്പുരാനേ!
കാനനത്തിങ്കലഗ്നിപിടിച്ച നാലുപാടും'
ഇങ്ങനെ കരയുമ്പോളം പൈതങ്ങളരചെയ്താർ
'എങ്ങാനും പൊയ്പ്പോകമ്മേ! നീകൂടേ മരിക്കേണ്ട
ഞങ്ങളും ചാകിലോ പിന്നെപ്പെറാ സന്തതിയുണ്ടാം
എങ്ങനെയുണ്ടാകുന്നു നീകൂടെ മരിക്കിലോ?

ഞങ്ങളെ സ്നേഹിച്ച നീ സന്താനം മുടിക്കേണ്ടാ
മംഗലം വന്നുകൂട്ടും പിന്നെയുമെന്നോവശ്യ.'

....

എന്നതു കേട്ട പറഞ്ഞീടിനാനാം ജരിതയു–
'മെന്നുടെ പൈതങ്ങളേ! നിങ്ങളുമൊന്നു വേണം
ഇക്കണ്ട മരത്തിൻകീഴണ്ടെലിമടയതിൽ
പുക്കുകൊള്ളുവിൻ നിങ്ങളെന്നാൽ ഞാനൊന്നു ചെയ്യൻ
പൂഴികൊണ്ടതിനുഖം മൂടിവയ്ക്കുയുംചെയ്യാ–
മൂഴിതൻ താഴെ തീയും തട്ടുകയില്ലയല്ലൊ.
കീഴേപ്പോയ്കിടന്നുകൊണ്ടീടുവിൻ തീയാറിയാൽ
പൂഴിയും നീക്കിക്കൊണ്ടു പോന്നുകൊള്ളുവനല്ലോ'
പൈതങ്ങളതു കേട്ട മാതാവോടുരചെയ്താർ
'പൈദാഹത്തോടു മേവുമെലിയുണ്ടതിലമ്മേ!
പറപ്പാൻ ചിറകില്ല, നടപ്പാനില്ല കാലും,
ഇറച്ചി കണ്ടാലെലി പിടിച്ചുതിന്നുമല്ലൊ.'

....

എന്നതു കേട്ടനേരം വന്നൊരു ശോകത്തോടെ
തന്നുടെ പൈതങ്ങളെ നോക്കിയും കരഞ്ഞിട്ടും
പിന്നെത്താൻ പറക്കയും മറിഞ്ഞുനോക്കുകയും
എന്നുടെ കർമ്മമെന്നു കല്പിച്ചുപോയാളവാം."

അകൃത്രിമരമണീയമായ ഈ ഭാഗത്തിന്റെ ആർദ്രീകരണ ശക്തി വാചാമഗോചരമാകുന്നു. ഇതു മൂലത്തിലുള്ളതല്ലയോ എന്നു പണ്ഡിതന്മാരായ നിരൂപകന്മാർ ചോദിക്കാതിരിക്കയില്ല. അതുകൊണ്ട് ഇതു മൂലത്തിലുള്ളതുതന്നെ എന്നു പറഞ്ഞുകൊള്ളട്ടെ. എന്നുമാത്രമല്ല, ഒരു മഹാകവിയുടെ നിസർഗ്ഗസുന്ദരമായ വചോവിലാസത്തോടുകൂടി ഈ കഥാകല്പന ഭാരതംമൂലത്തിൽ പ്രതിപാദിച്ചിട്ടുള്ളതുമാകുന്നു. എങ്കിലും വ്യത്യാസങ്ങളും ഉണ്ട്.

"ഏവമുക്ത്വാ തതഃ ശാർങ്ഗീ പുത്രാനുത്സൃജ്യ ഖാണ്ഡവേ
ജഗാമ ത്വരിതാ ദേശം ക്ഷേമമഗ്നേരനാമയം"

ഇത്രമാത്രമേ പുത്രരെ വിട്ടിട്ട് ജരിത പോകുന്നതിനെപ്പറ്റി വ്യാസൻ പറയുന്നുള്ളൂ. ജരിത പുറപ്പെട്ടുപോയ കൂട്ടികളെ നോക്കിക്കരയുന്നതും തിരിഞ്ഞുതിരിഞ്ഞു നോക്കിക്കൊണ്ടു പറന്നു പോയതുമെല്ലാം എഴുത്തച്ഛന്റെ പരിഷ്കാരങ്ങളാണു്. അവിടെയാണു് രസഭാവനിബന്ധനത്തിന്റെ മകുടസ്ഥാനം കവി ഉറപ്പിച്ചിരിക്കുന്നതു്. വാക്യഭംഗകൃതി കൂടാതെ വ്യാസവാക്യങ്ങളുടെ താല്പര്യസാരം എത്ര ഭംഗിയായി എഴുത്തച്ഛൻ കടഞ്ഞെടുത്തിരിക്കുന്നു എന്നു പറയേണ്ടതില്ലല്ലൊ.

ഇതുപോലെ ശകുന്തള കണ്വനെ വിട്ടുപിരിയുന്ന ഘട്ടം നോക്കുക:—

"നാരീണാം ചിരവാസോ ഹി ബാന്ധവേഷു ന രോചതേ
കീർത്തിചാരിത്രധർമ്മഘ്നസ്തസ്മാന്നയത മാ ചിരം
തഥേത്യുക്ത്വാ തു തേ സർവേ പ്രാതിഷ്ഠന്ത മഹൗജസഃ
ശകുന്തളാം പുരസ്കൃത്യ സപുത്രാം ഗജസാഹ്വയം"

ഇത്രമാത്രമേ മഹാഭാരതത്തിലുള്ളൂ. എഴുത്തച്ഛൻ ആ ഭാഗം ഇങ്ങനെ വർണ്ണിക്കുന്നു:—

"താതനെപ്പിരിയുന്ന ദുഃഖംകൊണ്ടവളപ്പോൾ
ചൂതേലുംമുലതന്മേലിറ്റിറ്റു വീണിടുന്ന
നേത്രാംബു തുടച്ചഭിവാദ്യവുംചെയ്തു തൊഴ–
താസ്ഥയാ പ്രദക്ഷിണംചെയ്തു തൽപുത്രനോടും
ഗൽഗദാക്ഷരത്തോടു യാത്രയും ചൊല്ലി മെല്ലെ
നിർഗ്ഗമിപ്പതിനാശു തുനിഞ്ഞു ശകുന്തളാ.
മുനിയും തനയനെ മടിയിലെടുത്തുവെ–
ച്ചനുമോദത്തോടണച്ചാശ്ലേഷംചെയ്തു നന്നായ്
തലയിൽ പലവുരു ചുംബിച്ചു ചൊല്ലീടിനാൻ
പലനാളും വാഴ്ക ഭൂവി ഗുണവാനായ് നീയെന്നും

പലവുമാശീർവചനാദികളംചെയ്തു പിന്നെ–
ക്കലശങ്ങളും ജപിച്ചീടിനാൻ പിന്നെത്തന്റെറ
മകളെകരംകൊണ്ടു തടവി മന്ദംമന്ദം
സുഖമായ്വരികെന്നു പറഞ്ഞോരനന്തരം
അശ്രുക്കളം പൊഴിക്കയുമുൾക്കനം വിട്ടുകയും
നിശ്വാസം വരികയും നിസ്സഹം ചിന്തിക്കയും
മാനുഷഭാവംകൊണ്ടു മാമനിക്കുന്നേരം
മാനസഖേദം ചെറുതുണ്ടായിതെന്നോ വേണ്ടൂ.''

മനുഷ്യസാമാന്യത്തിനുള്ള മനോവികാരങ്ങളം മഹർഷിക്കു സംഭവിച്ചതായി വർണ്ണിച്ചതു വീണ്ടുവിചാരത്തിൽ അപാകമായി പ്പോയോ എന്നു ശ്രദ്ധാത്മാവായ എഴുത്തച്ഛൻ ഇവിടെ സംശയിച്ചതുപോലെ തോന്നുന്നു. അല്ലെങ്കിൽ, മാനുഷഭാവംകൊണ്ടിങ്ങനെ പറഞ്ഞതാണെന്നുള്ള സമാധാനത്തിനു കായ്മില്ലായിരുന്നു. കണ്വനിങ്ങനെയെല്ലാം തോന്നിയാലും ഇല്ലെങ്കിലും എഴുത്തച്ഛനു പ്രസ്തുത വികാരങ്ങളം ഉണ്ടാകുമെന്നുള്ളതിനു തക്കമില്ല. അല്ലെങ്കിൽ ഈ വർണ്ണന അസംഭാവ്യമായിരിക്കുമല്ലൊ. സാഹിത്യത്തിൽ കണ്വന്റെ മനുഷ്യത്വമല്ലാതെ മഹർഷിത്വം ഗണ്യമല്ല. ദേവയക്ഷഗന്ധർവാദികളെപ്പോലും മനുഷ്യസാധാരണതേജന ആലംബവിഭാഗങ്ങളായി, അതായതു് കഥാപാത്രങ്ങളായി, കവികർമം സാധുതികളിൽ പ്രയോഗിക്കുന്നു. അതുകൊണ്ടു് സ്വമനോനുകൂലമായി മഹർഷിയുടെ മനുഷ്യത്വത്തെ പുരസ്കരിച്ചു തുഞ്ചത്തു ഗുരുപാദർ വർണ്ണിച്ചതു് 'സാധു സാധു' എന്നു ബഹുശഃ പ്രഘോഷിക്കേണ്ടതാകുന്നു. കരുണയേയും ആർദ്രതയേയും എഴുത്തച്ഛനിൽ പ്രബലീകരിച്ചതു വ്യാസനും വാല്മീകിയും തന്നെയായിരിക്കണം. ആ മഹാകവിദ്വയത്തിൽ വാല്മീകിക്കു് വാക്യകാർക്കശ്യവും അപഹാസവാസനയും ഉണ്ടെങ്കിലും ഭർത്തൃപരിത്യക്തയായ സീതയുടെ രക്ഷകസ്ഥാനം സ്വീകരിച്ചതിൽ അദ്ദേഹത്തിന്റെറ ആന്തരികമായ കാരുണ്യം വിശദീഭവിച്ചു. വ്യാസന്റെറ

ദയാമയമായ ഹൃദയം സ്ഫടികസ്ഫുടമായി പ്രകാശിക്കുന്നതുമാകുന്നു. എഴുത്തച്ഛന്റെ ഹൃദയവും വാക്പ്രസരവും വ്യാസകൃതികളുടെ പാരായണംകൊണ്ട് മിക്കവാറും വ്യാസാനുസാരിയായി പരിണമിച്ചിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ആ സംഗതി ഭാരതം വ്യാസോൽപത്തിഘട്ടത്തിൽ എഴുത്തച്ഛൻ മുക്തകണ്ഠം സമ്മതിച്ചിട്ടുള്ളതുമാകുന്നു.

ശൃംഗാരവീരരൌദ്രഭയാനകാദിരസങ്ങളും പ്രയോഗിക്കുന്നതിൽ അദ്ദേഹം ഒട്ടും അസമർത്ഥനല്ല. അവയെ ഇവിടെ പ്രപഞ്ചനം ചെയ്യാൻ തുടങ്ങുന്നില്ല. എങ്കിലും ചില ലഘൂദാഹരണങ്ങൾ ഉദ്ധരിക്കാം. ഭയാനകപ്രതിപാദനത്തിനു് കണ്ണപവ്വത്തിൽ ദുശ്ശാസനവധഘട്ടം നോക്കുക:

"തുടതുടെപ്പൊടിച്ചുടനുടനുടൽ
ചുടുചുടെത്തിളച്ചുരുവിയാവുപോൽ
തുടതുടെ വന്ന രുധിരപൂരത്തെ
കുടുകുടെക്കുടിച്ചുലറിച്ചാടിയും
പെരുവെള്ളംപോലെ വരുന്ന ശോണിത–
മൊരുതുള്ളിപോലും പുറത്തുപോകാതെ
കവിണ്ണു നന്നായിക്കിടന്നുകൊണ്ടുടൻ
കവിംത്തടം നന്നായ് നിറച്ചിറക്കിയും
മടിച്ചു മാരുതി ചിരിച്ചു ചൊല്ലിനാൻ
മതിത്തിതു നാവുമുദരവുമെല്ലാം.
കുടൽമാല മെല്ലെന്നെടുത്തുകൊണ്ടുടൻ
തുടൽമാലപോലെ കഴുത്തിലിട്ടുകൊ–
ണ്ടുടൽക്കളമെല്ലാം പൊടിപെട്ടംവണ്ണം
ഉടനുടൻ ചാടിത്തുടമേലേ തച്ചും." ഇത്യാദി.

അതുപോലെ അത്ഭുതത്തിനു് അശ്വമേധികപവ്വത്തിൽ പണ്ടു് മരുത്തൻ വച്ചിരുന്ന നിധി പാണ്ഡവർ ചെന്നെടുക്കുന്നതു്,

"പിരിന്നക്കഴിച്ചു നിധി കണ്ടനേരത്തു
വന്നോരു വിസ്മയം ചൊല്ലാവതല്ലേതും.

പൊന്നുകൊണ്ടുള്ള പാത്രങ്ങൾ പലതരം
ഉന്നതവാരണവാജിപശുവൃഷ–
മെന്നിവ പൊന്നുകൊണ്ടുള്ളതനവധി
മൂലഫലങ്ങൾപോലെ ചമച്ചുള്ളതും
മാലകളാദിയാമാഭരണങ്ങളും
അംഗുലീയങ്ങൾ കണ്ടാലുമോരോന്നിവ–
യംഗങ്ങളൊടെ കിഴിക്കാം നമുക്കെല്ലാം.
പണ്ടുള്ള ദേഹങ്ങളെത്ര വലുതിവ
കണ്ടാലും നാം കൃമികൾക്കു സമമല്ലൊ”

ഇത്യാദി വാക്യങ്ങളാൽ വർണ്ണിച്ചിരിക്കുന്നതു നോക്കുക. അത്ഭുത കരുണഭക്തിഭയാനകങ്ങളുടെ സങ്കരത്തിനുദാഹരണമാണു്,

“അടിയനേതുമൊന്നറിഞ്ഞീലാ പോററി
ഉടമയോടെന്നെപ്പരിപാലിക്കണം.
മുനിവരന്മാർമാനസത്തിലും ഗോപ–
വനിതമാർമുലത്തടത്തിലും പത്മാ–
കരത്തിലും നല്ല ബലിശിരസ്സിലും
പുരരിപുദേവഹൃദയത്തിങ്കലും
വിധികരതലങ്ങളിലും ഗൌതമ–
ഹൃദയനായികാദൃഷദുപുസ്സിലും
വിളങ്ങീടും തവ പദസരോരുഹ–
തലത്തിങ്കൽ മമ ശരമേല്പിച്ചുതി–
ന്നൊരു തിരുവുള്ളം കലർന്നതെന്തയ്യോ!
മുരഹര! നാരായണ! നരകാരേ!
ചരണതാരിണ ശരണം ദൈവമേ!
കരുണാവാരിധേ! ശരണം ദൈവമേ!
തിരുമെയ് കണ്ടുള്ളിലിവനാനന്ദവും
ശരമേല്പിച്ചതു നിനച്ചു ഭീതിയും
കനിവു കണ്ടൊരത്ഭുതവും കൈക്കൊണ്ടു
വണങ്ങിനാൻ തെരുതെരെക്കിരാതനും”

ഇത്യാദി മൌസലപർവ്വഭാഗം.

ശൃംഗാരരസവർണ്ണനം എഴുത്തച്ഛൻ പല രൂപത്തിൽ ചെയ്തു കാണുന്നു. മനോഹരമായ പ്രേമമാസ്പദമാക്കിയുള്ള പരസ്പരാകർഷണം സുഭദ്രാഹരണത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അവിടെ അനുരാഗവതിയായ സുഭദ്ര തന്റേടം വിടാതെ പ്രേമഭാജനമായ അർജ്ജുനനോടു ചെയ്യുന്ന സംഭാഷണം വായിച്ചാൽ കവിയുടെ സ്വതസ്സിദ്ധമായ അചാഞ്ചല്യം സൃഷ്ടിയായ ആ കുലീനയുവതിയിലും സംക്രമിച്ചിട്ടുള്ളതായി തോന്നാതിരിക്കയില്ല. നേരേ മറിച്ചു ചെറുശ്ശേരിയുടെ സുഭദ്രാർജ്ജുനന്മാർ അനുരാഗാവേശത്തിൽ മിരണ്ടുപോയതായിക്കാണാം. പഴുതിനുപകരം വധു പഴത്തൊലി വിളമ്പിയതും വരൻ തൊലിയെല്ലാം പഴത്തേക്കാൾ മധുരമായി ആസ്വദിച്ചതും മറവുമാണു് നമ്പൂരിയുടെ ഫലിതരീതി. എഴുത്തച്ഛന്റെ പന്ഥാവു നോക്കുക:

".....ദൃഷ്ടിയും കവാടംകൊ–
ണ്ടൊട്ടൊട്ട മറച്ചിട്ട നിന്നവം വിചാരിച്ചാൽ.
ചെറുതു പറയുമ്പോളറിയാമല്ലോ പക്ഷേ
വെറുതേ ചില ചോദ്യം ചെയ്തിതെന്നതേ വരൂ.
ഭഗവൻ! പ്രസീദ മേ ഭഗവൻ! പ്രസീദ മേ
സുകൃതമല്ലോ മമ ഭവൽസംഗമമിപ്പോൾ.
ശൈശവംകൊണ്ടു ചില കൌതുകമുണ്ടാകയാൽ
വൈശിഷ്ട്യമേറും ഭവാനോടു ഞാൻ ചോദിക്കുന്നു" ഇത്യാദി.

ശൈശവമോ? ദൃഷ്ടിയും മറവും ഒട്ടൊട്ടു വാതിൽകൊണ്ടു മറച്ചുനിന്നു ചോദിക്കുവാൻ പ്രേരിപ്പിച്ചതു ശൈശവമോ അതിന്മേലുള്ള വയോദശയോ? അനുരാഗത്തിന്റെ അനിയന്ത്രണീയമായ പുരോഗതിക്കു് ഏതുപായവും സാധുതന്നെ എന്നു വിചാരിച്ചു നിർദ്ദോഷമായ കൈതവത്തെ സാക്ഷാൽ വേദാന്തവിത്തായ എഴുത്തച്ഛൻപോലും കവിതാവിതാനമണ്ഡലത്തിൽ അനുഗ്രഹിക്കേണ്ടിവന്നു. സച്ചുമായ അനുരാഗമൂർച്ചു അത്രമാത്രം ധന്യമെന്നു് അദ്ദേഹം ഇതുകൊണ്ടു ലക്ഷീകരിക്കുന്നു.

ഇനി മറെറാരു ഘട്ടം നോക്കാം. അതായതു് സീതാസ്വയംവരം:

"സ്വർണ്ണമാലയും ധരിച്ചാദരാൽ മന്ദം മന്ദം
അണ്ണേജനേത്രൻമുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോല്പലമാലയുമിട്ടാൾ പിന്നെ
പിന്നാലേ വരണാത്ഥമാലയുമിട്ടീടിനാൾ."

'ഇതി സീതാശൃംഗാരവർണ്ണനാ; ശുഭമസ്തു' എന്നു പറയേണ്ടവിധത്തിൽ അതവിടെ സമാപ്തമാകുന്നു. ഇവിടെ കുലജാതയായ സീതയിൽ അതിൽ കൂടുതലായി ശൃംഗാരചന്ദ്രിക പ്രകാശിക്കുന്നതു് അനുചിതമാണെന്നുവച്ചു്, കവി രസപ്രസരം നിയന്ത്രിച്ചതുപോലെ തോന്നുന്നു.

സീതാപഹരണശേഷം എത്രയോ കവികൾ വിപ്രലംഭശൃംഗാരവർണ്ണനാഭ്രമത്തിൽ ശ്രീരാമന്റെ ധീരോദാത്തതാധ്വംസകമായി എന്തെല്ലാം അവലക്ഷണച്ഛായകൾ ആ മഹാപുരുഷനിൽ കലർത്തിയിട്ടുണ്ടെന്നുള്ളതിനു കണക്കില്ല. മനോക്ഷയം ഛൂരികപോലെ തറച്ചിരിക്കുമ്പോൾ വിപ്രലംഭശൃംഗാരത്തിനു് അവകാശമെവിടെയെന്ന ഔചിത്യചിന്ത അല്പട്ടർക്കു കാണാത്തതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. ഇരുപത്തുനാലുവൃത്തകാരൻ അത്തരക്കാരിലൊരുത്തനാണു്. എഴുത്തച്ഛനു് അങ്ങനെ ഒരു ഭ്രമം ഉണ്ടാകാതെപോയതു സവിശേഷം * സന്തോഷ്ടവ്യമാകുന്നു. മനഃക്ഷോഭകരമായ വസന്തകാലത്തു് ശൃംഗിമുകത്തിന്റെ ശീതളപാശ്വദേശത്തു്,

"സീതാവിരഹം പൊറാഞ്ഞു തിരകയും
ചൂതായുധാർത്തി മുഴുത്തു പരകയും"

എന്നിടത്തു ശശാങ്കലേഖപോലെ ഒരു സൂചനയുള്ളതല്ലാതെ വികടമായ ഒരു പ്രയത്നവും എഴുത്തച്ഛൻ ചെയ്തുകാണുന്നില്ല. ആ സൂചനപോലും പരിഹരിക്കപ്പെട്ടിരുന്നു എങ്കിൽ ഔചിത്യം കുറേക്കൂടി ശോഭിക്കുമായിരുന്നു എന്നു തോന്നുന്നു. ഗ്രാമ്യധർമ്മചോദനകളെ വിഡംബനാത്മകത്തിൽ അദ്ദേഹം പലടത്തും വർണ്ണി

---

* സന്തോഷ്ടവ്യം = സന്തോഷിക്കത്തക്കതു്.

ക്കുന്നുണ്ട്. കചദേവയാനീയം, കീചകപാഞ്ചാലീയം മുതലായവ അങ്ങനെയുള്ള ഘട്ടങ്ങളാണ്. ഗൃഹസ്ഥാശ്രമവും ദാമ്പത്യധർമ്മവും ആദരിക്കേണ്ടതാണെന്നുള്ളതിനു ശകുന്തളാവാക്യത്തിൽ ഭാര്യാബന്ധത്തിന്റെ മാഹാത്മ്യം പ്രതിപാദിക്കുന്ന മൂലശ്ലോകങ്ങളും വിടാതെ തർജ്ജിമചെയ്തുകാണുന്നു. അങ്ങനെയല്ലാതെയുള്ള ഭേദപ്രധർമ്മാഭിലാഷം അതിശ്രേഷ്ഠരായ മഹർഷിമാരിലായാലും അസമ്മതമാണെന്നുള്ളതിനുള്ള ദൃഢനിശ്ചയത്തോടുകൂടിയാണ് ഈ ഗ്രന്ഥകർത്താവു തുടങ്ങിയിരിക്കുന്നതു്. അതുകൊണ്ടു വേദവ്യാസോൽപത്തിഭാഗത്തു്,

> "എന്തിനു പറയുന്നു വെറുതേ ബഹുവിധം
> ബന്ധമോക്ഷങ്ങളുടെ ഭേദംകണ്ടൊരു മുനി
> നല്ലൊരു തീർത്ഥഭൂതയാകിയ യമുനയിൽ
> എല്ലാരും കുളിച്ചുടുത്തു സന്ധ്യയേ വന്ദിക്കുമ്പോൾ
> മത്സ്യഗന്ധിനിയായ കൈവർത്തകന്യകയെ"

ഇത്യാദി പ്രതിലോമരസമായിക്കഥ പറയാൻ പ്രാരബ്ധപ്പെട്ടുകയും സമാധാനമായി "ശങ്കിച്ചീലതുനേരമീശ്വരമതമല്ലോ" എന്നു വിചാരിച്ചടങ്ങുകയും ചെയ്തുകാണുന്നു. ഇവിടെ അപഥപ്രവർത്തകൻ അന്യഥാപൂജ്യനായ മഹർഷിയാണെന്നിരുന്നിട്ടും വിസമ്മതിയുടെ വ്യഞ്ജനയ്ക്കുവേണ്ടിയാകുന്നു സ്ഥലകാലങ്ങളേയും ഭ്രഷ്ടാഭ്രശകന്മാരെയും പ്രത്യേകം നിർദ്ദേശിച്ചു മർദ്ദനം പ്രയോഗിച്ചിരിക്കുന്നതു്.

ഭാഷാസാഹിത്യത്തിന്റെ സ്ഥാപനാചാര്യനായി ഗണിക്കേണ്ട എഴുത്തച്ഛനിൽ സന്മാർഗ്ഗനിഷ്ഠയ്ക്കു നിഷ്ഠുരമായ പ്രതിഷ്ഠ കാണുന്നതു് കേരളീയരുടെ ഭാഗ്യംതന്നെ. രസങ്ങളും വികാരങ്ങളിൽനിന്നു ജനിക്കുന്നുള്ളും വികാരങ്ങളും കവികളുടെ വ്യാപാരസാമഗ്രികളുമാകുന്നു. "പ്രതിപാദ്യവിഷയങ്ങളെ കവികൾ ആദർശലക്ഷ്യങ്ങളാക്കി പരിണമിപ്പിക്കുന്നു. അതു ചപലമായ അലങ്കാരകൌശലംകൊണ്ടല്ല; നേരേമറിച്ചു് നിർഭരമായ അവഗാഹനംകൊണ്ടാകുന്നു. തന്നിമിത്തം അസ്വസ്ഥമായ വികാരദശയിൽ

നിന്നു പ്രശാന്തമായ വിചാരദശയിലേയ്ക്കു നാം കടക്കുന്നു" എന്നു് "ബെനിഡെറോ ക്രോച്ചേ" (Benedatto Croce) എന്ന ഇറാലിയൻനിരൂപകൻ ഒരു ദിക്കിൽ പറഞ്ഞിട്ടുള്ളതായിട്ടോർക്കുന്നു. ഈ അഭിപ്രായം എഴുത്തച്ഛന്റെ കവിതകൾക്കു് എത്രയോ യോജിച്ചിരിക്കുന്നു.

പാണ്ഡിത്യഭാണ്ഡധാരികളും പുറപ്പെട്ടവിച്ചേക്കാവുന്ന ഒരാക്ഷേപം ഇവിടെ ഖണ്ഡിക്കേണ്ടിയിരിക്കുന്നു. മഹാഭാരതം, അദ്ധ്യാത്മരാമായണം, എന്ന രണ്ടു സംസ്കൃതഗ്രന്ഥങ്ങളെ ഒരുവിധം ഭാഷയിലേക്കു വിവർത്തനം ചെയ്തതിനു് ഇത്രയൊക്കെ എഴുത്തച്ഛനെ പ്രശംസിക്കുവാൻ വല്ല ന്യായവുമുണ്ടോ എന്നായിരിക്കണം മേൽപറഞ്ഞവരുടെ ചോദ്യം. മൂലഗ്രന്ഥങ്ങളും രണ്ടും ഇപ്പോഴും ആദ്യം പ്രാപ്യമായിരിക്കുന്ന സ്ഥിതിക്കു് പദാനുപദമായും വൃത്താനുവൃത്തമായും തർജ്ജിമകളും ഉണ്ടാക്കി എഴുത്തച്ഛന്റെ യശസ്സിനെ ഗ്രസിക്കാമോ എന്നു പരീക്ഷിക്കാവുന്നതാണു്. അങ്ങനെ ചില പരീക്ഷകളും കീഴ്ക്കടു നടക്കാതെയുമിരുന്നിട്ടില്ല. കുഞ്ഞിക്കുട്ടൻതമ്പുരാൻ അവർകളും മഹാഭാരതവും വള്ളത്തോളും നാരായണമേനോൻ അവർകളും ശ്ലഘ്യമായ അദ്ധ്യാത്മരാമായണത്തേക്കാളും മെച്ചമേറിയ വാല്മീകിരാമായണവും അപഭ്രംശങ്ങളൊന്നുമില്ലാതെ തർജ്ജിമചെയ്തു. തർജ്ജിമ എന്ന നിലയിൽ എഴുത്തച്ഛന്റെ കൃതികളിൽ പല ആക്ഷേപങ്ങളും ആരോപിക്കാവുന്നതാകുന്നു. അതിലും വിശേഷിച്ചു മഹാഭാരതത്തിലുള്ള എത്രയോ ഉപാഖ്യാനങ്ങളും അദ്ധ്യായങ്ങളും ഭഗവദ്ഗീതപോലും എഴുത്തച്ഛൻ ഉപേക്ഷിച്ചുകളഞ്ഞു എന്നൊക്കെയിരുന്നിട്ടും എഴുത്തച്ഛന്റെ കൃതികളുടെ പ്രചാരത്തെ സ്പർശിക്കുവാൻ പ്രാപ്തിയില്ലാതെ മറ്റു രണ്ടു തർജ്ജിമകളും സ്വയമേ പംക്തിക്കളായി നടപ്പില്ലാതെ കിടക്കുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാൻ അവർകളും നാരായണമേനോൻ അവർകളും അസമർത്ഥന്മാരാണെന്നു ഞാൻ സൂചിപ്പിക്കപോലും ചെയ്യുന്നില്ല. കാവ്യകലയിൽ എഴുത്തച്ഛന്റെ ഉൽക്കർഷം അധ്യക്ഷ്യമെന്നുമാത്രമേ ഇതുകൊണ്ടു വിചാരിക്കേണ്ടതുള്ളൂ. സ്വപ്രയ

ന്ധരചനയിൽ രണ്ടു മൂലകൃതികളെ ആലംബിച്ചു എന്നുള്ള സംഗതി എഴുത്തച്ഛന്റെ ഗ്രന്ഥങ്ങളുടെ ഗുണത്തെ ഒരുവിധത്തിലും തട്ടുന്നില്ല. പ്രാചീനയവനകവികളും അവരുടെ നാടകങ്ങൾക്കു് ഉപാദാനകാരണമായി സ്വീകരിച്ചതു് അവയ്ക്കുമുമ്പു പ്രചാരത്തിലിരുന്ന കഥകളെയായിരുന്നു. ഷേക്സ്പീയർ, കാളിദാസൻ, ഭവഭൂതി മുതൽപേരും പൂർവ്വപ്രബന്ധങ്ങളുമായി ബന്ധമറവരല്ല. അതുകൊണ്ടവരുടെ കൃതികളും ആസ്വാദ്യങ്ങളല്ലെന്നു വാദിക്കുവാൻ ഒരു ഗംഭീരനുമിതേവരെ ഉണ്ടായില്ല; അതുപോലെ എഴുത്തച്ഛന്റെ കാര്യത്തിലും.

കവിതാപഥത്തിൽ എഴുത്തച്ഛൻ അംഗീകരിച്ചുകാണുന്ന രീതി പല പൂർവകവികളിലും അനന്തരകവികളിലുംനിന്നു് ഭിന്നമാകുന്നു. വിവക്ഷിതത്തിന്റെ പ്രതീതിക്കു ഭാവനിബന്ധനമാണു് പ്രധാനം എന്നുള്ള പ്രസ്ഥാനം കാളിദാസപ്രഭൃതി മഹാകവികളും അല്ലാതെ വേണ്ടപോലെ ഗ്രഹിക്കയും പ്രയോഗത്തിൽ സാധിക്കയും ചെയ്തിട്ടുള്ളതായി കാണുന്നില്ല. എഴുത്തച്ഛനും ആ പന്ഥാവു തന്നെ ആശ്രയിച്ചു. മുൻപുദ്ധരിച്ചകൂട്ടത്തിൽ ജരിതയ്ക്കു സ്വശിശുക്കളുമായി വേർപെടേണ്ടിവന്ന സമയത്തുണ്ടായ ഭാവസ്വഭാവവർണ്ണനയും മറ്റും ഇതിനുദാഹരണങ്ങളാകുന്നു. അങ്ങനെയുള്ള ഭാവങ്ങളിൽനിന്നു് സഹൃദയന്മാർക്കു രസാസ്വാദനമുണ്ടാകുന്നു. ഭാവപ്രകാശനത്തിനു വാക്കുകളുടേയും വാക്യങ്ങളുടേയും ശക്തി തന്നെയാണു് എഴുത്തച്ഛന്റെ ഉപകരണം. അല്ലാതെ അലങ്കാരശബളതയല്ല.

"ഇടിവെട്ടിട്ടംവണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു"
"വാഴപ്പഴംതാനാശിപ്പാൻ തുടങ്ങുന്ന
ബാലക്കിടാങ്ങളെപ്പോലേ തുടങ്ങൊലാ"
"മുത്തു പഴുത്തു കൊഴിയും ചില ഫലം
ഓത്തിട്ട പൂവിൽ കൊഴിഞ്ഞുപോകും ചില"
"നീർപ്പോളപോലേ ശരീരങ്ങളങ്ങനെ
വായ്പ്പോട്ട കാണാം മറയുമുടനവ"

"അത്ഭുസമയമങ്ങടുത്തു ഭാരുകൻ
മൃതദേഹം നടന്നണയുന്നപോലെ"

"വിഷഭിഷങ്മന്ത്രനിരുദ്ധനായോരു
വിഷധരനെന്നകണക്കെ ഫല്ഗുനൻ"

"ജീർണ്ണവസ്ത്രം കളഞ്ഞമ്പോടു മാനുഷർ
പൂർണ്ണശോഭം നവവസ്ത്രം ധരിച്ചീടും
ജീർണ്ണദേഹം കളഞ്ഞവ്വണ്ണംദേഹികം
പൂർണ്ണശോഭം നവദേഹങ്ങൾ കൊള്ളുന്നു"

ഇങ്ങനെ പ്രസിദ്ധങ്ങളായ ചില അലങ്കാരവാക്യങ്ങൾ അവിടവിടെ കാണാനുണ്ടെന്നല്ലാതെ മനഃപൂർവ്വം അലങ്കാരം പ്രയോഗിക്കാതെ വിടുകയില്ലെന്നുള്ള മട്ടിൽ യാതൊരു പരാക്രമത്തിനും അദ്ദേഹം ഒരുമ്പെട്ടിട്ടില്ല.

അർത്ഥം നിറഞ്ഞു തുളുമ്പുന്ന പദങ്ങളും പദങ്ങളുടെ സന്നിവേശവിശേഷംകൊണ്ടു പരമാവധി അർത്ഥം സ്ഫുരിപ്പിക്കുന്ന വാക്യങ്ങളും പ്രായേണ വ്യാപ്തമായിക്കാണാം. എന്നാൽ ഒരുദിക്കിലും ലാഘവത്തിന്റെ ഛായപോലും ഉണ്ടായിരിക്കയുമില്ല. ഇങ്ങനെയുള്ള ഭാഷാപ്രവാഹത്തിൽ ചിലടത്തു ശബ്ദശക്തിസ്ഫുടികപട്ടംപോലെ പരിണമിച്ചു വിവിധരസരശ്മികളെ ചിതറുന്നതായും കാണാം.

(1) "രാജ്യത്തെ രക്ഷിപ്പതിനു മതിയവൻ,
രാജ്യമുപേക്ഷിപ്പതിനു ഞാനുമതി"

(2) "സ്നേഹമെന്നെക്കുറിച്ചേവമമ്മയ്ക്കു മൽ–
ദേഹമാത്രം ഭരിക്കെന്നു വിധിക്കയാൽ"

(3) "വീരസ്വർഗ്ഗത്തേപ്പാപിച്ചീടിനാൻ നരപതി
വീര്യത്തിൽ സ്വർഗ്ഗം പ്രാപിച്ചീടിനാൻ ഗന്ധവ്വനും"

(4) "ഓടിച്ചതാരെന്നുമോടിയതാരെന്നും
ഊടേ തിരഞ്ഞുപോതേടും തിരിഞ്ഞീല"

(5) "അറിവില്ലാതൊരു മകനെ ലാളിച്ചി–
ട്ടറിവുള്ളോരു നീ കരകൊന്നു വന്നു"

(6) "നീയെന്തിവണ്ണം തുടങ്ങുന്നിതെന്നൊടി–
ന്നയ്യോ! എനിക്കെൻറെയമ്മയേക്കാണണം"

ഇത്യാദികൾ സ്ഫടികാവസ്ഥയെ പ്രാപിച്ച വാക്യങ്ങളാകുന്നു.

മറവുള്ളവരുടെ ചാപല്യങ്ങളും അവതാളങ്ങളും എഴുത്തച്ഛൻറെ പരിഹാസത്തിനു് പാത്രീഭവിക്കാതിരുന്നിട്ടില്ല. എന്നാൽ അദ്ദേഹത്തിൻറെ പരിഹാസരസം വികടമോ ഉൽക്കടമോ ആകാതെ പ്രശാന്തവും പക്ഷേ നിശിതവുമായി ഫലിക്കുന്നതാകുന്നു. യുദ്ധത്തിൽ വിഷമിച്ചുവശായ ധർമ്മപുത്രരോടു കണ്ണൻ പറയുന്നതു നോക്കുക:—

"പ്രതയാഗാദികളനുഷ്ഠിച്ചുകൊണ്ടു
പിതൃപതിക്കേറ്റം പ്രിയനെന്നാകിലും
മൃതിവരുമെന്നോടടുത്തു പോർചെയ്താൽ
പടയ്ക്കു ഭാവിച്ച പുറപ്പെടായ്കെടോ.
പഠിച്ചുകൊള്ളുക പലവും ശാസ്ത്രങ്ങൾ
മിടുക്കുള്ളർജ്ജുനനനുണത്തിച്ചില്ലയോ?
ഇനി ഞാനെയ്തയില്ലതു പേടിക്കേണ്ടാ
എനിക്കു നിന്നെക്കൊന്നൊരു ഫലമില്ല.
പതുക്കെപ്പോയാലും ഭയപ്പെടായ്കയെ–
ന്നധിക്ഷേപിച്ചംഗനരപതി ചൊന്നാൻ."

ബ്രാഹ്മണവേഷധാരിയായിരുന്ന അർജ്ജുനൻ ലക്ഷ്യം ഭേദിച്ചു പാഞ്ചാലീപാണിഗ്രഹണത്തിനു പാത്രമായപ്പോൾ അസൂയാലുക്കളായ രാജാക്കന്മാർ യുദ്ധത്തിനു സന്നദ്ധരായി. അതു കണ്ടു സവ്യപക്ഷപാതത്തോടു ബ്രാഹ്മണരും പോരിന്നിറങ്ങി. ബ്രാഹ്മണരുടെ യുദ്ധോദ്യമം ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു:—

"നാമേതും കുറയരുതിതിനെന്നതുനേരം
ഭൂമിദേവേന്ദ്രന്മാരും പോരിനായൊരുമ്പെട്ടാർ.
ഛത്രത്തിൻ ദണ്ഡങ്ങളും പാടുകകളും പുന–
രുത്തരീയങ്ങളും കരകങ്ങളെന്നിവയുമായ്

ഹസ്തവുമയത്തിനിന്നുദ്യോഗം കണ്ടനേരം
മുഗ്ധഹാസവും പൂണ്ടു ഫൽഗുനനുരചെയ്താൻ."

പാഞ്ചാലീസ്വയംവരത്തിൽ വില്ലു കുലയ്ക്കുവാൻ യത്നിച്ച ജരാസന്ധനു സംഭവിച്ച സങ്കടങ്ങളും നോക്കുക.

"വമ്പനാം ജരാസന്ധൻ കോപ്പിട്ട ചെന്നു നേരേ
ഗംഭീരഭാവത്തോടു വില്ലതു കുലപ്പാനായ്.
എടുത്തു വളച്ചൊരു കുടകിൻമണിമാത്ര–
മടുത്തനേരം ദൂരെ മറിഞ്ഞു വീണീടിനാൻ.
എല്ലെല്ലാം നുറുങ്ങിത്തൻ മുഴുകാലതും പൊങ്ങി–
പ്പുല്ലെല്ലാമിളകി വന്നോരു ചോരയും തുപ്പി."

ആ ഘട്ടത്തിൽത്തന്നെ ദുര്യോധനനു വില്ലു കുലയ്ക്കാൻ വഹിയാതെവന്നതിൽ ബ്രാഹ്മണരുടെ ആക്ഷേപം:

"കല്പകം കനകവുമെന്തിനു ചമയ്ക്കുന്നി–
തല്പൽപൂണ്ടെല്ലു നുറുങ്ങീടുവാൻ സുയോധനൻ?
പോയിതു ജരാസന്ധൻ നാണവുംകെട്ടു, ദന്തം
പോയതു മഹാജനമാരുമേയറിയാപ്പാൻ."

ദീർഘതമസ്സെന്ന തപസ്വി, പ്രദ്വേഷി എന്ന ബ്രാഹ്മണിയെ വിവാഹം കഴിച്ചു. അവർക്കു ഗൌതമാദികളായ പുത്രന്മാരുണ്ടായി. കുടുംബഭാരം മുഴുവൻ ഭാര്യതന്നെ വഹിക്കണമെന്നായിരുന്നു ദീർഘതമസ്സിന്റെ വ്യവസ്ഥ. ഒടുവിൽ ഭാര്യയ്ക്കു് ആ ഭാരം വഹിക്കാൻ കൂടുകയില്ലെന്നു തർക്കമുണ്ടായി. രാജമന്ദിരങ്ങളിൽ ഭാര്യ യാചിച്ചു് കുടുംബം പുലർത്തണമെന്നു ഭർത്താവു ശഠിച്ചു. മനസ്സില്ലെന്നു ഭാര്യ കയർത്തു. ഭർത്തൃശുശ്രൂഷചെയ്യാത്ത ഭാര്യയെ ഭർത്താവു ശപിച്ചു. അതിനു ദക്ഷിണയായി ഭർത്താവിനെ ഗംഗയിൽക്കൊണ്ടു തള്ളിക്കളയുവാൻ ഭാര്യ പുത്രന്മാരോടാജ്ഞാപിച്ചു. അനന്തരം,

"ലോഭമോഹാദിപൂണ്ട ഗൌതമാദികളപ്പോൾ
താപസവരനായ താതനെ മടിയാതെ
ഗംഗയിലൊരു തോണിതന്മേൽ വെച്ചൊഴുക്കിനാ–
രംഗനാജനങ്ങൾകൂ തോന്നുമിത്തരം പണ്ടും."

ഇവിടെ അംഗനാജനങ്ങൾക്കു പണ്ടുമിത്തരമെല്ലാം തോന്നുമെന്നുള്ള പ്രസ്താവംകൊണ്ടു് സകലകാലവ്യാപിയായ സ്ത്രൈണകൃസ്മൃതി സംക്ഷിപ്തസാരസർവ്വസ്വമായിട്ടപഹസിക്കപ്പെട്ടിരിക്കുന്നു. ആക്ഷേപം എത്ര ശാന്തവും എന്നാൽ എത്ര മാർമ്മികവുമായിരിക്കുന്നു!

"അങ്ങോട്ടു ചെല്ലുവാനുമിങ്ങോട്ടു പോരുവാനു–
മിങ്ങനെയാരുമില്ല കണ്ണനെപ്പോലെയെടോ"

എന്നു ഭീഷ്മർ രണ്ടുവരിയിൽ കണ്ണന്റെ യുദ്ധപ്രചണ്ഡതയെ വർണ്ണിക്കുന്നു. പക്ഷേ, അതു ധാരാളം മതിയായി. തന്നിമിത്തം ഭീഷ്മർ പോരിൽ വീണതുവരെ കണ്ണൻ പോരിൽ പങ്കുകൊള്ളാതെ നിസ്സഹകരണം അനുഷ്ഠിക്കുകയാണു് ചെയ്തതു്.

"വൈചിത്രവീര്യ്യ നൃപ! കേൾക്കണമിവയെല്ലാം
വൈശദ്യം മനസ്സിങ്കലുണ്ടല്ലോ ഭവാനേറ്റം.
വൈദുഷ്യം ഭവാനെക്കാളേറെയുണ്ടായിട്ടല്ല,
വൈശദ്യം വാക്കിനേറ്റമുണ്ടെങ്കിലതുമല്ല,
സ്നേഹമുണ്ടതുകൊണ്ടു കേൾക്കും ഞാൻ ചൊന്നാലെന്ന
മോഹമുണ്ടെനിക്കതുകൊണ്ടു ഞാൻ പറയുന്നു"

എന്നു വിദുരർ ധൃതരാഷ്ട്രരോടു പറയുന്ന വാക്യം എത്രമാത്രം അത്മഭാവപൂർണ്ണമായിരിക്കുന്നു എന്നു നോക്കുക. ഇനിയും വാക്യപ്രയോഗചാതുരിയെ വിശദീകരിക്കുവാൻ ഉദാഹരണങ്ങളും ഉദ്ധരിക്കയെന്നുവെച്ചാൽ ഭാരതവും രാമായണവും മിക്കവാറുമിവിടെ പകർത്തേണ്ടിവരും. ഇങ്ങനെയുള്ള ശൈലീരസം ബ്രഹ്മാണ്ഡപുരാണത്തിലുമുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. കാർത്തവീര്യാർജ്ജുനൻ നർമ്മദാപ്രവാഹത്തെ തടഞ്ഞതുനിമിത്തം വെള്ളത്തിൽ മുഴുകിയ രാവണൻ കാർത്തവീര്യാർജ്ജുനൻ വന്നു കീഴടങ്ങിക്കൊള്ളണമെന്നു ചിത്രയോധിമുഖേന പറഞ്ഞയയ്ക്കുന്നതും അതിനു കാർത്തവീര്യാർജ്ജുനൻ ക്ലേശലില്ലാതെ പറയുന്ന മറുപടിയും നോക്കുക:–

"യുദ്ധംചെയ്യ പോയ് വീരസഭ്യം പ്രാപിച്ചുകൊൾക
നിർഭയനെങ്കിലിപ്പോൾ വൈകരുതൊന്നുകൊണ്ടും;

വന്നുകണ്ടില്ലെന്നാകിൽ വത്സരംതോറും കരം
തന്നുകൊള്ളുവനെന്നു സന്ധിച്ചു ചൊല്ലീടുക.
ദൂതവാക്യങ്ങളും കേട്ടു ഭൂപതി ചിരിച്ചുതി–
മോദേന ചിത്രയോധീതന്നോടു ചൊല്ലീടിനാൻ.
യുദ്ധത്തിന്നശക്തന്മാരായുള്ള പുരുഷന്മാ–
ക്കിത്തരമുപായങ്ങളെന്നി മറൊന്നുമില്ല.
എന്നോടു കരം വാങ്ങിജ്ജീവിപ്പാനവനിയി–
ലിന്നൊരു പുരുഷനെക്കണ്ടീലെന്നറിയണം.
യുദ്ധംചെയ്വതിനെന്നോടിന്നു രാവണനുള്ളിൽ
ശ്രദ്ധയുണ്ടെങ്കിലതുമെന്തിനെന്നരചെയ്യാം.
മൃത്യു വന്നീടുവാനോ ബദ്ധനായ് വരുവാനോ
സത്വരം രണ്ടാലൊന്നുണ്ടില്ല സന്ദിശ്യമേതും."

ഇവിടെ രാവണന്റെ ഔദ്ധത്യവും കാത്ത്വീര്യാർജ്ജുനന്റെ ധീരമായ പ്രശാന്തഗാംഭീര്യവും എത്ര വ്യക്തമായിരിക്കുന്നു! വാക്യങ്ങളിൽ പ്രയുക്തങ്ങളായ പദങ്ങൾകൂടി നിഘണ്ടുവിൽ നിന്ന് ശിച്ചിരിക്കുന്ന അർത്ഥത്തേക്കാൾ പ്രയോഗസന്ദർഭവിശേഷംകൊണ്ടു കൂടുതൽ വികാസമുള്ളതായിട്ടല്ലാതെ ശ്രവണേന്ദ്രിയം ധരിക്കയില്ല.

"മാകന്ദമകരന്ദവിന്ദുപാനവും ചെയ്തു
കൂകുന്ന പികകുലപഞ്ചമം കേട്ടുകേട്ടും"

എന്നു വായിച്ചുകേൾക്കുമ്പോൾ വസന്തകാലവിലാസം നാം സാക്ഷാൽ അനുഭവിക്കുന്നു എന്നല്ലാതെ തോന്നുകയില്ല. അതുപോലെ,

"എത്രയും ദുർഗ്ഗമാഗ്രം ദുർഗ്രാവാഗ്രാഗ്രാഗ്രാഹ്യം
പൃഥുവീശോത്തമ! മഹൽ! പൃഥുവീധ്രുശ്രംഗോദ്ദേശം
ഉത്തുംഗമുത്തമാംഗമുത്തരോത്തരഹിമ–
മുത്തുംഗസ്തനികളാം പത്നിമാരെത്തുചെയ്വൂ!"

എന്നിടത്തു് ഉന്നമിച്ചു നിൽക്കുന്ന പർവതത്തിന്റേയും അതിൽ സഞ്ചരിക്കുന്നതിനുള്ള ദുർഘടത്തിന്റേയും പ്രതീതി വ്യാഖ്യാനമില്ലാതെ തന്നെ ജനിപ്പിക്കുവാൻ ശബ്ദത്തിനു ശക്തിയുണ്ടു്. അതിനു വിപര്യസ്തമാണു് സ്തനഭാരനമ്രകളായ രാജസ്ത്രീകൾക്കു്

അവിടെ വേണ്ടിവരുന്ന സഞ്ചാരകായ്യം എന്തു ചെയ്‌വൂ! എന്നു ചോദ്യരൂപമായ വാക്യാവതാരം സഞ്ചരിക്കുന്ന കായ്യം പ്രയാസമാണെന്നു പറയുന്നതിൽ എത്രയോ അധികം പ്രസാരിയായ അർത്ഥം മുഴങ്ങുന്നതിനുപകരിക്കയും ചെയ്യുന്നു.

എഴുത്തച്ഛന്റെ ഭാഷ മലയാളവും സംസ്കൃതവും ഒരു പ്രത്യേകപാകത്തിൽ സംയോജിപ്പിച്ചിട്ടുള്ളതാണു്. സംസ്കൃത ശബ്ദങ്ങളും സംസ്കൃതപ്രത്യയങ്ങളും ചേർത്തും ചിലടത്തു വാക്യങ്ങളും മുഴുവൻ സംസ്കൃതമാക്കിയും അദ്ദേഹം പ്രയോഗിച്ചിട്ടുണ്ടു്. മലയാളഭാഷയിൽ സംസ്കൃതം പ്രവേശിപ്പിച്ച മഹാദ്രോഹം എഴുത്തച്ഛനിൽ ചില തമിഴ്പണ്ഡിതന്മാർ ആരോപിച്ചു കണ്ടിട്ടുണ്ടു്. ആ കുറ്റപത്രം അജ്ഞതകൊണ്ടു തയ്യാറാക്കിയിട്ടുള്ളതാണു്. എഴുത്തച്ഛന്റെ കാലത്തിനുമുമ്പുള്ള കവികളും മലയാളവാക്കുകളിൽ പോലും സംസ്കൃതപ്രത്യയം ചേർക്കുന്നതിനു മടിക്കാത്തവരായിരുന്നു. "മാടമ്പിനാമവിടെ വസതാം", "പാലവും പിന്നിടേഥാഃ" എന്നും മറ്റുമുള്ള ഉണ്ണുനീലിസന്ദേശപ്രയോഗങ്ങളും നോക്കുക. 600–700 ആണ്ടിടയ്ക്കു ജീവിച്ചിരുന്ന പൂനംനമ്പൂരി അദ്ദേഹത്തിന്റെ പ്രബന്ധങ്ങളിൽ സംസ്കൃതം ചകചകായിതമായി പ്രയോഗിച്ചു കാണുന്നു. എഴുത്തച്ഛൻ സംസ്കൃതപ്രയോഗത്തിൽ അങ്ങനെയുള്ളവരുടെ പടിയിൽനിന്നു് എത്രയോ താഴ്ന്നുനില്ക്കുന്നു. പൂനംനമ്പൂരിക്കുട്ടർ ഭദ്രമായി സംസ്കൃതവ്യാകരണനിയമങ്ങളെ അനുസരിച്ചുകാണുന്നു. "ആശ്രമാസന്നാ സ്ഥിതാ വാ" എന്ന ഉണ്ണുനീലിപ്രയോഗത്തെ ലീലാതിലകകാരൻ സമഭാവമില്ലായ്മയാൽ ആക്ഷേപിച്ചു് "ആശ്രമാസന്നതീത്യേവ യുക്ത"മെന്നു പറയുന്നു. സംസ്കൃതവ്യാകരണദുഷ്ട്യാ എഴുത്തച്ഛന്റെ പ്രയോഗങ്ങളിൽ പല സ്ഖലിതങ്ങളും കൃച്ഛ്രസാധ്യങ്ങളായ പ്രയോഗങ്ങളുമുണ്ടെന്നു സമ്മതിക്കാതെ തരമില്ല. "ചിന്മയേ! ജഗന്മയേ! സന്മയേ! മായാമയേ!" എന്നിടത്തു് പ്രത്യയം മയട്ടാകയാൽ "ടിത്തും" തന്നിമിത്തം "ടിഡ്ഢാണി"ത്യാദി സൂത്രപ്രകാരം സ്ത്രീലിംഗപ്രത്യയമായി "ങിപ്പും" വരേണ്ടതും അപ്പോൾ "ചിന്മയി ജഗന്മയി

സന്തയി മായാമയി" എന്നു വേണ്ടതുമാകുന്നു. പക്ഷേ മുൻപു സീതോപനിഷത്തിൽ നിന്നുദ്ധരിച്ച ശ്ലോകത്തിൽ "മായാമയാ" എന്നു ങിബന്തമല്ലാതെ ആർഷപ്രയോഗമുണ്ടെന്നു നിങ്ങൾ കണ്ടിരിക്കുമല്ലൊ. മനോഹരശബ്ദത്തിന്റെ സ്ത്രീലിംഗരൂപം എഴുത്തച്ഛൻ മനോഹരാ എന്നും മനോഹരി എന്നും പ്രയോഗിച്ചുകാണുന്നു. അദ്ധ്യാത്മരാമായണം, ഭാരതം, ബ്രഹ്മാണ്ഡപുരാണം, ഇതിലൊക്കെയും ഈ രൂപദ്വൈവിധ്യം കാണുമാനുണ്ട്. ഹരിക്ക എന്ന ധാതുവിനു് ഉപപദസമാസാന്തത്തിൽ അനുദാത്തനാത്ഥത്തിൽ 'അച്' പ്രത്യയം വിധിച്ചിരിക്കുന്ന സ്ഥിതിയ്ക്കു ന്യായമായി സിദ്ധിക്കേണ്ട രൂപം 'മനോഹരാ' എന്നുതന്നെയാകുന്നു. "മനോഹരാ വൈശ്രവണസ്യ പാളീ" എന്ന ജഗന്നാഥപണ്ഡിതപ്രയോഗവും കാണുക. എങ്കിലും പൂർവ്വഭാഷാകവിയായ കണ്ണശ്ശപ്പണിക്കർ മനോഹരാ എന്നും മനോഹരി എന്നും പ്രയോഗിച്ചുകാണുന്നു. ഒരുപക്ഷേ കണ്ണശ്ശനല്ലയോ എഴുത്തച്ഛനേ ഈ വിഷയത്തിൽ ഭ്രമിപ്പിച്ചിട്ടുള്ളതെന്നും സംശയിക്കത്തക്കതാകുന്നു. അഥവാ "ഗോപോഷ്ടക്" എന്ന പൂർവസൂത്രത്തെ യോഗവിഭാഗംചെയ്തു സമാധാനം ഉണ്ടാക്കാമെന്നും പറയാവുന്നതാകുന്നു. സഖിശബ്ദത്തിനു സമാസാന്തത്തിൽ ടച് പ്രത്യയം നിത്യമാണ്. ആ നിയമത്തേയും എഴുത്തച്ഛൻ പലടത്തും ഉല്ലംഘിച്ചുകാണുന്നു. ഇതെല്ലാം ഗ്രന്ഥമെഴുത്തുകാരുടേയും അച്ചടിക്കാരുടേയും പ്രസാധകന്മാരുടേയും പിശകുകളാണെന്നു പറയുന്നവരുമില്ലാതില്ല. കുറെ ഒക്കെ അങ്ങനേയും പറഞ്ഞിരിക്കാം. പക്ഷേ എല്ലാം അങ്ങനെയാണ് സംഭവിച്ചതെന്നു തോന്നുന്നില്ല. "ഹാസ്തിനമെന്നതന്നേ ശാസ്ത്രികൾ ചൊല്ലീടുന്നു" എന്നു് എഴുത്തച്ഛൻ പറയുന്നതിൽനിന്നു് അദ്ദേഹത്തിനു വ്യാകരണശാസ്ത്രത്തിൽ സ്ഥിരനിഷ്ഠയില്ലെന്നു വിചാരിക്കയോ, അഥവാ മലയാളഭാഷയിൽ പ്രയോഗിക്കുമ്പോൾ സംസ്കൃതവ്യാകരണനിയമങ്ങൾ ലംഘ്യങ്ങളാണെന്നുള്ള ബോധമോ ആയിരിക്കണം, പ്രഥമദൃഷ്ടിക്കു ഭ്രംശങ്ങളായ പ്രസ്തുത പ്രയോഗങ്ങൾക്കു ഹേതു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

അഥവാ, 'മയട്" പ്രത്യയത്തെത്തന്നെ എഴുത്തച്ഛൻ മലയാളത്തിലേക്കു ഭത്തെടുത്തതുപോലെ ഗണിച്ചിരിക്കയാണെന്നും വിചാരിക്കാവുന്നതാകുന്നു. "വിസ്മയമയസ്മയമായ മാരുതിരൂപം" എന്ന പ്രയോഗത്തിൽ "അയസ്" എന്നും "മയം" എന്നുമുള്ളതു രണ്ടും മലയാളമായി ഗണിച്ചിരുന്നില്ലെങ്കിൽ 'അയോമയം' എന്നു വേണ്ടതായിരുന്നു. ഇതിനൊക്കെപ്പുറമെ "ആഗമശാസ്ത്രമനിത്യ" മെന്നും,

"യാന്യു ജ്ജഹാര മാഹേശാൽ വ്യാസോ വ്യാകരണാണ്ണവാൽ
താനി കിം പദരത്നാനി ഭാന്തി പാണിനിഗോഷ്പദേ"

എന്നും വിചാരിച്ചു സമാധാനപ്പെടാവുന്നതാകുന്നു. സംസ്കൃത പദപ്രയോഗമധികരിച്ച് പ്രമാദമെന്ന് എന്തെല്ലാം വിപ്രവാദം ഉണ്ടായാലും ഭാഷാപദപ്രയോഗവിഷയത്തിൽ എഴുത്തച്ഛനെ അതിഗമിക്കുന്ന ഒരു കവി ഇതേവരെ ഭാഷയിലുണ്ടായിട്ടില്ലെന്നുള്ളതു നിർവിവാദമാകുന്നു.

എഴുത്തച്ഛന്റെ പ്രധാന കൃതികളും കിളിപ്പാട്ടുകളാണ്. അതായതു്, കിളി പറയുന്നതായിട്ടാണ് അവയുടെ രചന. തമിഴിൽ പഞ്ചചാമരക്കണ്ണി, പരാപരക്കണ്ണി, ഇവരുടെ കൃതികളും കിളി പറയുന്നതായിട്ടുപക്രമിക്കുന്നതനുസരിച്ച് എഴുത്തച്ഛനും ആ രീതി അംഗീകരിച്ചതാണെന്നു ചിലർ പറയുന്നു. അതിനെ വിസംവദിക്കുന്നവരുമുണ്ട്. കഥാകഥനസുഭഗതയ്ക്കുവേണ്ടി ശാരികയെ പ്രവേശിപ്പിച്ചതായിരിക്കാം. തമിഴ് ഗ്രന്ഥകാരന്മാരുടെ മാതൃകയറിയാതെയാണ് സംസ്കൃതത്തിൽ ബാണഭട്ടൻ കാദംബരീകഥ ശുകത്തിനെക്കൊണ്ടു പറയിച്ചിരിക്കുന്നതെന്നുള്ളതിനു തക്കമില്ലല്ലൊ.

എഴുത്തച്ഛന്റെ വൃത്തങ്ങളും ദ്രാവിഡവൃത്തങ്ങളുംതന്നെ. അദ്ദേഹത്തിനാൽ ഉപജ്ഞാതമായ പ്രസ്തുതവൃത്തങ്ങളും ഭാഷയ്ക്ക് അമൂല്യ സമ്പത്തുകളാണ്. ഈ വൃത്തങ്ങളും സംസ്കൃത വൃത്തങ്ങളെ അപേക്ഷിച്ച് ശിഥിലബന്ധങ്ങളും തന്നിമിത്തം പ്രയോഗസൗകര്യകരങ്ങളുമാണ്. ഇതുകൊണ്ട് അവ നിയമ

രഹിതങ്ങളെന്നു തെറ്റിദ്ധരിക്കരുതു്. അവയുടെ സൂക്ഷ്മവതപം സുശിക്ഷിതതപംകൊണ്ടല്ലാതെ സാദ്ധ്യമല്ല. "ആലിസ് മെയ്നെൽ" (Alice Meynell) എന്ന കവയിത്രി ഇംഗ്ലീഷ് വൃത്തങ്ങളെപ്പറ്റി പറയുന്നതുപോലെ, മൂലിതമായ ഒരു സ്വാതന്ത്ര്യം എഴുത്തച്ഛന്റെ കൈയിൽ അവയ്ക്കു കാണുന്നു. എങ്ങനെയെന്നാൽ പുഷ്പങ്ങളും ഞെട്ടിനോടു കെട്ടപെട്ടവയെങ്കിലും കാറ്റത്തു വിളയാടുന്നതുപോലെ ആകുന്നു. സ്വനിയമങ്ങളെ പ്രസ്തുതവൃത്തങ്ങളും അനായാസമായിട്ടനുസരിക്കുന്നു. ക്ലിപ്തങ്ങളെങ്കിലും അവ ബദ്ധങ്ങളല്ല.

അലങ്കാരപ്രയോഗത്തിൽ എഴുത്തച്ഛൻ പ്രായേണ ഉദാസീനനാണെന്നു ഞാൻ മുമ്പു പറഞ്ഞു. പക്ഷേ ഇതു് അശക്തികൊണ്ടല്ലെന്നു പറയേണ്ടിയിരിക്കുന്നു. ബാലകാണ്ഡത്തിൽ കൌസല്യാപ്രഭൃതികളുടെ ഗർഭം വർണ്ണിക്കുമ്പോൾ,

"ഗർഭചിഹ്നങ്ങളെല്ലാം വർദ്ധിച്ചുവരുന്തോറു-
മുൾപ്രേമം കൂടക്കൂടെ വർദ്ധിച്ചു നൃപേന്ദ്രനും
തൽപ്രണയിനിമാർക്കുള്ളാഭരണങ്ങളുംപോലെ
വിപ്രാദിജനങ്ങളുംക്കും ഭൂമിക്കും ദേവകളുംക്കും
അല്പമായ് ചമഞ്ഞിതു സന്താപം ദിനംതോറു-
മല്പഭാഷിണിമാർക്കും വർദ്ധിച്ചു തേജസ്സേറെറം"

എന്നും, ലങ്കാദഹനവർണ്ണനയിൽ,

"അനലശിഖകളുമനിലസുതഹൃദയവും തെളി-
ഞ്ഞാഹന്ത വിഷ്ണുപദം ഗമിച്ചു തദാ.
വിബുധപതിയൊടു നിശിചരാലയം വെന്തൊരു
വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ
അഹമഹമികാധിയാ പാവകജ്വാലക-
ളംബരത്തോളമുയർന്നുചെന്നു മുദാ"

എന്നും കാണുന്ന അലങ്കാരപ്രയോഗങ്ങളും മുൻപറഞ്ഞതിനെ സമർത്ഥിക്കുവാൻ മതിയാവും. അങ്ങനെ അത്ഥാലങ്കാരകാര്യം. ശബ്ദാലങ്കാരത്തിൽ എഴുത്തച്ഛൻ സാമാന്യം താല്പര്യമുള്ള കൂട്ടത്തി

ലാണ്. ദ്രാവിഡരീതിയെന്നുസരിച്ച് ദ്വിതീയാക്ഷരപ്രാസവും സംസ്കൃതസമ്പ്രദായമനുസരിച്ച് അനുപ്രാസവും അദ്ദേഹം ആദരിച്ചുകാണുന്നു. അത്ഥക്ലേശം നേരിടുന്ന വിധത്തിൽ പ്രാസത്തിനുവേണ്ടി അദ്ദേഹം ബുദ്ധിമുട്ടിയിട്ടില്ലെന്നായിട്ട് ഒരിടത്തും കാണുന്നതുമില്ല.

സമഷ്ടിയായി നോക്കുമ്പോൾ പ്രസ്തുതങ്ങളായ കിളിപ്പാട്ടുകൾ സാഹിത്യസരണിയിൽ മാതൃകകൾ അഥവാ പ്രമാണങ്ങളായി (classical) ഗണിക്കത്തക്കവയാണ്. പ്രമാണസ്ഥാനീയങ്ങളായ ഗ്രന്ഥങ്ങളുടെ ലക്ഷണങ്ങളെ നിരൂപിക്കുമ്പോൾ ഒരു സാഹിത്യനിരൂപകൻ "The note of the classics is centrality and sanity" എന്നു പറയുന്നു. അതായത് അത്തരം ഗ്രന്ഥങ്ങളുടെ ലക്ഷണം നാഭിസ്ഥാനീയതയും പ്രകൃതിസ്ഥതയും ആകുന്നു. സമ്മതമായ തോതുകളെ ലക്ഷ്യമാക്കാതെയുള്ള അത്യന്തീനതയും അനവസ്ഥിതിയും സാഹസവും മറപ്പുയോഗങ്ങളെ പ്രേരിപ്പിക്കാതിരിക്കയില്ല. കഥയുടേയും രസഭാവങ്ങളുടേയും സമ്മിശ്രണം, അഭിധയുടേയും അലങ്കാരത്തിന്റേയും ചേരുമാനം, ഭാഷയുടേയും സംസ്കൃതത്തിന്റേയും സംയോജനം, ഈ വിഷയങ്ങളിൽ എഴുത്തച്ഛൻ സ്ഥാപിച്ചിട്ടുള്ള സീമാസ്ഥാനങ്ങളും വിലക്ഷണങ്ങളെന്ന ആക്ഷേപത്തിനു പാത്രമാകാതെ അനതിക്രമണീയങ്ങളായി പരിലസിക്കുന്നു. അതുതന്നെ അവയുടെ മാതൃകാപദവിയെ വിശദീകരിക്കുന്നു. മുകളിലേയ്ക്കു പറന്നെത്തുന്ന ഉയരംകൊണ്ടു പല പക്ഷികളും നമ്മെ വിസ്മയിപ്പിക്കാറുണ്ടെങ്കിലും, മുഗ്ധഭാഗത്തു് ഒരേ ഉച്ചത്തിൽ വളരെനേരം ആലി ആലി നില്ക്കുന്ന പരുന്തു് സവിശേഷമായ വിസ്മയത്തെ ജനിപ്പിക്കുന്നതാണല്ലോ.

അതുപോലെ, മനോധർമ്മജൃംഭണത്തിൽ എഴുത്തച്ഛനെ താല്ക്കാലികമായി കടന്നുനിന്നിട്ടുള്ള കവികൾ ഉണ്ടെന്നിരിക്കിലും, അദ്ദേഹത്തേപ്പോലെ നൈരന്തര്യമായി ഉച്ചൈഃസ്ഥിതി അവലംബിക്കുവാൻ സാധിച്ചിട്ടുള്ള കവികൾ അധികമുണ്ടെന്നു പറയുവാനില്ല.

പൂവ്വകവിതാവലംബം കാവ്യഹാനികരമല്ലെന്നുള്ളതിനു് അന്യ ദേശസാഹിത്യചരിത്രവും ഉദാഹരിക്കാവുന്നതാണു്. വംഗദേശ സാഹിത്യംതന്നെ നോക്കുക. വംഗദേശത്തെ പ്രഥമകവി എന്നു വച്ചിരിക്കുന്നതു് ജയദേവനെയാണു്. അദ്ദേഹത്തിന്റെ കൃതിക ളെല്ലാം സംസ്കൃതത്തിലാണു്. അവിടെ പിന്നെയുണ്ടായ കവി വിദ്യാപതിയാണു്. ആ കവി സകൃതികളിൽ ഉപയോഗിച്ചതു് മൈഥിലിഭാഷയാണു്. അനന്തരം ഉണ്ടായ കവിയാണു് ചണ്ഡീദാസൻ. അദ്ദേഹം വംഗഭാഷയിൽത്തന്നെ പ്രബന്ധ ങ്ങളും രചിച്ചു. രാധാകൃഷ്ണന്മാരെ ആലംബിച്ചു് അദ്ദേഹമുണ്ടാ ക്കിയിട്ടുള്ള കവിതകളും ഇന്നും ബംഗാളികൾക്കു് ശ്ലാഘാപാത്രമാ കുന്നു. ചണ്ഡീദാസനാകട്ടേ വിദ്യാപതിയെ വളരെ ഉപജീവി ച്ചിട്ടുള്ള കൂട്ടത്തിലാണുതാനും. അതുകൊണ്ടു് അന്യാവലംബനം, അന്യഥായോഗ്യതയുള്ള ഒരു കൃതിയുടെ ഗുണോൽക്കർഷത്തെ നിര സിക്കുവാൻ ഒരു കാരണമല്ലെന്നു വീണ്ടും പറയുന്നതാകുന്നു.

ഒിങ്ങ്മാത്രമായി പല സംഗതികളും ഇങ്ങനെ പ്രതിപാദിത മായി. ഇനി ഈ പ്രസംഗമുപസംഹരിക്കേണ്ടിയിരിക്കുന്നു. ആകപ്പാടെ പറയുമ്പോൾ അസാധാരണമായ കഥാകഥനചാതു രിയോടുകൂടി രാമകഥയും ഭാരതകഥയും കേരളീയരുടെ ഇടയിൽ എഴുത്തച്ഛൻ പ്രതിഷ്ഠാപിച്ചു. അങ്ങനെ പ്രതിഷ്ഠനടത്തിയതു്, മൂല ഗ്രന്ഥകാരന്മാരാൽ സൂക്ഷ്മമായ മൂർത്തികളുടെ ശരിപ്പകപ്പല്ലെന്നു പറയേണ്ടിയിരിക്കുന്നു. എഴുത്തച്ഛന്റെ ശില്പവിജ്ഞാനമനുസ രിച്ചു ബിംബങ്ങളെ യഥാരുചി ഭേദപ്പെടുത്തി, വിസ്താരംകൊണ്ടു വിഷാദിക്കാതേയും സങ്കോചനംകൊണ്ടു സങ്കടപ്പെടാതേയും പണ്ഡിതപാമരന്മാക്കൊരുപോലെ ആരാധനീയമായ രീതിയി ലാണു് പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചതു്. ദ്രാവിഡവൃത്തങ്ങളേയും സംസ്കൃതസാഹിത്യത്തേയും അദ്ദേഹം സംഘടിപ്പിച്ചു. അതു പോലെ സംസ്കൃതഭാഷയേയും മലയാളഭാഷയേയും അദ്ദേഹം സംയോജിപ്പിച്ചു. ആ കാര്യത്തിൽ അദ്ദേഹത്തിന്റെ ബുദ്ധി ശക്തി പ്രദർശിപ്പിച്ച രസതന്ത്രപാടവത്തിന്റെ അക്ഷയവൈഭവ

ഫലമായി കേരളീയരുടെ സാഹിത്യഭാഷയുടെ സീമകളം എഴുത്തച്ഛനാൽ നിർദ്ദിഷ്ടമായ ലക്ഷ്യങ്ങളെക്കവിയാതെ അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നു. ഡാൻറി, മിൽടൺ, എന്ന കവീശ്വരന്മാരെപ്പോലെ സാഹിത്യമണ്ഡലത്തിലേയ്ക്ക് ഐഹികത്തേയും പാരത്രികത്തേയും അദ്ദേഹം ആവാഹിച്ചു. കിളിപ്പാട്ടകളം സംഗീതത്തിനു് അത്യന്തം വശംവദങ്ങളാകയാൽ സാഹിത്യസംഗീതസമ്മേളനത്തിനുള്ള സരണി അദ്ദേഹം സജ്ജീകരിച്ചു അബ്രാഹ്മണർക്ക് അഭിഗമ്യമല്ലെന്നുള്ള ഭാവനയാ ബന്ധിച്ചിരുന്ന കവാടങ്ങളെ അധ്യാത്മജ്ഞാനസമ്പാദനത്തിനു് അദ്ദേഹം തുറന്നു. മാതൃഭക്തി, പിതൃഭക്തി, ഗുരുഭക്തി, ഈശ്വരഭക്തി, സജ്ജനഭക്തി മുതലായി സദാചാരനിഷ്ഠയ്ക്ക് അചഞ്ചലസങ്കേതങ്ങളായ മഹനീയ സാഹിത്യാധിഷ്ഠാനഭൂമികളെ അദ്ദേഹം കേരളീയർക്കു സമ്പാദിച്ചുകൊടുത്തു.

ഇങ്ങനെ ബഹുധാ കേരളീയരുടെ ബഹുമാനത്തിനു പാത്രീഭൂതനായ ഒരു മഹാത്മാവിൻെറ കൃതികളെപ്പററി എത്രയോ വിസ്തരിച്ചു പറയേണ്ടതായ പല സംഗതികളുമുണ്ടാകുമെന്നുള്ളതിനു സംശയമില്ല. അതിലേയ്ക്കു നിങ്ങളെ ഉത്സുകീകരിക്കുന്നതിനു് ഈ ലഘുപ്രബന്ധം പര്യാപ്തമാകുമെങ്കിൽ ഞാൻ കൃതകൃത്യനായി. ഒന്നാമതായി, എഴുത്തച്ഛൻെറ കൃതികൾക്കു ശുദ്ധമായ പാഠങ്ങളം ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനു കേരളത്തിൽ പല സ്ഥലങ്ങളിൽനിന്നു ഗ്രന്ഥങ്ങളം ശേഖരിച്ചു താരതമ്യംചെയ്യണം, വിദ്വജ്ജനസമ്മതമനുസരിച്ചു സാധിഷ്ഠങ്ങളം എന്നു് നിശ്ചയിക്കുന്ന പാഠങ്ങളം സ്വീകരിച്ചു് പ്രസാധനം ചെയ്യേണ്ടതാകുന്നു. രണ്ടാമതു്, പ്രസ്തുത കൃതികളുടെ അർത്ഥഗ്രഹണത്തിനും സ്വാദുതാസ്വാദനത്തിനും വിദ്വാന്മാരും കാവ്യരസജ്ഞന്മാരുമായ മഹാന്മാരുടെ വ്യാഖ്യാനങ്ങളം ഉണ്ടാകേണ്ടിയിരിക്കുന്നു. അച്ചടിയിൽ അനക്ഷരങ്ങളും പുസ്തകാകൃതികൊണ്ടുദ്വേജനവും ഉണ്ടാകാത്തവിധത്തിൽ എഴുത്തച്ഛൻെറ കൃതികളം പ്രസിദ്ധീകരിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ പല കാര്യങ്ങളും അദ്ദേഹത്തിൻെറ പ്രബന്ധ

ങ്ങളം സംബന്ധിച്ചു നടത്തേണ്ടതു നമ്മുടെ കടമയാകുന്നു. അതിനുപുറമേ എഴുത്തച്ഛനെപ്പറ്റി പല അന്വേഷണങ്ങളും നടത്തി അദ്ദേഹത്തിന്റെ ജീവചരിത്രം പ്രകാശിപ്പിക്കേണ്ടതും നമ്മുടെ കൃതജ്ഞതാപ്രകാശനത്തിനു് അവശ്യം വേണ്ടതാകുന്നു. ഈ സൂചനകളം ചെയ്യുന്നതോടുകൂടി മിക്കവാറും അന്യത്ര ഒത്ത ദുഷ്ടിയായ ഞാൻ ചെയ്ത ഈ പ്രസംഗം കാര്യാന്തരക്ലിഷ്ടരായ നിങ്ങളംകൂടി കേട്ടിരിക്കുവാനുണ്ടായ ക്ഷമയെക്കുറിച്ചു് നന്ദിപറഞ്ഞുകൊണ്ടു് ഉപസംഹരിച്ചുകൊള്ളുന്നു.

3307

